കേരള പ്രസ് അക്കാദമി



# മാധ്യമകാഴ്ചകളിൽ മയങ്ങുന്നവർ

കെ.വി. സുധാകരൻ

# മാധ്യമകാഴ്ചകളിൽ മയങ്ങുന്നവർ

കെ വി സുധാകരൻ

കേരള പ്രസ് അക്കാദമി

Malayalam Title: **Madhyamakaazhakalil Mayangunnavar**

**By K.V. Sudhakaran**

© Kerala Press Academy.  Some rights reserved.

The e-book edition of this work is licensed by Kerala Press Academy under CC BY 4.0.  The work is to be attributed to K.V Sudhakaran

No part of this publication may be reproduced or transmitted, on paper or any non-electronic form, without the prior written permission of the copyright-owner.

K.V Sudhakaran asserts the moral right to be identified as the author of this work.

Published by
**Kerala Press Academy**
Kakkanadu, Kochi-30

Cover design : Saji Clarion

Published in May 2014

E-book edition not for sale.

# പ്രസാധകക്കുറിപ്പ്

കേരള പ്രസ് അക്കാദമി സംസ്ഥാന സർക്കാറിന്റെ സഹായത്തോടെ പത്രപ്രവർത്തകർക്കുവേണ്ടി ഏറ്റെടുത്ത മാധ്യമഗവേഷണ പദ്ധതിയുടെ ഫലമാണ്, പത്രപ്രവർത്തകനായ ശ്രീ കെ.വി.സുധാകരന്റെ മാധ്യമക്കാഴ്ചയിൽ മയങ്ങുന്നവർ എന്ന ഈ കൃതി.

കല്ലച്ചിൽ നിന്നുതുടങ്ങിയ മാധ്യമം നമ്മുടെ ജീവിതകാലത്ത് അത്ഭുതകരമായ സാങ്കേതികവിപ്ലവങ്ങളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. ആ മാറ്റങ്ങളും അത് മനുഷ്യമനസ്സിലും സാമൂഹ്യജീവിതത്തിലും ഉണ്ടാക്കുന്ന പ്രതിഫലനങ്ങളും ആണ് പഠനവിഷയം. മാധ്യമചരിത്രം, സാങ്കേതികവിദ്യയിലെ വികാസം എന്നിവ സംബന്ധിച്ച ആധികാരികമായ വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കാൻ ശ്രീ സുധാകരന് കഴിഞ്ഞിട്ടുണ്ട്. ടെലിവിഷനും ഇന്റർനെറ്റും പുതിയ തലമുറയുടെ മനസ്സിനെ എത്രത്തോളം മയക്കിയിട്ടുണ്ട് എന്നറിയാൻ നടത്തിയ സമഗ്രമായ സർവെയുടെ കണ്ടെത്തലുകൾ, പഠനത്തിന്റെ നിഗമനങ്ങൾ, പുതിയ മാധ്യമങ്ങളുടെ നന്മതിന്മകൾ പുതുതലമുറയെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവയും ഉൾക്കൊള്ളുന്നതാണ് ഈ കൃതി.

ഭാവിയിൽ മാധ്യമചരിത്രം പഠിക്കുന്നവർക്ക് വഴികാട്ടുന്ന ഒട്ടേറെ വസ്തുതകകളും നിരീക്ഷണങ്ങളും രേഖപ്പെടുത്തിയിട്ടുള്ള ഈ കൃതി, മാധ്യമപ്രവർത്തകരുടെയും മാധ്യമവിദ്യാർത്ഥികളുടെയും റഫറൻസിനായി ഇ ബുക്ക് ആയി പ്രസിദ്ധപ്പെടുത്തുന്നതിൽ സന്തോഷമുണ്ട്. ഇനിയുമേറെ ചർച്ചകൾക്ക് ഇത് വിഷയമാകും എന്ന് ആശിക്കുന്നു.

**എൻ.പി.രാജേന്ദ്രൻ**
ചെയർമാൻ, കേരള പ്രസ് അക്കാദമി

കൊച്ചി
1 ജൂലൈ 2014

# ഉള്ളടക്കം


1. കല്ലച്ചിൽനിന്ന് ഇന്റർനെറ്റിലേക്ക് 7

2. മലയാളത്തിന്റെ മാധ്യമമുന്നേറ്റം 13

3. മാധ്യമക്കാഴ്ചകളുടെ പരിസരം 27

4. ടെലിവിഷൻ: ചരിത്രവും വർത്തമാനവും 36

5. റിയാലിറ്റി ഷോകളിൽ അഭിരമിക്കുന്ന കൗമാരം 40

6. അന്യമാവുന്ന കൂട്ടായ്മകൾ 50

7. വഴിതെറ്റുന്ന വായന 52

8. ടെലിവിഷൻ ക്വിസ് എന്ന അസംബന്ധ നാടകം 57

9. ഇന്റർനെറ്റും പുതുതലമുറയും 60

10. മാധ്യമക്കാഴ്ചകളിൽ മയങ്ങുന്നവർ 69

# 1. കല്ലച്ചിൽനിന്ന് ഇന്റർനെറ്റിലേക്ക്

മാധ്യമങ്ങളുടെ മലവെള്ളപ്പാച്ചിലിൽ മുങ്ങിയും പൊങ്ങിയുമാണ് ഇന്ന് മനുഷ്യജീവിതം മുന്നേറുന്നത്. ലോകവ്യാപകമായിത്തന്നെ സാമൂഹ്യജീവിതത്തിന്റെ അഖിലാണ്ഡമണ്ഡലങ്ങളും നിയന്ത്രിക്കപ്പെടുന്നത് മാധ്യമരീതികളുടെ ആടിത്തിമിർക്കലുകളിലാണ്. ഗുട്ടൻബർഗിന്റെ അച്ചടയിൽ തുടങ്ങുന്ന മാധ്യമചരിത്രം ഇന്ന് ഇന്റർനെറ്റിന്റെ അനന്തസാധ്യതകൾ വരെ എത്തി നിൽക്കുന്നു. ഗുട്ടൻബർഗിൽ തുടങ്ങി ഇന്റർനെറ്റിൽ എത്തി നിൽക്കുന്ന അഞ്ചരനൂ റ്റാണ്ടിന്റെ ചരിത്രം മാധ്യമങ്ങൾ സാമൂഹ്യജീവിതം ചിട്ടപ്പെടുത്തുകയും പുതുക്കിപ്പണിയുകയും ചെയ്തതിന്റെ ചിത്രമാണ് സമ്മാനിക്കുന്നത്. കേവലം സംഭവവിവരണങ്ങൾ ഒരു വലിയ വിഭാഗം ജനങ്ങളിലേക്ക് കൈമാറാൻ ലക്ഷ്യമിട്ട് ആരംഭിച്ച ആദ്യകാല മാധ്യമപ്രവർത്തനം ഇന്ന് അത്യത്ഭുതകരമായ രൂപവും ഭാവവും കൈവരിച്ചിരിക്കുന്നു.

അച്ചടി വിദ്യ തന്നെ ഏറ്റവും പ്രാകൃതമായ കാലഘട്ടത്തിൽ (15, 16, 17 നൂറ്റാണ്ടുകളിൽ) ലക്ഷണമൊത്ത ഒരു പത്രത്തെപ്പറ്റി സങ്കൽപ്പിക്കാൻ കഴിയുമായിരുന്നില്ല. അച്ചടി കണ്ടുപിടിച്ച ജൊഹാനസ് ഗുട്ടൻബർഗ് തന്നെ ആദ്യം അച്ചടിച്ചത് ബൈബിളായിരുന്നല്ലോ. സ്വാഭാവികമായും മതചിന്തകളും മതപ്രബോധനങ്ങളും അരങ്ങുവാണിരുന്ന ആ കാലത്ത് അവയുടെ പ്രചാരണത്തിന് കൂടുതൽ സാധ്യതകൾ കണ്ടെത്താനായിരുന്നു അച്ചടി ഉപയോഗപ്പെടുത്തിയിരുന്നത്. ചെറിയ ലഘുലേഖകളും ചെറിയ പുസ്തകങ്ങളുമൊക്കെ അച്ചടിവിദ്യയുടെ സാങ്കേതികത്വം പ്രയോജനപ്പെടുത്തി പ്രചരിച്ചു തുടങ്ങുകയും ചെയ്തു. എങ്കിൽപ്പോലും ഇന്നു നാം കാണുന്ന രൂപത്തിലുള്ള മാധ്യമരീതി ആവിഷ്കരിക്കപ്പെട്ടിരുന്നില്ല. ജർമനിയിൽ ആരംഭിച്ച് ഇംഗ്ലണ്ടിലേക്കും അവിടെനിന്ന് ഫ്രാൻസിലേക്കും സ്വിറ്റ്സർലന്റിലേക്കും പിന്നീട് പാശ്ചാത്യ -പൗരസ്ത്യ ദേശങ്ങളിലേക്കും വ്യാപിച്ച അച്ചടിവിദ്യ കേവലമായ ആശയവിനിമയത്തിനും പ്രബോധനത്തിനും മാത്രമാണ് ഉപയോഗിക്കപ്പെട്ടത്. അച്ചടി വിദ്യയുടെ മികവ് പ്രയോജനപ്പെടുത്തി വർത്തമാ

നപ്പത്രങ്ങൾ ആവിർഭവിച്ചതോടെ വാർത്തകളിലൂടെ ആശയവിനിമയത്തിന്റെ പുതിയ സാധ്യതകളിലേക്ക് സമൂഹം എത്തപ്പെട്ടു. ഈ ആശയവിനിമയം പലപ്പോഴും അധികാരിവർഗത്തിന്റെ ശാസനങ്ങൾക്കെതിരായ കലാപത്തിന്റെ അംശങ്ങൾ പ്രകടിപ്പിക്കാൻ ഉപയോഗിക്കപ്പെട്ടത് പത്രങ്ങളുടെ ആദ്യകാല ചരിത്രം തന്നെ രേഖപ്പെടുത്തുന്നുണ്ട്. തങ്ങൾക്കെതിരായി ഉയരുന്ന ശബ്ദങ്ങളെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ അധികാരികളുടെ ഭാഗത്തുനിന്നുണ്ടാവുക സ്വാഭാവികവുമാണ്.

1644ൽ ബ്രിട്ടീഷ് പാർലമെന്റ് വർത്തമാനപത്രങ്ങളുടെ വ്യാപനവും അതുവഴി നേരിടേണ്ടിവരുന്ന വിമർശനങ്ങളും നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ പത്രങ്ങൾക്ക് ലൈസൻസിങ് നിയമം കൊണ്ടുവന്നു. പത്രങ്ങളെ നിയന്ത്രിക്കാനുള്ള ഈ ശ്രമത്തിനെതിരെ അന്ന് ജോൺ മിൽട്ടന്റെ അദമ്യമായ അഭിലാഷങ്ങളിൽ നിന്നും പോരാട്ടവീറിൽ നിന്നും പിറവിയെടുത്തതാണ് അദ്ദേഹത്തിന്റെ പ്രശസ്ത കൃതി അരിയോപ്പജിറ്റിക്ക Give me the liberty to know, to utter and argue freely according to conscience, above all other liberties എന്നാണ് മിൽട്ടൻ പറഞ്ഞത്. മിൽട്ടൻ പത്രസ്വാതന്ത്ര്യത്തിനുവേണ്ടി ഇങ്ങനെ വാചാലമായി വാദിച്ചെങ്കിലും പിന്നെയും അരനൂറ്റാണ്ടു കഴിഞ്ഞ് 1695ലാണ് ഇംഗ്ലണ്ടിൽ പത്രങ്ങൾക്കുള്ള ലൈസൻസിങ് സമ്പ്രദായം അവസാനിപ്പിച്ചത്.

18ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബ്രിട്ടീഷുകാരാണ് ഇന്ത്യയിൽ വർത്തമാന പത്രങ്ങൾക്ക് തുടക്കം കുറിച്ചതെങ്കിലും (1780ൽ ജെയിംസ് അഗസ്റ്റസ് ഹിക്കി ആരംഭിച്ച ബംഗാൾ ഗസറ്റ്) ഇതിന്റെ ചുവടുപിടിച്ച് ആരംഭിച്ച ഇന്ത്യൻ പത്രങ്ങൾ പൊതുവിൽ വിദേശാധിപത്യത്തിനെതിരായി ജനങ്ങളെ അണിനിരത്താനുള്ള ചരിത്ര ദൗത്യമാണ് ഏറ്റെടുത്തത്. അമേരിക്കയിലെയും യൂറോപ്പിലെയും ജനസമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമായി മത–ജാതി–ഭാഷാ വൈവിധ്യങ്ങൾ കൊണ്ടും ആചാരാനുഷ്ഠാന വിശ്വാസങ്ങളിലെ വിസ്മയകരമായ വ്യതിരിക്തത കൊണ്ടും അത്യന്തം സങ്കീർണമായ സാമൂഹ്യസംവിധാനമാണ് ഇന്ത്യയിലേത്. ഇത്തരത്തിൽ വൈജാത്യങ്ങളുടെ അതിസങ്കീർണതയിൽ വിഘടിച്ചുനിന്നിരുന്ന ഇന്ത്യൻ ജനതയെ വിദേശാധിപത്യത്തിനെതിരായി ഒരേ ചരടിൽ കോർത്തിണക്കുകയെന്നതായിരുന്നു 20ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ ദേശീയ പ്രസ്ഥാനത്തിനും സ്വാതന്ത്ര്യപ്രസ്ഥാനത്തിനും ചെയ്യാനുണ്ടായിരുന്നത്. മുൻനിര പതാകാ

വാഹകരായ ഗാന്ധിജി അടക്കമുള്ളവർ ഈയൊരു ദൗത്യമാണ് ഏറ്റെടുത്തത്. അക്കാലത്ത് പത്രനടത്തിപ്പുകാരും പത്രാധിപന്മാരുമൊക്കെയായി രംഗത്തുവരുന്നവരെല്ലാം ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ മുൻനിര പോരാളികളുമായിരുന്നു. സ്വാഭാവികമായും രാഷ്ട്രീയപൊതുരംഗങ്ങളിൽ അവർ മുറുകെ പിടിച്ച ആശയങ്ങളും മുന്നോട്ടുവച്ച മുദ്രാവാക്യങ്ങളും അവർ പ്രസിദ്ധീകരിച്ചുവന്ന പത്രങ്ങളിലും സ്ഥാനം പിടിച്ചു. മഹാത്മാഗാന്ധിയും ബാലഗംഗാധര തിലകനും ഗോപാലകൃഷ്ണ ഗോഖലെയും അടക്കമുള്ള ദേശീയ നേതാക്കൾ ഇത്തരത്തിൽ രാഷ്ട്രീയദൗത്യത്തെ മാധ്യമ ദൗത്യവുമായി വിളക്കിച്ചേർത്തവരായിരുന്നു. 1905ലെ ബംഗാൾ വിഭജനകാലത്ത് തിലകൻ കേസരിയിലും മറാത്തയിലും എഴുതിയ ലേഖനങ്ങളിലൂടെ ബ്രിട്ടീഷ് ഭരണത്തിനെതിരായ വികാരം ജനങ്ങളിൽ ആളിക്കത്തിക്കാൻ ശ്രമിച്ചത് ചരിത്രത്തിന്റെ ഭാഗമാണ്. ഇതിന്റെ പേരിൽ തിലകൻ കുറ്റവിചാരണക്ക് വിധേയനാവുകയും ചെയ്തു. പത്രപ്രവർത്തനത്തിലൂടെ ബ്രിട്ടീഷ് ഭരണത്തിനെതിരായ വികാരം ആളിക്കത്തിക്കാൻ ശ്രമിച്ചുവെന്നതിന്റെ പേരിൽ വിചാരണ ചെയ്യപ്പെട്ട പത്രാധിപന്മാരാണ് അരവിന്ദ് ഘോഷ്(വന്ദേമാതരം), ബി ബി ഉപാധ്യായ(സൗദ്യ), ബി എൻ ദത്ത് (ജുഗാന്തർ), ലാലാ ലാജ്പത്റായ് തുടങ്ങിയവർ. പത്രങ്ങളിലൂടെയുള്ള വിമർശനത്തിൽ നിന്ന് രക്ഷപ്പെടാൻ ബ്രിട്ടീഷ് ഗവൺമെന്റ് 1907ൽ പൊതുയോഗങ്ങൾ നിയന്ത്രിക്കുന്നതിനും 1908ൽ പത്രങ്ങൾ നിയന്ത്രിക്കുന്നതിനും നിയമങ്ങൾ കൊണ്ടുവന്നു. അക്രമമോ കൊലപാതകമോ ഒക്കെ പ്രേരിപ്പിക്കുന്ന തരത്തിൽ വാർത്തകൾ കൊടുക്കുന്ന പത്രങ്ങൾ പിടിച്ചെടുക്കാൻ മജിസ്ട്രേറ്റിന് അധികാരം നൽകുന്നതായിരുന്നു ബ്രിട്ടീഷ് ഗവൺമെന്റിന്റെ 1908ലെ പത്രമാരണ നിയമം. ഇതിനുമുമ്പേ 1878ൽ സമാനലക്ഷ്യത്തോടെ കൊണ്ടുവന്ന വെർണാക്കുലർ പ്രസ് ആക്ടി ന് കാര്യമായ ആയുസ്സ് ഉണ്ടായിരുന്നില്ല. ബംഗാളി പത്രങ്ങളുടെ വളർച്ചയായിരുന്നു അന്ന് ബ്രിട്ടീഷ് ഗവർമെന്റിനെ ചൊടിപ്പിച്ചത്. ബ്രിട്ടീഷ് ഭരണത്തിനെതിരായ വികാരം പടർത്താൻ കഴിയുന്ന ആംഗലേയമല്ലാത്ത ഭാഷയിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങളെ നിലയ്ക്കു നിർത്തുകയായിരുന്നു ലക്ഷ്യം. 1870കളിൽ ഇത്തരത്തിലുള്ള പത്രങ്ങൾ ഒരു ലക്ഷത്തിലധികം പേർ വായിക്കുന്നുണ്ടെന്നും അതിലധികം ആളുകൾക്കിടയിൽ സ്വാധീനം ഉണ്ടെന്നുമായിരുന്നു ബ്രിട്ടീഷ് ഗവർമെന്റിന്റെ കണക്ക്. ഈ അപകടം ഒഴിവാക്കാനാണ് ഭാഷാ പത്രങ്ങൾക്ക് ബോണ്ട് ആവശ്യപ്പെടാൻ വെർണാക്കുലർ പ്രസ് ആക്ട് നിബന്ധന കൊണ്ടുവന്നത്. എന്നാൽ ഈ ആക്ട് കൊണ്ട് കാര്യമായ ഫലമില്ലെന്ന് മനസ്സിലാക്കി

യപ്പോഴാണ് ലേബർ പാർടി അധികാരത്തിലെത്തിയപ്പോൾ 1881ൽ ആക്ട് റദ്ദാക്കിയത്.

ഇത്തരത്തിലുള്ള പത്രങ്ങൾക്ക് തുടർന്ന് രജിസ്ട്രേഷൻ നൽകാതിരിക്കാനുള്ള നിബന്ധനകളും ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ ഫലമായി പല പത്രങ്ങളും പ്രസാധനം നിർത്തിവെയ്ക്കേണ്ട സ്ഥിതി വന്നു.

ഈ രണ്ടുനിയമങ്ങളുടെ തുടർച്ചയെന്നവണ്ണമാണ് 1910ൽ ഇന്ത്യൻ പ്രസ് ആക്ട് കൊണ്ടുവന്നത്. ഈ നിയമമനുസരിച്ച് പത്രങ്ങൾ അച്ചടിക്കുന്നതിനുള്ള പ്രസ് സ്ഥാപിക്കണമെങ്കിൽ നിശ്ചിത തുക കെട്ടിവെക്കണം. അങ്ങനെ ആരംഭിക്കുന്ന പത്രങ്ങൾ സർക്കാരിന് ഹിതകരമല്ലാത്ത രീതിയിൽ പ്രവർത്തിച്ചാൽ കെട്ടിവച്ച തുക നഷ്ടപ്പെടും. പിന്നീട് വീണ്ടും പത്രം ആരംഭിക്കണമെങ്കിൽ ആദ്യം കെട്ടിവച്ചതിനെക്കാൾ വലിയ തുക കെട്ടിവെക്കണം. ഇതിനുശേഷവും സർക്കാരിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ കെട്ടിവച്ച തുക മാത്രമല്ല, പ്രസ്സും മറ്റ് അച്ചടി സാമഗ്രികളുമൊക്കെ സർക്കാർ കണ്ടുകെട്ടും.

ഇത്തരം പത്രമാരണ നിയമങ്ങൾക്ക് കുറച്ചുകൂടി കരുത്തുപകർന്നുകൊണ്ട് 1913ൽ ക്രിമിനൽ നിയമ ഭേദഗതിയും 1914ൽ ഡിഫൻസ് ഓഫ് ഇന്ത്യ റഗുലേഷനും(ഡിഐആർ) കൊണ്ടുവന്നു. ഇതിന്റെ തുടർച്ചയായിരുന്നു റൗലറ്റ് നിയമം. എന്നാൽ ഇത്തരം നിയന്ത്രണങ്ങളെയും നിരോധനങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് പത്രങ്ങളിലൂടെയുള്ള വിമർശനങ്ങളും പോരാട്ടങ്ങളും തുടരുക തന്നെ ചെയ്തു. ഈ സാഹചര്യത്തിലാണ് 1921ൽ തേജ് ബഹാദൂർ സപ്രുവിന്റെ അധ്യക്ഷതയിൽ പ്രസ് ലോസ് കമ്മിറ്റി രൂപീകരിച്ചത്. നേരത്തെയുള്ള നിയമങ്ങൾ പൊളിച്ചെഴുതണമെന്ന സപ്രു കമ്മിറ്റിയുടെ ശുപാർശ പ്രകാരം 1922ൽ പ്രസ് ലോ അമെന്റ്മെന്റ് ആക്ട് പാസാക്കി.

ഈ ഘട്ടത്തിലാണ് മഹാത്മാഗാന്ധി ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ മുൻനിര പോരാളിയായി രംഗപ്രവേശം ചെയ്യുന്നത്. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ പോരാട്ടവഴികളിൽ ഗാന്ധിജി ഉയർത്തിയ സന്ദേശങ്ങളും ആശയങ്ങളും പത്രങ്ങൾ വ്യാപകമായി പ്രചരിപ്പിച്ചു തുടങ്ങി. ബംഗാളിലെ അമൃത ബസാർ പത്രിക ഈ ഘട്ടത്തിൽതന്നെ ബ്രിട്ടീഷ് ഭരണത്തിനെതിരായ ആശയപ്രചാരണത്തിന്റെ മുൻപന്തിയിൽ ഉണ്ടായിരുന്നു. ആനന്ദബസാർ പത്രികക്കൊപ്പം ബംഗാളി, ദ

നായക്, നവശക്തി, ബസുമതി തുടങ്ങിയ പത്രങ്ങളും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഊർജവും ഉന്മേഷവും ജനമനസ്സുകളിലേക്ക് സംക്രമിപ്പിക്കാൻ രംഗത്തുവന്നു. ദ സെർച്ച് ലൈറ്റ്(പാറ്റ്ന), ദ ലീഡർ (അലഹാബാദ്), ദ ഹിന്ദു(മദ്രാസ്) എന്നീ പത്രങ്ങളും ദേശീയ ദിനപത്രങ്ങൾ എന്ന നിലയിൽ സജീവമായി. രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ ഗാന്ധിജി സത്യഗ്രഹ സമരത്തിനു തുടക്കമിട്ടപ്പോൾ ഡിഐആറിലെ 41ാം ചട്ടം പ്രകാരം സർക്കാരിനെതിരായ യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും നിരോധനം ഏർപ്പെടുത്തി. എന്നാൽ കുറഞ്ഞ കാലത്തിനുള്ളിൽ പത്രാധിപന്മാരുമായി സർക്കാർ എത്തിച്ചേർന്ന ധാരണപ്രകാരം, നിരോധനം എർപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പിൻവലിച്ചു. സർക്കാരുമായി ധാരണയുണ്ടാക്കിയ പത്രാധിപന്മാരുടെ കൂട്ടായ്മ പിന്നീട് ഓൾ ഇന്ത്യ ന്യൂസ് പേപ്പർ എഡിറ്റേഴ്സ് കോൺഫ്രൻസ് (എഐഎൻഇസി) എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി. ഇത് പിൽക്കാലത്ത് കേന്ദ്ര-സംസ്ഥാന തലങ്ങളിൽ പത്ര ഉപദേശക സംവിധാനം(പ്രസ് അഡ്വൈസറി സിസ്റ്റം) രൂപീകരിക്കുന്നതിൽ എത്തിച്ചേർന്നു. എന്നാൽ ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചിരുന്നില്ല. ഇതിനിടയിൽ 1942 ആഗസ്തിൽ ക്വിറ്റ് ഇന്ത്യാ സമരം ആരംഭിച്ചതോടെ സമരവുമായി ബന്ധപ്പെട്ട വാർത്തകളൊന്നും പ്രസിദ്ധീകരിച്ചുകൂടാ എന്നു പറഞ്ഞ് സർക്കാർ പുതിയ ഉത്തരവിറക്കി. ഇതിനിടയിൽ ഓൾ ഇന്ത്യ ന്യൂസ് പേപ്പർ എഡിറ്റേഴ്സ് കോൺഫ്രറൻസ്, പത്രങ്ങൾ സ്വയം നിയന്ത്രണം ഏർപ്പെടുത്താൻ തയ്യാറാണെന്ന് സർക്കാരുമായി ധാരണയുണ്ടാക്കി. എന്നാൽ അഭിമാനബോധമുള്ള പല പത്രങ്ങളും ഇതംഗീകരിക്കാൻ തയ്യാറായില്ല. പത്രങ്ങളെ ശ്വാസം മുട്ടിക്കുന്ന സർക്കാരിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് പല പത്രങ്ങളും പ്രസാധനം നിർത്തിവെച്ചു. ഇതിനിടയിൽ ദേശീയ ബോധമുള്ള പത്രാധിപന്മാരും പത്രപ്രവർത്തകരും ദേശീയ പ്രക്ഷോഭത്തിന് ഊർജം പ്രകരുന്ന വാർത്തകളും സന്ദേശങ്ങളും സൈക്ലോസ്റ്റൈൽ ചെയ്തു പ്രചരിപ്പിച്ചു വന്നു.

രണ്ടാംലോക യുദ്ധം അവസാനിച്ച് 1947 ആദ്യത്തോടെ രാജ്യത്തിന് സ്വാതന്ത്ര്യം നൽകാനുള്ള തീരുമാനം ഉണ്ടാവകുയും ഇടക്കാല ഗവൺമെന്റ് രൂപീകരിക്കുകയും ചെയ്തതോടെ പത്രപ്രസിദ്ധീകരണങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനങ്ങളെല്ലാം അടഞ്ഞ അധ്യായങ്ങളായി. എന്നാൽ സ്വാതന്ത്ര്യപ്രാപ്തിയോടെ രാജ്യത്തിന്റെ വിഭജനം യാഥാർഥ്യമായത് വർഗീയ ലഹളകൾക്കും അതേ തുടർന്നു

ള്ള സംഘർഷങ്ങൾക്കും അസ്വസ്ഥതകൾക്കും ഇടനൽകി. ഇതു നേരിടാൻ പല പ്രവിശ്യാ ഗവൺമെന്റുകളും അടിയന്തരാവസ്ഥക്ക് സമാനമായ നിയമ-നിയന്ത്രണങ്ങൾ കൊണ്ടുവന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഭരണഘടനയുടെ കരട് തയ്യാറാക്കിയപ്പോൾ ഗവൺമെന്റ് ഒരു പ്രസ് ലോസ് എൻക്വയറി കമ്മിറ്റിക്ക് രൂപം നൽകി. ഈ കമ്മിറ്റിയുടെ നിർദേശം അനുസരിച്ച് നിലവിലുണ്ടായിരുന്ന വിവിധ പത്ര നിയമങ്ങൾ പുനഃസംവിധാനം ചെയ്യുകയും ഒടുവിൽ 1951ലെ പ്രസ് ആക്ട് നിലവിൽ വരികയും ചെയ്തു.

## 2. മലയാളത്തിന്റെ മാധ്യമമുന്നേറ്റം

കേരളത്തിലെ പത്രപ്രസാധന ചരിത്രം 1847ൽ തുടങ്ങുന്നു. ഈ നാഴികക്കല്ലിന് മുദ്രചാർത്തിയത് ജർമൻ പണ്ഡിതനും മലയാളികൾക്ക് ഒരിക്കലും മറക്കാനാവാത്ത പേരിനുടമയുമായ ഡോ. ഹെർമൻ ഗുണ്ടർട്ടാണ്. തലശേരിയിലെ ഇല്ലിക്കുന്ന് എന്ന പ്രദേശത്തുനിന്ന് ആരംഭിച്ച രാജ്യസമാചാര മാണ് ഈ ചരിത്രത്തിനു തുടക്കം കുറിച്ചത്. 1847 ജൂണിൽ കല്ലച്ചിൽ പ്രസിദ്ധീകരിച്ച രാജ്യസമാചാരം പ്രധാനമായും മതപ്രചാരണം ലക്ഷ്യം വെച്ചുള്ളതായിരുന്നു എന്ന് ചരിത്രം പറയുന്നു. മതപ്രചാരണമെന്ന സാമൂഹ്യ സേവനപരമായ ലക്ഷ്യമുണ്ടായിരുന്നതുകൊണ്ടാവണം പത്രത്തിന് വില രേഖപ്പെടുത്തിയിരുന്നില്ല. അതുകൊണ്ട് സൗജന്യമായിട്ടായിരുന്നു പത്രം വിതരണം ചെയ്തിരുന്നത് എന്നുവേണം അനുമാനിക്കാൻ. ഗുണ്ടർട്ടിന്റെ ശിഷ്യൻ എഫ് മുള്ളറുടെ പത്രാധിപത്യത്തിൽ 1847 ഒക്ടോബറിൽ ആരംഭിച്ച പശ്ചിമോദയം ആണ്മലയാളത്തിലെ രണ്ടാമത്തെ പത്രമായി ഗണിക്കപ്പെടുന്നത്. മതപ്രചാരണത്തിനൊപ്പം ആധുനിക വിജ്ഞാനം പകർന്നു നൽകുകയെന്ന പുതുമയാർന്ന ലക്ഷ്യം കൂടി പശ്ചിമോദയത്തിനുണ്ടായിരുന്നു.

1848ൽ കോട്ടയത്തുനിന്നാരംഭിച്ച ജ്ഞാനനിക്ഷേപ മാണ് ഈ ശ്രേണിയിലെ അടുത്ത കാൽവെയ്പ്പ്, കല്ലച്ചിൽ നിന്ന് അച്ചകൂടത്തിലേക്ക് മലയാള പത്രങ്ങൾ പിച്ചവച്ചു തുടങ്ങുന്നതിന്റെ സൂചന കണ്ടുതുടങ്ങിയത് ജ്ഞാനനിക്ഷേപത്തിന്റെ പ്രസിദ്ധീകരണത്തോടെയാണ് . ശാസ്ത്രീയ വിജ്ഞാനത്തിന്റെ അനുരണനങ്ങൾ കാണപ്പെട്ടു തുടങ്ങി എന്ന നിലയിലും ജ്ഞാനനിക്ഷേപ ത്തിനു പ്രസക്തിയുണ്ട്. ഇതിനു ശേഷം 16 വർഷത്തിന്റെ നീണ്ട ഇടവേള കഴിഞ്ഞാണ് മറ്റൊരു മലയാള പത്രം-വിദ്യാസംഗ്രഹം-പുറത്തിറങ്ങുന്നത്. 1864 ജൂലൈയിൽ റവ. ജോർജ് മാത്തന്റെ പത്രാധിപത്യത്തിലാണ് ഇത് പ്രസിദ്ധീകൃതമായത്. ആദ്യ മൂന്ന് പ്രസിദ്ധീകരണങ്ങളിൽ നിന്ന് വ്യ

ത്യസ്തമായി സാഹിത്യ പോഷണ ലക്ഷ്യം കൂടി വിദ്യാസംഗ്രഹത്തിനുണ്ടായിരുന്നു എന്ന സവിശേഷതയുണ്ട്.

പത്രപ്രസിദ്ധീകരണത്തിന്റെ ചരിത്രത്തോടു ബന്ധപ്പെടുത്തി പറയുന്നുണ്ടെങ്കിലും നാലു പ്രസിദ്ധീകരണങ്ങളും ഇന്നു കാണുന്ന തരത്തിലുള്ള പത്രങ്ങളുടെ ആദ്യസൂചനകൾ പോലും നൽകിയിരുന്നില്ല എന്നതാണ് വസ്തുത. അവയെല്ലാം തന്നെ മാസികകളായിട്ടായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്. ക്രൈസ്തവ മിഷണറിമാരുടെ പ്രവർത്തനവും പ്രബോധനങ്ങളും സാമൂഹ്യജീവിതത്തെ ചിട്ടപ്പെടുത്താൻ ശ്രമിച്ചിരുന്ന അക്കാലത്ത് ഈ പ്രസിദ്ധീകരണങ്ങളൊക്കെ ക്രൈസ്തവ മതപ്രചാരണത്തിന്റെ ഭാഗമായിട്ടായിരുന്നു പ്രസിദ്ധീകരിച്ചിരുന്നതെന്നും ഓർക്കേണ്ടതാണ്. യഥാർഥത്തിൽ കേരളത്തിലെ ആദ്യത്തെ വർത്തമാനപത്രം എന്നു പറയാവുന്നത് 1860ൽ ഗുജറാത്ത് സ്വദേശിയായ ദേവ്ജി ഭീംജി ഇംഗ്ലീഷിൽ പുറത്തിറക്കിയ വെസ്റ്റേൺ സ്റ്റാർ ആയിരുന്നു. ഇതിന്റെ അനുകരണമായി 1864 ആഗസ്തിൽ ഇട്ടൂപ്പ് റൈറ്ററുടെയും പി ജെ പൈലിയുടെയും പത്രാധിപത്യത്തിൽ ആരംഭിച്ചതായിരുന്നു പശ്ചിമതാരക . ഗ്രന്ഥനിരൂപണപംക്തി മലയാളത്തിൽ ആദ്യം ആരംഭിച്ചത് പശ്ചിമതാരകയിലായിരുന്നു എന്ന് ചരിത്രം പറയുന്നു.

പിന്നീടുണ്ടായ പ്രധാനപത്രം 1867ൽ ആരംഭിച്ച സന്ദിഷ്ടവാദിയാണ്. സ്വദേശാഭിമാനിക്കും മുമ്പേതന്നെ തിരുവിതാംകൂറിലെ രാജഭരണത്തെ വിമർശിക്കാൻ തയ്യാറായ പത്രം എന്ന നിലയിൽ സന്ദിഷ്ടവാദിക്ക് പ്രത്യേക സ്ഥാനമുണ്ട്. രാജഭരണത്തിന്റെ കണ്ണിലെ കരടായി മാറിയതിനെതുടർന്ന് സർക്കാർ നിരോധിച്ച മലയാളത്തിലെ ആദ്യപത്രമെന്ന ബഹുമതിയും സന്ദിഷ്ടവാദിക്ക് സ്വന്തം.

1867ൽ കൊച്ചിയിൽ (കൂനമ്മാവ്) നിന്നാരംഭിച്ച സത്യനാദകാഹളവും പത്രപ്രവർത്തന ചരിത്രത്തിൽ പ്രത്യേകസ്ഥാനം അലങ്കരിക്കുന്നു. സാഹിത്യസംബന്ധിയായ ലേഖനങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടായിരുന്നു സത്യനാദകാഹളം തുടക്കം മുതൽ പ്രസിദ്ധീകരിച്ചത്. അതുകൊണ്ട് ഒരേ സമയം ഇത് വൃത്താന്തപത്രത്തിന്റെയും മാസികയുടെയും സ്വഭാവം ഉൾക്കൊള്ളുന്നതായിരുന്നുവെന്ന് മാധ്യമചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്. സത്യനാദകാഹളം സത്യനാദം എന്ന പേരിൽ കേരള ടൈംസ് പത്രത്തിന്റെ ഞായറാഴ്ച പതിപ്പായി ഇപ്പോഴും പ്രസിദ്ധീകരണം തുടരുന്നുണ്ടെന്ന സവിശേഷതയുണ്ട്.

ഗുജറാത്തിൽ നിന്ന് വ്യാപാരിയുടെ മേലങ്കിയണിഞ്ഞ് കൊച്ചിയിലെത്തിയ ദേവ്ജി ഭീംജിയുടെ ജീവിതവുമായി ബന്ധപ്പെട്ടാണ് പിന്നീട് പത്രപ്രവർത്തന ചരിത്രം മുന്നേറുന്നത്. പുരോഗമന ജീവിത വീക്ഷണമുണ്ടായിരുന്ന അദ്ദേഹം ആരംഭിച്ച പത്രമായിരുന്നു കേരളമിത്രം . ഇതിനായി ആദ്യംതന്നെ കേരളമിത്രം അച്ചുകൂടം എന്ന പേരിൽ കല്ലച്ചുകൂടം അദ്ദേഹം സ്ഥാപിച്ചു. സാഹിത്യം, സംസ്കാരം തുടങ്ങിയ വിഷയങ്ങളിലും അതീവതൽപ്പരനായിരുന്ന അദ്ദേഹം ശ്രീരാമകർണാമൃതം പോലുള്ള പുസ്തകങ്ങളും രാമായണം, ഭാരതം തുടങ്ങിയ കൃതികളും കേരളമിത്രം അച്ചുകൂടത്തിൽ നിന്ന് പ്രസിദ്ധീകരിച്ചു. കേരളത്തിലെ പുസ്തക വ്യാപാരികളിൽ പ്രഥമഗണനീയൻ എന്ന് മഹാകവി ഉള്ളൂരും മലയാളത്തിലെ പുസ്തക പ്രസാധനത്തിന്റെ പ്രാരംഭകൻ എന്ന് പെരുന്ന കെ എൻ നായരും ദേവ്ജി ഭീംജിയെ വിശേഷിപ്പിച്ചത് ഇതുകൊണ്ടാണ്. സാഹിത്യത്തോടുള്ള ഈ അദമ്യമായ അഭിനിവേശം കേരളമിത്രം പത്രത്തിന്റെ പ്രസാധനത്തിലും ദേവ്ജി ഭീംജി പ്രകടിപ്പിച്ചു. അതുകൊണ്ട് കേരളമിത്രത്തിന്റെ തുടക്കം മുതലുള്ള ലക്കങ്ങൾ വാർത്തകൾക്കൊപ്പം സാഹിത്യ സംബന്ധിയായ കാര്യങ്ങൾക്കു കൂടി പ്രാധാന്യം നൽകിയിരുന്നതായി കാണാൻ കഴിയും. ഈ പത്രത്തിന്റെ പ്രഥമ പത്രാധിപർ പിന്നീട് മലയാള മനോരമ സ്ഥാപിച്ച കണ്ടത്തിൽ വറുഗീസ് മാപ്പിളയായിരുന്നുവെന്നതും ശ്രദ്ധേയമാണ്. ശനിയാഴ്ചകളിൽ മാത്രം പുറത്തിറങ്ങുന്നന കേരളമിത്രം മലയാളത്തിലെ ആദ്യ വാരികാ പ്രസിദ്ധീകരണം എന്ന നിലയിലും വിശേഷിക്കപ്പെടുന്നുണ്ട്. കൊച്ചി രാജ്യത്ത് വിവിധ സർക്കാർ വകുപ്പുകളിൽ നടമാടിയ അഴിമതിയിലേക്കും അതുമൂലം ജനങ്ങൾ അനുഭവിച്ച ദുരിതങ്ങളിലേക്കും ജനശ്രദ്ധ തിരിക്കുന്നതായിരുന്നു കേരളമിത്രത്തിലെ ഓരോ ലക്കവും. അതുകൊണ്ടുതന്നെ പത്രം അധികാരികളുടെ കണ്ണിലെ കരടായി മാറി. ഇതമൂലം പലവിധ ക്ലേശങ്ങളും അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നു. ഒടുവിൽ 1894 ഒക്ടോബർ 27ന് ദേവ്ജി ഭീംജിയുടെ നിര്യാണത്തോടെ പത്രത്തിന്റെ പ്രസാധനവും നിലച്ചു. മരണശേഷം അദ്ദേഹത്തിന്റെ ദത്തുപുത്രൻ ബി എസ് ഗണപതി സിങ് പത്രത്തിന്റെ ചുമതലയേറ്റെടുത്തെങ്കിലും ഏറെ നാൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല.

കേരളമിത്രം ആരംഭിച്ച വർഷം തന്നെ തിരുവനന്തപുരത്ത് കേരളവിലാസം പ്രസിൽ അച്ചടിച്ച വിദ്യാവിലാസിനി സാഹിത്യ മാസിക എന്ന നിലയിലാണ് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. വലിയ കോയിത്തമ്പുരാന്റെ ശാകുന്തളം പരിഭാഷ ആദ്യമായി ഖണ്ഡശ്ശഃ

പ്രസിദ്ധീകരിച്ചത് വിദ്യാവിലാസിനിയിൽ ആയിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. മലബാർ ഭാഗത്ത് 1874ൽ ബാസൽ മിഷൻ പ്രസിൽ നിന്ന് അച്ചടിച്ചിറക്കിയ കേരളോപകാരി യും സാഹിത്യ സംബന്ധമായ, പ്രത്യേകിച്ചും ക്രൈസ്തവ സാഹിത്യ വിഷയങ്ങൾ കൈകാര്യം ചെയ്ത പ്രസിദ്ധീകരണമാണ്.

1884 ഒക്ടോബർ 19ന് ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ കോഴിക്കോട്ടു നിന്നാരംഭിച്ച കേരളപത്രിക മലയാള പത്രപ്രവർത്തനത്തിന്റെ മുന്നേറ്റ ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരേടാണ്. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത പത്രം കേരളപത്രിക യാണെന്ന് പത്രാധിപർ ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ അവകാശപ്പെട്ടിരുന്നു. ഇക്കാര്യം വൃത്താന്ത പത്രപ്രവർത്തനത്തിൽ സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നുണ്ട്. ജനജീവിതവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ സംഭവവികാസങ്ങൾ വായനക്കാരുടെ മുന്നിലെത്തിക്കുന്നതിനൊപ്പം അവയെ വിശകലനം ചെയ്തുകൊണ്ടുള്ള കുറിപ്പുകളും കേരളപത്രിക യിൽ പ്രസിദ്ധീകരിച്ചിരുന്നു. കേവലമായ വിവരങ്ങളും വർത്തമാനങ്ങളും അറിയിക്കുന്നതിനപ്പുറം രാഷ്ട്രീയവും സാംസ്കാരികവും, സാഹിത്യപരവുമായ വിഷയങ്ങളിൽ പുത്തൻ അവബോധം സൃഷ്ടിക്കുന്നതിനുകൂടി പര്യാപ്തമായ രീതിയിലായിരുന്നു കേരളപത്രിക യുടെ പ്രസിദ്ധീകരണം. നാടിന്റെ പുരോഗതിക്ക് ചെയ്യേണ്ടിയിരുന്ന കാര്യങ്ങളെപ്പറ്റി വ്യക്തമായ ദിശാബോധത്തോടെ ലേഖനങ്ങൾ നൽകുന്നതിലും കേരളപത്രിക പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. കേസരി എന്ന തൂലികാനാമത്തിൽ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ ലേഖനങ്ങളും കേരളപത്രികയുടെ മുതൽക്കൂട്ടായിരുന്നു. കുന്ദലത യുടെ കർത്താവായ അപ്പു നെടുങ്ങാടിയുടെ ലേഖനങ്ങളും കേരളപത്രിക യുടെ ഈടുവയ്പ്പായിരുന്നുവെന്ന് മഹാകവി ഉള്ളൂരിനെപ്പോലുള്ളവർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഏകദേശം 27 വർഷം പ്രസിദ്ധീകരിച്ച കേരളപത്രിക യുടെ ബാക്കിപത്രം ഒരു നൂറ്റാണ്ടിനുശേഷം പരിശോധിക്കുമ്പോൾ, എത്ര ദീർഘവീക്ഷണത്തോടും ഭാവനയോടും കൂടിയാണ് ചെങ്കുളത്ത് കുഞ്ഞിരാമമേനാൻ എന്ന പത്രാധിപർ പ്രവർത്തനത്തിച്ചിരുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. സത്യസന്ധത, മാന്യത, ആദർശത്തിലധിഷ്ഠിതമായ നിലപാടുകൾ, കറയറ്റ സാമൂഹ്യപ്രതിബദ്ധത തുടങ്ങിയവയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്രകൾ. പത്രപ്രവർത്തനത്തിന്റെ അന്യംനി

ന്നുപോകുന്ന ആദർശാധിഷ്ഠിത നിലപാടുകളും മൂല്യബോധവുമൊക്കെ ചർച്ച ചെയ്യപ്പെടുന്ന വർത്തമാനകാലത്ത് ചെങ്കുളത്തിന്റെ പത്രാധിപപ്പെരുമ നമുക്ക് പാഠമാകേണ്ടതാണ്.

തിരുവിതാംകൂർ സർക്കാർ സർവീസിൽ കയറിപ്പറ്റി ആധിപത്യം സ്ഥാപിച്ച അന്യദേശക്കാരയവരിൽനിന്ന് ഏൽക്കേണ്ടിവന്ന അപമാനങ്ങൾക്കും പീഢനങ്ങൾക്കും എതിരെ മലയാളിയുടെ അഭിമാനവും അവകാശബോധവും ഉയർത്തിപ്പിടിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരത്തു നിന്ന് 1886ൽ ആരംഭിച്ച പത്രമാണ് മലയാളി . പേട്ടയിൽ രാമൻപിള്ള ആശാന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച മലയാളിയുടെ പത്രാധിപസ്ഥാനം പിന്നീട് സാക്ഷാൽ സി വി രാമൻപിള്ള തന്നെ ഏറ്റെടുത്തു. സി വി രാമൻപിള്ള മലയാളി യിൽ എഴുതിയ മുഖപ്രസംഗങ്ങൾ മലയാളജനതയുടെ അഭിമാനബോധത്തിന്റെ പ്രതിസ് ഫുരണങ്ങളായിരുന്നുവെന്ന് ഉള്ളൂരിനെപ്പോലുള്ളവർ രേഖപ്പെടുത്തിയിട്ടുണ്ട്.

19ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് മലയാള പത്രപ്രവർത്തനത്തിന്റെ പുഷ്കല കാലം തുടങ്ങുന്നത്. ഈ കാലഘട്ടത്തിൽ ആരംഭിച്ച പത്രങ്ങളാണ് മലയാള പത്രങ്ങളുടെ ശ്രേണിയിൽ ഇന്നും സജീവമായി തലയുയർത്തി നിൽക്കുന്നതും. ഇതിന്റെ തുടക്കം 1887 ഏപ്രിൽ 15ന് കോട്ടയം ജില്ലയിലെ മാന്നാനത്തുനിന്ന് പ്രസിദ്ധീകരണമാരംഭിച്ച നസ്രാണിദീപിക യിൽ നിന്നാണ്. മാസത്തിൽ രണ്ടു തവണയെന്ന നിലയിൽ പ്രസിദ്ധീകരണം ആരംഭിച്ച നസ്രാണിദീപിക പടിപടിയായി പ്രസിദ്ധീകരണത്തിനിടയിലെ കാലയളവ് കുറച്ചു കൊണ്ടുവന്ന് 1938 ആയതോടെ ദിനപത്രമായി പ്രസിദ്ധപ്പെടുത്തി തുടങ്ങി. ദിനപത്രമായതോടെ നസ്രാണിദീപിക ദീപിക യായി പേരു മാറ്റുകയും ചെയ്തു. മലയാളത്തിലെ ഏറ്റവും പഴക്കമുള്ള പത്രമെന്ന നിലയിൽ ദീപിക ഇന്നും സജീവമാണ്. കേരളവർമ വലിയ കോയിത്തമ്പുരാനും എ ആർ രാജരാജവർമയും അടക്കമുള്ള സാഹിത്യ മനീഷികളുടെ സാന്നിധ്യം ദീപികയുടെ താളുകളെ ധന്യമാക്കിയിട്ടുണ്ട്.

ഏതാണ്ട് ഇതേ കാലഘട്ടത്തിൽ തന്നെ മലബാറിൽ നിന്നാരംഭിച്ച പത്രമായിരുന്നു കേരള സഞ്ചാരി . 1888 ഒക്ടോബർ മൂന്നിന് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ വാരികയായി ആരംഭിച്ച ഈ പത്രം മലബാറിലെ ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ പ്രതിഫലിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. കേരള സഞ്ചാരിയിലെ കേ, സ, രി എന്നീ അക്ഷരങ്ങൾ കൂട്ടിച്ചേർത്താണ് വേങ്ങയിൽ കുഞ്ഞിരാമൻ നാ

യനാർ കേസരി എന്ന തൂലികാനാമം സ്വീകരിച്ചതെന്ന് പറയുന്നുണ്ട്.

19-ാം നൂറ്റാണ്ടിന്റെ അവസാനമാകുന്നതോടെ മലയാള പത്രപ്രവർത്തനത്തിന്റെ രീതിശാസ്ത്രത്തിൽതന്നെ മൗലികമായ മാറ്റം വരുത്തിക്കൊണ്ട് 1890 മാർച്ച് 22ന് മലയാള മനോരമ പിറവിയെടുക്കുന്നത്. പത്രപ്രസിദ്ധീകരണത്തിനായി ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനി തുടങ്ങുകയെന്ന പുതിയ രീതി യാഥാർഥ്യമാക്കിക്കൊണ്ടാണ് കണ്ടത്തിൽ വറുഗീസ് മാപ്പിള മലയാള മനോരമ ക്ക് ജന്മം നൽകുന്നത്. 1888ൽ കമ്പനി ആരംഭിച്ച വറുഗീസ് മാപ്പിള 1890 മാർച്ച് 22 മുതൽ വാരികയായിട്ടായിരുന്നു മനോരമ പ്രസിദ്ധീകരിച്ചു തുടങ്ങിയത്. 1901 ആഗസ്ത് ഏഴു മുതൽ ആഴ്ചയിൽ രണ്ടുതവണയും 1918 ജൂലൈ 20 മുതൽ ആഴ്ചയിൽ മൂന്നുതവണയും വീതം പ്രസിദ്ധീകരിച്ചു വന്ന മനോരമ 1928 ജനുവരി 26 മുതലാണ് ദിനപത്രമായി മാറുന്നത്. 1924ൽ മഹാകവി കുമാരനാശാൻ പല്ലനയാറ്റിലുണ്ടായ റെഡീമർ ബോട്ടപകടത്തിൽ മരിച്ചവിവരം ഇന്നു കാണുന്ന രീതിയിൽ ദിനപത്രങ്ങൾ ഇല്ലാതിരുന്നതു മൂലം പുറംലോകം അറിയുന്നത് മൂന്നുദിവസം കഴിഞ്ഞാണ്. ഇതിനിടയിൽ ദിവാന്റെ വിപ്രതിപത്തിക്ക് പാത്രമാകേണ്ടിവന്നതിനെ തുടർന്ന് ഒമ്പതുവർഷത്തോളം മനോരമക്ക് അച്ചടി നിർത്തിവെക്കേണ്ടി വന്നു.

സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ളയും കേസരി എ ബാലകൃഷ്ണപിള്ളയുമാണ് 20-ാം നൂറ്റാണ്ടിലെ ആദ്യദശകങ്ങളിൽ മലയാള പത്രപ്രവർത്തനത്തിന്റെ ധീരതകൊണ്ടു പ്രകാശിച്ചവർ. അധികാരി വർഗത്തിന്റെ അടിച്ചമർത്തലുകൾക്കും എല്ലാവിധ നൃശംസതകൾക്കുമെതിരെ ധീരോദാത്തമായ ചെറുത്തുനിൽപ്പുകളും പോരാട്ടങ്ങളും നടത്തിയ സ്വാതന്ത്ര്യപൂർവകാലത്തെ ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ അതേ സരണിയിൽ പ്രവർത്തിച്ച പത്രാധിപന്മാരായിരുന്നു സ്വദേശാഭിമാനിയും കേസരിയും. രാജാധികാരത്തിന്റെയും ദിവാൻഭരണത്തിന്റെയും ദുർനീതികൾക്കെതിരെ തൂലിക കൊണ്ട് നിരന്തരം കലഹിച്ചവരായിരുന്നു ഇരുവരും. അതുകൊണ്ടുതന്നെ അവരുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും അസ്വസ്ഥതകളും ആശങ്കകളും വിട്ടൊഴിഞ്ഞിരുന്നില്ല. ഒരു പുതിയ സാമൂഹ്യസൃഷ്ടിയെക്കുറിച്ചുള്ള സ്വപ്നങ്ങളും ചിന്തകളും കർമപഥങ്ങളിൽ തിരയിളക്കം സൃഷ്ടിച്ചപ്പോൾ സ്വകീയമായ താൽപര്യങ്ങളോ സുഖസൗകര്യങ്ങളോ അവർ വേണ്ടെന്നു വയ്ക്കുകയായിരുന്നു.

രാമകൃഷ്ണപിള്ള, പത്രാധിപരാകുന്നതിനു മുമ്പേ തന്നെ ജന്മസി

ദ്ധമായ വാസനയാലെന്ന വണ്ണം സാമൂഹ്യ ജീവിതിത്തിലെ അനീതികൾക്കും അധാർമികതകൾക്കുമെതിരെ ചിന്തിക്കുകയും എഴുതുകയും ചെയ്തിരുന്നു. 1892ൽ 14ാം വയസ്സിൽ രാമകൃഷ്ണപിള്ള, നെയ്യാറ്റിൻകര മുൻസിഫ് കൈക്കൂലിക്കാരനാണെന്നും അതുകൊണ്ട് സാധുക്കളായ കക്ഷികൾ വളരെ ക്ലേശിക്കുന്നുണ്ടെന്നും കാണിച്ച് ഒരു വർത്തമാനക്കുറിപ്പ് പത്രത്തിൽ എഴുതിയ കാര്യം  രാജദ്രോഹിയായ രാജ്യസ്നേഹി  എന്ന ഗ്രന്ഥത്തിൽ ടി വേണുഗോപാലൻ അനുസ്മരിക്കുന്നുണ്ട്. പിന്നീട് 21ാം വയസ്സിൽ  കേരളദർപ്പണ ത്തിന്റെ പത്രാധിപസ്ഥാനം ഏറ്റെടുത്തതിന്റെ പേരിൽ അമ്മാവന്റെ അപ്രീതിക്ക് പാത്രമായി സ്വന്തം വീടുവിട്ടിറങ്ങിയ രാമകൃഷ്ണപിള്ളയുടെ ചിത്രം ബി കല്യാണി അമ്മയുടെ  വ്യാഴവട്ടസ്മരണകളി ലടക്കം പ്രതിപാദിക്കുന്നുണ്ട്. പത്രപ്രവർത്തകനാകാൻ ജന്മമെടുത്തയാളായിരുന്നു രാമകൃഷ്ണപിള്ള എന്നാണ് അദ്ദേഹത്തിന്റെ പല ജീവചരിത്രകാരന്മാരും നിരീക്ഷിക്കുന്നത്.

ജിജ്ഞാസയും സ്ഥൈര്യവും ധാർമികതയും സാമൂഹ്യപ്രതിബദ്ധതയുമൊക്കെ വേണ്ടുവോളം പ്രകടമാക്കിയിരുന്ന രാമകൃഷ്ണപിള്ള ഒരർഥത്തിൽ ആ കാലഘട്ടത്തിന്റെ സൃഷ്ടിയായിരുന്നു എന്നു പറയാം. കോളനി വാഴ്ചയ്ക്കും സാമ്രാജ്യത്വത്തിനും എതിരായി മനുഷ്യന്റെ സ്വാതന്ത്ര്യവാഞ്ഛയും ജനാധിപത്യബോധവും അലയടിച്ചുയർന്ന കാലമായിരുന്നു അത്. സോഷ്യലിസ്റ്റ് ആശയങ്ങളെപ്പറ്റിയുള്ള ചർച്ചകൾ കൊണ്ടു സജീവമായിരുന്നു അന്നത്തെ സാമൂഹ്യാന്തരീക്ഷം. കാൾ മാർക്സിന്റെ ജീവചരിത്രം മലയാളത്തിലേക്ക് ആദ്യമായി പരിഭാഷപ്പെടുത്തിയ രാമകൃഷ്ണപിള്ളയുടെ സോഷ്യലിസ്റ്റ് ആശയങ്ങളോടുള്ള ആഭിമുഖ്യത്തെപ്പറ്റി ഏറെ പറയേണ്ടതില്ലല്ലോ. അടിച്ചമർത്തലുകൾക്കും കെടുതികൾക്കുമെതിരെ ലോകവ്യാപകമായി ഉയർന്ന പ്രക്ഷോഭങ്ങളുടെ അനുരണനങ്ങൾ ഇന്ത്യയിലും ചലനം സൃഷ്ടിച്ച കാലമായിരുന്നു അത്. തൊഴിലാളി സമരങ്ങളും കർഷകപ്രക്ഷോഭങ്ങളും ശക്തിപ്പെട്ടുവരുന്ന കാലം. പ്രക്ഷുബ്ധമായ ഈ സാമൂഹ്യാന്തരീക്ഷത്തിലും രാജാധികാരത്തിന്റെ ഏതു കെട്ട നീതിയെയും വഴങ്ങിയും വാഴ്ത്തിയും കഴിഞ്ഞ ജനസമൂഹമായിരുന്നു പൊതുവിൽ തിരുവിതാംകൂറിലേത്. രാജാക്കന്മാരാവട്ടെ കൊട്ടാര സേവകരുടെ വാഴ്ത്തിപ്പാടലുകളിൽ അഭിരമിച്ചു കഴിഞ്ഞ കാലം. ഈ സാഹചര്യം മുതലെടുത്ത് രാജാധികാരത്തോട് ഒട്ടിനിന്ന ഉദ്യോഗസ്ഥപ്രമാണിമാർ ജനങ്ങളെ ചൂഷണം ചെയ്തും അടിച്ചമർത്തിയും സ്വന്തം കീശ വീർപ്പിച്ചിരുന്ന സ്ഥിതി. ആശങ്കാകുലമായ ഈ സാമൂഹ്യജീവിതത്തിന്റെ

സംഘർഷങ്ങൾക്കിടയിലാണ് രാമകൃഷ്ണപിള്ള പത്രപ്രവർത്തകനായി രംഗപ്രവേശം ചെയ്യുന്നത്. പൗരാവകാശങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കാനായിരുന്നു അദ്ദേഹത്തിന്റെ തുടക്കം മുതലേയുള്ള ശ്രമം. കേരളദർപ്പണ ത്തിലൂടെയും കേരളപഞ്ചിക യിലൂടെയും അദ്ദേഹം നിർവഹിച്ചുപോന്നത് പ്രധാനമായും ഈ ദൗത്യമായിരുന്നു. പിന്നീട് മലയാളി യിലൂടെയും കേരളൻ മാസികയിലൂടെയും ഒടുവിൽ സ്വദേശാഭിമാനി യിലൂടെയും അത് തുടരുകയായിരുന്നു.

1906ൽ സ്വദേശാഭിമാനി യുടെ പത്രാധിപത്യം ഏറ്റെടുത്തതോടെയാണ് രാമകൃഷ്ണപിള്ളയിലെ പത്രപ്രവർത്തകന്റെ നീതിബോധവും സാമൂഹ്യബോധവുമൊക്കെ അതിന്റെ പാരമ്യത്തിലെത്തുന്നത്. ദിവാൻ പി രാജഗോപാലാചാരിയുടെ ദുഷ്ചെയ്തികളെ പല്ലും നഖവും ഉപയോഗിച്ച് വിചാരണ ചെയ്തുകൊണ്ടാണ് സ്വദേശാഭിമാനി പത്രപ്രവർത്തനരംഗത്തെ കുലപതിയെന്ന സ്ഥാനം സ്വന്തമാക്കുന്നത്. ഇക്കാര്യത്തിൽ സ്വദേശാഭിമാനി പത്രത്തിന്റെ ഉടമയായിരുന്ന വക്കം അബ്ദുൾഖാദർ മൗലവിയെന്ന സ്വാതന്ത്ര്യസമരഭടന്റെ എല്ലാ അനുഗ്രഹാശിസ്സുകളും രാമകൃഷ്ണപിള്ളക്ക് ലഭിച്ചിരുന്നുവെന്നും ഓർക്കണം. ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുന്നതിനൊപ്പം മതേതര ചിന്ത, സോഷ്യലിസ്റ്റ് ആശയം തുടങ്ങിയവ ജനമനസ്സുകളിൽ എത്തിക്കുന്നതിലും സ്വദേശാഭിമാനി ജാഗരൂകനായിരുന്നു. ദിവാൻ രാജഗോപാലാചാരിയോടുണ്ടായിരുന്ന വിദ്വേഷത്തിന്റെ പരിമിതിയിൽ സ്വദേശാഭിമാനി ബന്ധനസ്ഥനായിരുന്നില്ലേ എന്നു ചിന്തിക്കുന്ന ചരിത്രകാരന്മാരുണ്ട്. ദിവാന്റെ പേര് പരാമർശിക്കുന്നതിനിടയിൽ പ്രത്യക്ഷത്തിൽ കേവലമായ ഒരച്ചടിപ്പിശകെന്ന് തോന്നുംവിധം രാജഗോപാലാചാരിയുടെ പേര് ജാരഗോപാലാചാരി എന്ന് പത്രത്തിലടിച്ചത് വ്യക്തിവിദ്വേഷം തീർക്കുന്നതിനുള്ള കൗശലപ്പണിയായിരുന്നുവെന്നാണ് വിമർശനമുന്നയിക്കുന്നവർ കരുതുന്നത്. ഏതായാലും ഇത്തരം രൂക്ഷമായ വിമർശനങ്ങളിൽനിന്ന് രക്ഷപ്പെടാൻ ഒരു ഘട്ടത്തിൽ പ്രജാസഭയിലേക്കുള്ള അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് ദിവാൻ നേരിട്ടിടപെട്ട് റദ്ദ് ചെയ്തു. എന്നിട്ടും അടങ്ങിയിരിക്കാൻ കൂട്ടാക്കാത്ത രാമകൃഷ്ണപിള്ളയെ നിശ്ശബ്ദനാക്കാൻ അദ്ദേഹത്തിന്റെ പത്രം കണ്ടുകെട്ടി. ഒടുവിൽ 1910 സെപ്തംബർ 26ന് അദ്ദേഹത്തെ കണ്ണൂരിലേക്ക് നാടുകടത്തുകയും ചെയ്തു.

സ്വദേശാഭിമാനയെപ്പോലെ തന്നെ ധീരമായ ഇടപെടലുകൾകൊണ്ട് പത്രപ്രവർത്തനത്തിന്റെ ആചാര്യസ്ഥാനം സ്വന്തമാക്കിയ ആളാണ് കേസരി എ ബാലകൃഷ്ണപിള്ള. രാമകൃഷ്ണപിള്ളയെപ്പോലെ

തന്നെ പത്രപ്രവർത്തനത്തിനൊപ്പം സാഹിത്യ-ഗവേഷണരംഗങ്ങളിലും കേസരി വ്യക്തിമുദ്രപതിപ്പിച്ചു. സമൂഹത്തിലെ അനീതികൾക്കെതിരെ പൊരുതാനുള്ള കടുത്ത അഭിവാഞ്ഛയായിരുന്നു ബാലകൃഷ്ണപിള്ളയെ കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുമായിരുന്ന വക്കീൽപ്പണിയിൽ അഭിരമിക്കാതെ പത്രപ്രവർത്തനത്തിലേക്ക് വഴിതിരിച്ചുവിട്ടത്. സമദർശി യിൽ പത്രപ്രവർത്തനം തുടങ്ങിയ ബാലകൃഷ്ണപിള്ള 1930ൽ തിരുവനന്തപുരത്ത് സ്വന്തമായി ഒരു പ്രസ് (ശാരദാ പ്രസ്) സ്ഥാപിക്കുകയും 1930 ജൂൺ 4ന് പ്രബോധകൻ എന്ന പേരിൽ ഒരു വാരിക ആരംഭിക്കുകയും ചെയ്തു. എന്നാൽ ഈ പ്രസിദ്ധീകരണത്തിന് കാര്യമായ ആയുസ്സുണ്ടായിരുന്നില്ല. അന്നത്തെ തിരുവിതാംകൂർ ഗവൺ മെന്റ് കൊണ്ടുവന്ന പത്രമാരണ നിയമത്തിന്റെ ബലിയാടായി മാസങ്ങൾക്കുള്ളിൽ (1930 സെപ്തംബർ 10) പ്രബോധകൻ നിർത്തലാക്കേണ്ടിവന്നു.

എന്നാൽ ഒരാഴ്ചക്കുള്ളിൽതന്നെ കൊല്ലത്തെ നാരായണപിള്ള എന്നയാളുടെ പേരിലുണ്ടായിരുന്ന കേസരി എന്ന പത്രത്തിന്റെ ലൈസൻസ്, ബാലകൃഷ്ണപിള്ള തന്റെ പേരിൽ വാങ്ങി സെപ്തംബർ 18ന് കേസരിയുടെ ആദ്യലക്കം പുറത്തിറക്കി. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും പ്രബോധകൻ തന്നെയായിരുന്നു കേസരി. കേസരിയും ഏകദേശം നാലുകൊല്ലമേ പ്രവർത്തിച്ചുള്ളൂ. സ്വന്തം പേരിൽ ലൈസൻസ് ഇല്ലാത്തതുകൊണ്ട് പത്രം പ്രസിദ്ധീകരിക്കാൻആയിരം രൂപ കെട്ടിവയ്ക്കണമെന്ന് ഗവൺമെന്റ് നിർദേശിക്കുകയായിരുന്നു. കേസരിയിലൂടെ ഏൽക്കേണ്ടിവന്ന വിമർശനശരങ്ങളിൽ നിന്നു രക്ഷപ്പെടാനായിരുന്നു ഗവൺമെന്റ് ഈ വക്രബുദ്ധി പ്രയോഗിച്ചത്. അന്നത്തെക്കാലത്ത് വളരെ വലിയ തുകയായിരുന്ന ആയിരം രൂപ കെട്ടിവെയ്ക്കാൻ കേസരിക്ക് കഴിയുമായിരുന്നില്ല. സുഹൃത്തുക്കൾ പലരും സഹായ വാഗ്ദാനവുമായി മുന്നോട്ടുവന്നെങ്കിലും ഭരണാധികാരികളുടെ ദുഷ്ടബുദ്ധിയിൽ തുടർന്നും ശാസനകൾ പലതും വരാനിടയുണ്ടെന്നറിയാമായിരുന്ന കേസരി ഒടുവിൽ പത്രം നിർത്തുകയായിരുന്നു. കേവലമായ സാമൂഹ്യവിമർശനവും പത്രപ്രവർത്തനവും എന്നതിനപ്പുറം പാശ്ചാത്യസാഹിത്യ ജാലകത്തിലേക്ക് മലയാളിയെ കൂട്ടിക്കൊണ്ടുപോവുകയെന്ന ദൗത്യം നിർവഹിക്കാൻ കേസരിക്ക് കഴിഞ്ഞിട്ടുണ്ട്.

സ്വദേശാഭിമാനിക്കും കേസരിക്കും ശേഷമുള്ള മലയാള പത്രപ്രവർത്തനത്തിന്റെ ചരിത്രം വലിയ മുന്നേറ്റങ്ങളുടെ കഥയാണ് പറയുന്നത്. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പു തന്നെ ആരംഭിച്ച കേരളകൗമുദി(1911),

മാതൃഭൂമി (1923), ദേശാഭിമാനി (1942) എന്നീ പത്രങ്ങളെല്ലാം കുറെക്കൂടി സംഘടിതമായ മത-സാമുദായിക പിൻബലമോ രാഷ്ട്രീയ പിൻബലമോ ഉള്ളവയായിരുന്നു. അതുകൊണ്ട് ദേശീയ സ്വാതന്ത്ര്യസമരകാലത്തെല്ലാം വളരെ ധീരമായ നിലപാടുകൾ സ്വീകരിച്ചതിന്റെ പേരിൽ പിഴയൊടുക്കലിന്റെയും നിരോധനത്തിന്റെയും വാൾമുനകൾ ഏൽക്കേണ്ടിവന്നെങ്കിലും ദേശാഭിമാനിക്കും മറ്റും ജനങ്ങളുടെ അകമഴിഞ്ഞ പിന്തുണയോടും സഹായത്തോടും കൂടി പത്രപ്രസിദ്ധീകരണം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞു. ഇവയൊക്കെയും ഇന്നും സജീവമായി രംഗത്തുണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആരംഭിച്ച പത്രങ്ങളിൽ ശ്രദ്ധേയമായി ഇന്നും നിലനിൽക്കുന്ന പത്രങ്ങൾ മാധ്യമ(1987)വും മംഗള(1989)വുമാണ്.

ഏതുഘട്ടത്തിലെ കണക്കെടുത്താലും മാധ്യമസാക്ഷരതയിൽ കേരളം മുന്നോട്ടുതന്നെ കുതിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഇന്ത്യയിൽ ലക്ഷം പേർക്ക് ശരാശരി 1300 കോപ്പി പത്രമാണ് അച്ചടിക്കുന്നത്. എന്നാൽ കേരളത്തിൽ ഇരുപതോളം പത്രങ്ങളുടേതായി 40 ലക്ഷത്തിലേറെ കോപ്പികളാണ് പ്രതിദിനം അച്ചടിക്കുന്നത്. അതായത് കേരളത്തിൽ ലക്ഷം പേർക്ക് ശരാശരി 13000 കോപ്പിയാണ് പ്രചരിക്കുന്നത്. എന്നു പറഞ്ഞാൽ കേരളത്തിലെ പത്രപ്രചാരണത്തിന്റെ തോത് ഇന്ത്യൻ ശരാശരിയുടെ പത്ത് മടങ്ങാണെന്നർഥം. രണ്ടു മൂന്നു ദശകം മുമ്പുവരെ റേഡിയോയും മാധ്യമമെന്ന നിലയിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിരുന്നെങ്കിൽ ഇന്ന് ആ സ്ഥാനം ടെലിവിഷൻ കൈയ്യടക്കിയിരിക്കയാണ്. രാജ്യത്ത് 300ലേറെ ടെലിവിഷൻ ചാനലുകൾ (അവയിൽ തന്നെ വാർത്തകൾക്കുമാത്രമായി 60ഓളം ചാനലുകൾ) പ്രവർത്തിക്കുന്നതായാണ് കണക്ക്. കേരളത്തിലാവട്ടെ പത്ത് കമ്പനികളുടെ ഉടമസ്ഥതയിലായി 16 ചാനലുകൾ പ്രവർത്തിക്കുന്നു. ഇവയിൽ അഞ്ചെണ്ണമാവട്ടെ 24:7 വാർത്താ ചാനലുകളാണ്. മൂന്നു ചാനലുകളെങ്കിലും ഈ വർഷം തന്നെ പുതുതായി പ്രവർത്തിച്ചു തുടങ്ങാനുള്ള തയ്യാറെടുപ്പിലുമാണ്.

പത്രം വാങ്ങുന്നതിന് മലയാളി വർഷം ഏകദേശം 585 കോടി രൂപ മുടക്കുന്നുണ്ടെന്നാണ് കണക്ക്. എന്നാൽ കേബിൾ ടി വി വരിസംഖ്യക്കായി ചെലവിടുന്നത് 600 കോടിയിലേറെ. കേരളത്തിലെ 70 ലക്ഷം കുടുംബങ്ങളിൽ 50 ലക്ഷം വീടുകളിലും ടി വിയുണ്ട്. ഇതിൽത്തന്നെ 32 ലക്ഷത്തിലേറെ വീടുകളിൽ കേബിൾ ടി വി കണക്ഷനുണ്ട്. ഇതിനേക്കാളെല്ലാം അത്ഭുതകരമായ രീതിയിലാണ് മലയാളിയുടെ മൊ

ബൈൽ ഫോൺ ഉപയോഗത്തിന്റെ കണക്ക്. മൊബൈൽ ഫോൺ സ്വന്തമായി ഉപയോഗിക്കാത്തവർ ആരും ഇല്ലെന്നു മാത്രമല്ല, ഉപയോഗിക്കുന്നവരിൽ 50 ശതമാനത്തിലേറെപ്പേരും ഒന്നിലധികം ഫോൺ ഉപയോഗിക്കുന്നവരുമാണ്. ഒരേ സമയം മൂന്നു മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരുടെ എണ്ണവും ചെറുതല്ല. പുസ്തകം വാങ്ങാൻ ഒരു വർഷം 80 കോടിയിൽ താഴെ മാത്രം ചെലവിടുമ്പോഴാണ് ഇതെന്നു കൂടി ഓർക്കണം.

മൊബൈൽ ഫോണുകൾ പ്രചരിച്ചു തുടങ്ങിയ തൊണ്ണൂറുകളിലെ സ്ഥിതിയല്ല ഇപ്പോഴുള്ളത്. ഫോൺ ചെയ്യുകയോ ഫോൺ കോളുകൾ സ്വീകരിക്കുകയോ ചെയ്യുകയെന്ന കേവലമായ ഉപയോഗത്തിനപ്പുറം മൊബൈൽ ഫോണിന്റെ സാധ്യതകൾ അനന്തമായി വികസിക്കുകയാണ്. ക്യാമറയുടെയും ഇന്റർനെറ്റ് സംവിധാനത്തോടെയുമുള്ള കംപ്യൂട്ടറിന്റെയുമൊക്കെ ധർമങ്ങൾ ഇന്ന് മൊബൈൽ ഫോണിലൂടെ നിർവഹിക്കാനാവും. കംപ്യൂട്ടർ-ഇന്റർനെറ്റ് അധിഷ്ഠിതമായ ഫേസ് ബുക്ക്, ബ്ലോഗ്, ടിറ്റർ പോലുള്ള നവമാധ്യമങ്ങളുടെ സാധ്യതകളിലേക്കു കൂടി മൊബൈൽ ഫോൺ വികസിച്ചതോടെ ഇതുപയോഗിക്കുന്ന ആളുകളിലേക്ക് വിവര-വിജ്ഞാന വിനോദങ്ങളുടെ എണ്ണിയാലൊടുങ്ങാത്ത സാധ്യതകളാണ് മിഴി തുറക്കുന്നത്. ഹൈസ്കൂളിലും ഹയർ സെക്കന്ററി സ്കൂളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികളിൽ മൊബൈൽ ഫോൺ ഉപയോഗിക്കാത്തവരുടെ എണ്ണം തുലോം പരിമിതമാണ്. കംപ്യൂട്ടർ-ഇന്റർനെറ്റ് സംവിധാനം പുതിയ പാഠ്യപദ്ധതിയിൽ അനിവാര്യമായതോടെ കംപ്യൂട്ടർ സാക്ഷരതയുടെ കാര്യത്തിലും നമ്മുടെ പുതിയ തലമുറ വികസിത മുതലാളിത്ത രാജ്യങ്ങളിലെ കുട്ടികളോട് കിടപിടിക്കത്തക്ക നിലയിലായിട്ടുണ്ട്. ചുരുക്കത്തിൽ അത്യത്ഭുതകരവും വേണമെങ്കിൽ അപകടങ്ങൾ ഉണ്ടാക്കാനിടയുള്ളതുമായ വലിയൊരു ലോകത്തിന്റെ വിസ്മയക്കാഴ്ചകളിലൂടെയാണ് ഇന്നത്തെ പുതുതലമുറ സഞ്ചരിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം വരെയും മിക്കവാറും സാമൂഹ്യജീവിതത്തിന്റെ ഏതു മണ്ഡലത്തിലും ആശയ സ്വീകരണത്തിനും അതുമായി ബന്ധപ്പെട്ട കൊടുക്കൽ വാങ്ങലുകൾക്കും ഉപയോഗപ്പെടുത്തിയിരുന്നത് അച്ചടി മാധ്യമങ്ങളെയാണ്. വായിച്ചു ഗ്രഹിച്ച് ആശയ രൂപീകരണം നടത്തുകയെന്നതായിരുന്നു അക്കാലം വരെയുള്ള ശീലം. ലോകത്തു നടക്കുന്ന പല സംഭവങ്ങളും അറിഞ്ഞിരുന്നത് പിറ്റേ ദിവസമോ ചിലപ്പോൾ ദിവസങ്ങൾ കഴിഞ്ഞോ മാത്രമായിരുന്നു. റേഡി

യോ പ്രക്ഷേപണത്തിലൂടെയും മറ്റും അന്നന്നു തന്നെ അറിയാൻ കഴിഞ്ഞിരുന്നത് വളരെ ചുരുക്കം കാര്യങ്ങൾ മാത്രമാണ്. മരണമോ മരണവുമായി ബന്ധപ്പെട്ട നടപടികളോ അപകടങ്ങളോ പ്രക്ഷോഭങ്ങളോ സംഘർഷങ്ങളോ യുദ്ധങ്ങളോ പ്രസംഗങ്ങളോ ഒക്കെ മണിക്കൂറുകളും ദിവസങ്ങളും കഴിഞ്ഞ് റിപ്പോർട്ട് ചെയ്യുന്നതിനിടയിൽ സംഭവിക്കുന്ന അപഭ്രംശങ്ങളും വിട്ടുപോകലുകളും ഒഴിവാക്കപ്പെടലുമൊക്കെ പിന്നീട് വായനക്കാരിലേക്ക് വിവരങ്ങൾ എത്തുകയായിരുന്നു പതിവ്. സംഭവങ്ങൾ നടക്കുന്നതിനും അച്ചടി മാധ്യമങ്ങളിലൂടെ അവ ഗ്രഹിക്കുന്നതിനും ഇടയിലെ മേൽപ്പറഞ്ഞ തരത്തിലുള്ള അരിപ്പകൾ പിന്നിടുമ്പോൾ യഥാർത്ഥ സംഭവത്തിന്റെ 50 ശതമാനം പോലും ഒരു പക്ഷേ ലഭിച്ചെന്നു വരില്ല. ദൃശ്യമാധ്യമങ്ങളുടെ വ്യാപനത്തോടെ ഈ അവസ്ഥക്ക് മാറ്റം വന്നു. സംഭവം നടക്കുന്ന സമയം തന്നെ തത്സമയ റിപ്പോർട്ടിങ്ങിലൂടെ പ്രേക്ഷകന് കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്ന സ്ഥിതി  സംജാതമായി. ചിത്രങ്ങളുടെ അകമ്പടിയോടെയുള്ള വിവരണങ്ങൾ കൂടിയാവുമ്പോൾ ഒരു ചലച്ചിത്രത്തിലെന്ന വണ്ണം കാര്യങ്ങൾ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്ന നിലയിലായി. വായിച്ചു മുഷിയുക എന്ന അവസ്ഥയിൽ നിന്ന് എല്ലാം കണ്ട് ആസ്വദിക്കുക എന്ന കൂടുതൽ ആഹ്ലാദകരമായ അന്തരീക്ഷമുണ്ടായി. അപകടങ്ങളോ സംഘർഷങ്ങളോ പോലും ചാനലുകളിലൂടെ അവതരിപ്പിക്കുമ്പോൾ അത്ഭുതവും ആനന്ദവും കലർന്ന അവസ്ഥയിലാണ് പ്രേക്ഷകർ അതിനെ നോക്കിക്കാണുന്നത്. ഗൾഫ് യുദ്ധത്തിന്റെ കാഴ്ചകൾ ദൃശ്യവിസ്മയ(spectacle) ങ്ങളായി അവതരിപ്പിച്ചതു സംബന്ധിച്ച് ടെലിവിഷൻ റിപ്പോർട്ടിങ്ങിനെപ്പറ്റി പിൽക്കാലത്തുണ്ടായ പല പഠനങ്ങളും നിരീക്ഷിക്കുന്നുണ്ട്. ദൃശ്യവിസ്മയങ്ങൾ ഒരുക്കാനുള്ള ടെലിവിഷന്റെ ഈ കഴിവ് പ്രേക്ഷകനെ, വിശേഷിച്ച് പുതിയ തലമുറയിൽപ്പെട്ടവരെ, ഏറെ ആകർഷിക്കുന്നതു സ്വാഭാവികം.

ഇന്നത്തെ കൗമാരക്കാർ പഠനം കഴിഞ്ഞുള്ള സമയം ടെലിവിഷനെയോ കംപ്യൂട്ടറിനെയോ ഒക്കെ ഉപയോഗപ്പെടുത്താൻ മണിക്കൂറുകൾ ചെലവഴിക്കുന്നു എന്നു പറയുമ്പോൾ അതുമായി ബന്ധപ്പെട്ട കേരളത്തിലെ സവിശേഷമായ സാമൂഹ്യ സംവിധാനം കൂടി ഓർക്കേണ്ടതുണ്ട്. 1970കൾക്കുശേഷം കേരളത്തിന്റെ സാമൂഹ്യ ഘടനയിലുണ്ടായ മാറ്റം ഇതുമായി ചേർത്തു പരിശോധിക്കേണ്ടതാണ്. കേരളത്തിന്റെ സാമൂഹ്യചരിത്രത്തിൽ കൂട്ടായ്മയുടെയും സ്നേഹമസൃണമായ കൊടുക്കൽവാങ്ങലുകളുടെയും ഗൃഹാതുരത്വം ഉണർത്തുന്ന അന്തരീക്ഷം ഏതാണ്ട് ഈ കാലത്തോടെയാണ് അന്യം നിന്നു തു

ടങ്ങുന്നത്. ഇവിടെ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള മലയാളിയുടെ കൂടുമാറ്റം അവന്റെ സാമൂഹ്യജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും പലവിധ പരിവർത്തനങ്ങൾ സൃഷ്ടിച്ചു. മുത്തശ്ശിമാരുടെ കഥകളും പാട്ടുകളും വാത്സല്യങ്ങളും കേട്ടും അനുഭവിച്ചും വളർന്ന ബാല്യം ഇതോടെ പുതുതലമുറയ്ക്ക് അന്യമായി. താരതമ്യേന ഉദ്യോഗസ്ഥരും ജോലിക്കാരുമായ മധ്യവർഗത്തെയാണ് ഇത് ഏറെയും ബാധിച്ചതെങ്കിലും താഴെ തട്ടിലുള്ളവരും ഈ പ്രവണതയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല. അണുകുടുംബം എന്നത് ഏറെക്കുറെ കേരളീയ ജീവിതത്തിന്റെ പൊതുസ്ഥിതിയാണെന്നു വന്നതോടെ പുതിയ തലമുറ മൊത്തത്തിൽ ഇതിന്റെ പ്രശ്നങ്ങൾ അനുഭവിച്ചു തുടങ്ങി. രണ്ടു കുട്ടികൾ മതിയെന്ന സങ്കൽപ്പത്തിൽ നിന്ന് ഏറ്റവും പുതിയ തലമുറയിലെ മാതാപിതാക്കൾ (പ്രത്യേകിച്ച് ഉദ്യോഗസ്ഥർ) ഒരു കുട്ടി മാത്രം മതിയെന്ന പാത സ്വീകരിച്ചു തുടങ്ങി. ഇതുമൂലം അച്ഛനും അമ്മയ്ക്കും ഒപ്പം ഒരു മകനോ/ മകളോ മാത്രം എന്ന സ്ഥിതിയായി. അച്ഛനും അമ്മയും ദൂരെസ്ഥലങ്ങളിൽ പോയി ജോലി ചെയ്യുന്നവരാണെങ്കിൽ പഠനം കഴിഞ്ഞ് വീട്ടിലെത്തുന്ന കുട്ടിയെ സ്വീകരിക്കുന്നത് പലപ്പോഴും ശൂന്യമായ വീടായിരിക്കും. ചിലപ്പോൾ വേലക്കാരികൾ ഉണ്ടെങ്കിലായി. ജോലി കഴിഞ്ഞ് വൈകി വീട്ടിൽ തിരിച്ചെത്തുന്ന അച്ഛനമ്മമാരാകട്ടെ ക്ഷീണിതരും അതുകൊണ്ടുതന്നെ കുട്ടിയുടെ കാര്യം അവധാനതയോടെ ശ്രദ്ധിക്കാനോ അവയിൽ ഇടപെടാനോ കഴിയാത്ത സ്ഥിതിയിലുമാകും. ചുരുക്കത്തിൽ കുട്ടി പൂർണമായും ഒറ്റപ്പെട്ട നിലയിലായിരിക്കും. അച്ഛനും അമ്മയും നൽകേണ്ട സാമീപ്യവും, അവർ പറഞ്ഞുകൊടുക്കേണ്ട കാര്യങ്ങളും പലപ്പോഴും കുട്ടി കണ്ടെത്തുന്നത് അവന്റെ പഠന മുറിയിലെ കംപ്യൂട്ടർ സ്ക്രീനിൽ നിന്നോ സ്വീകരണമുറിയിലെ ടെലിവിഷൻ സെറ്റിൽ നിന്നോ ഒക്കെയാണ്. ടെലിവിഷനെ കുട്ടികളുടെ രണ്ടാം രക്ഷിതാവ് എന്ന് റെയ്മണ്ട് വില്യംസ് വിളിച്ചത് ഈ സന്ദർഭത്തിൽ പ്രത്യേക പരാമർശം അർഹിക്കുന്നുണ്ട്.

മണിക്കൂറുകളോളം ടെലിവിഷൻ സെറ്റുകൾക്കും കംപ്യൂട്ടറുകൾക്കും മുന്നിൽ ചെലവഴിക്കുന്ന കൗമാരക്കാരൻ ടിവിയിൽ കാണുന്ന പരിപാടികൾ എന്തെന്നോ കംപ്യൂട്ടറിൽ സെർച്ച് ചെയ്യുന്ന ചാനലുകൾ എന്തെന്നോ മാതാപിതാക്കൾക്ക് കൃത്യമായ വിവരമുണ്ടാകണമെന്നില്ല. അച്ഛനമ്മമാരുടെ ചൂടുപറ്റിയും ലാളനകളേറ്റും ഉറങ്ങി ശീലിക്കുന്ന കുട്ടി (ആണായാലും പെണ്ണായാലും) കൗമാരത്തിലേക്ക് കടക്കുന്നതോടെ സ്വന്തമായ മറ്റൊരു മുറിയിലായിരിക്കും ഉറങ്ങുക. ഇങ്ങനെ തനിച്ച് രാത്രിയിൽ കഴിയുന്ന കുട്ടി കംപ്യൂട്ടറിൽ പരതുന്ന സൈറ്റുകൾ

ഏതെന്ന് മാതാപിതാക്കൾ പലപ്പോഴും അറിയാറുമില്ല. ഏതുതരത്തിലുള്ള വിഭ്രാമകമായ ചിന്തകളിലേക്കും സ്വപ്നങ്ങളിലേക്കും വഴുതിവീണുപോകുന്ന കാലമാണ് കൗമാരം എന്നതുകൊണ്ട് സൈബർ ലോകത്തെ ഏതുതരം കാഴ്ചകളിലായിരിക്കും അവൻ/അവൾ അഭിരമിക്കുന്നതെന്നും മുതിർന്നവർ അറിയണമെന്നില്ല. അശ്ലീല സൈറ്റുകൾ സ്ഥിരമായി സന്ദർശിച്ച് അപകടകരമായ മാനസിക നിലയിലെത്തിയ കൗമാരക്കാരുടെ നിരവധി കഥകൾ നാം മാധ്യമങ്ങളിൽ വായിച്ചറിഞ്ഞിട്ടുള്ളതാണ്. സ്ഥിരമായി അശ്ലീല സൈറ്റുകൾ കാണുന്ന കൗമാരക്കാരെ നിരീക്ഷിച്ച് കേസെടുക്കാൻ ഇന്റർപോൾ ബന്ധപ്പെട്ട പൊലീസ് അധികൃതർക്ക് നിർദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ മലയാളികളായ 25 കൗമാരക്കാർക്കെതിരെ കേസ് എടുക്കുകയും ചെയ്ത വാർത്ത ഈയിടെയാണ് പത്രങ്ങളിൽ വന്നത്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പഠനങ്ങളും അന്വേഷണങ്ങളും ആവശ്യമായി വന്നിരിക്കുകയാണ്.

# 3. മാധ്യമക്കാഴ്ചകളുടെ പരിസരം

പുതിയ മാധ്യമപ്രവണതകളെ പുത്തൻ തലമുറ എങ്ങനെ കാണുകയും സ്വീകരിക്കുകയും ചെയ്യുന്നു എന്ന അന്വേഷണത്തിന്റെ ഭാഗമായി നടത്തിയ സർവെയുടെ ഫലം കൗതുകകരമാണ്. തിരുവനന്തപുരം, ആലപ്പുഴ, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന 200 കുട്ടികളാണ് സർവെയിൽ പങ്കെടുത്തത്. ഇവരിൽ 40 പേർ പെൺകുട്ടികളായിരുന്നു. സർവെയിൽ പങ്കെടുത്ത വിദ്യാർഥികളുടെ രക്ഷിതാക്കളിൽ 75ശതമാനവും ഉയർന്ന വരുമാനമുള്ളവരും ഉന്നത വിദ്യാഭ്യാസം ലഭിച്ചവരുമായിരുന്നു. സർവെയിൽ പങ്കെടുത്തവരിൽ 10ശതമാനത്തിൽ താഴെ പേർക്കു മാത്രമായിരുന്നു കുടുംബത്തിന്റെ പ്രതിമാസ വരുമാനം 10000 രൂപയിൽ കുറവ്. ബാക്കി 75 ശതമാനത്തിനും 25,000 രൂപയിലധികമാണ് മാസവരുമാനം. 50000ത്തിനും ലക്ഷത്തിനും ഇടയിൽ പ്രതിമാസവരുമാനമുള്ളവരുടെ എണ്ണവും 10ശതമാനത്തിനടുത്തുവരും.

സർവെയിൽ പങ്കെടുത്തവരുടെ മാതാപിതാക്കളുടെ വിദ്യാഭ്യാസത്തിന്റെ കാര്യമെടുത്താലും ഏതാണ്ട് ഇതേ പാറ്റേൺ തന്നെ കാണാം. എസ്എസ്എൽസിയിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ള മാതാപിതാക്കളുടെ എണ്ണം 10ശതമാനത്തിൽ താഴെ. അതുപോലെ 10 ശതമാനം മാതാപിതാക്കൾക്ക് പ്രൊഫഷണൽ ബിരുദങ്ങളും പിഎച്ച്ഡി പോലുള്ള ഉന്നത ബിരുദങ്ങളും ഉള്ളവർ. 50 ശതമാനം പേർക്ക് ബിരുദവും 25ശതമാനം പേർക്ക് ബിരുദാനന്തരബിരുദവുമുണ്ട്.

തങ്ങൾ പറയുന്ന കാര്യങ്ങൾ തങ്ങളുടേതായി പുറത്തറിയുന്നതിൽ സർവെയിൽ പങ്കെടുത്ത ആർക്കും തന്നെ താൽപ്പര്യമുണ്ടായിരുന്നില്ല. അതുകൊണ്ട് ചോദ്യാവലിക്ക് ഉത്തരം നൽകിയ കുട്ടികളുടെ പേരോ സ്കൂളിന്റെ പേരോ കൃത്യമായി രേഖപ്പെടുത്താൻ ആരും തയ്യാറായിട്ടി

ല്ല. സർവെയിൽ പങ്കെടുത്തവർ ആരുംതന്നെ ടി വി കാണാത്തവരായി ഉണ്ടായിരുന്നില്ല. 20ശതമാനം പേർക്കു മാത്രമാണ് സ്വന്തമായി കംപ്യൂട്ടർ ഇല്ലാത്തത്. എന്നാൽ അവരും ഏതെങ്കിലും വിധത്തിൽ കംപ്യൂട്ടർ ഉപയോഗിക്കുന്നവർ തന്നെ.

ദിവസവും എത്രനേരം ടെലിവിഷൻ കാണുന്നു എന്ന ചോദ്യത്തിന് 72 ശതമാനം പേരും ഒരു മണിക്കൂറിലേറെയും രണ്ടു മണിക്കൂറിൽ കുറവും നേരം ടി വി കാണുന്നുവെന്നാണ് ഉത്തരം നൽകിയത്. 20 ശതമാനം പേർ ഒരു മണിക്കൂറോ അതിൽ കുറവോ സമയം മാത്രം ടി വിക്കുമുന്നിൽ ചെലവഴിക്കുന്നവരാണ്. എട്ടു ശതമാനം പേർ ടി വി കാണുന്നതിൽ കൃത്യമായ സമയനിഷ്ഠ പുലർത്താത്തവരാണ്.

72ശതമാനവും രണ്ടു മണിക്കൂറിൽ താഴെ സമയം മാത്രമാണ് ടെലിവിഷൻ കാണാൻ ഉപയോഗിക്കുന്നത് എന്നത് അത്ര അപകടകരമായി കാണാൻ കഴിയില്ലെങ്കിലും നിസ്സാരമായി കാണേണ്ടതല്ല. പഴയ പ്രീഡിഗ്രിക്കാരന്റേതിനെക്കാൾ ആഴത്തിലും പരപ്പിലുമുള്ള പുസ്തകങ്ങളും പാഠഭാഗങ്ങളും പഠിക്കാൻ ബാധ്യസ്ഥനാണ് ഇന്നത്തെ ഹയർസെക്കന്ററി വിദ്യാർത്ഥി. പ്രൊജക്ട്, സെമിനാർ തുടങ്ങിയ അനുബന്ധ പഠന മേഖലകൾ ഇതിനു പുറമെയുണ്ട്. അതായത് അഞ്ചു മണിക്കൂർ സ്കൂളിൽ ചെലവിടുന്ന വിദ്യാർത്ഥി അത്രത്തോളമോ ചിലപ്പോഴെങ്കിലും അതിലേറെ നേരമോ വീട്ടിലിരുന്നു പഠിക്കേണ്ടി വരുമ്പോഴാണ് രണ്ടു മണിക്കൂറോളം സമയം ടി വിക്കു മുന്നിൽ ചെലവഴിക്കുന്നതെന്നോർക്കണം.

ടിവിയിൽ ഭൂരിപക്ഷം പേരും കാണാനാഗ്രഹിക്കുന്ന പരിപാടി ഏതൊക്കെയെന്നറിയുമ്പോഴാണ് ഇതിന്റെ ഗൗരവം നമുക്ക് ബോധ്യമാകുന്നത്. സർവെയിൽ പങ്കെടുത്തവരിൽ 80 ശതമാനം പേരെങ്കിലും സ്ഥിരമായി കാണുന്നത് റിയാലിറ്റി ഷോ, കോമഡി പരിപാടികൾ, സിനിമ, സീരിയലുകൾ തുടങ്ങിയ വിനോദപ്രധാന പരിപാടികളാണ്. വാർത്തകളും വാർത്താധിഷ്ഠിത പരിപാടികളും കാണുന്നവർ 10 ശതമാനത്തിൽ താഴെയാണ്. വിദ്യാഭ്യാസ പരിപാടികൾ കാണുന്നവർ അഞ്ചുശതമാനത്തിൽ താഴെയാണെന്നതാണ് ഏറെ രസകരം. വിനോദപരിപാടിയെന്ന പേരിൽ ടിവിയിൽ വരുന്ന പരിപാടികളിൽ ഏറെയും നിലവാരം കുറഞ്ഞ തമാശകളും അസംബന്ധം നിറഞ്ഞ ജീവിത മുഹൂർത്തങ്ങളും കുത്തിനിറയ്ക്കുന്നവയാണ്. വളർന്നു വരുന്ന കുട്ടികളുടെ ഭാവനയേയോ ചിന്തയേയോ സാർത്ഥകമായ സ്വപ്നങ്ങളേയോ ഉത്തേജിപ്പിക്കുന്നതിന് ഒരു തരത്തിലും സഹായകമല്ല

ഈ വിനോദപരിപാടികൾ. ജീവിതത്തെക്കുറിച്ചോ മാനവികതയെപ്പറ്റി യോ എന്തെങ്കിലും ഉൾക്കാഴ്ച നൽകാൻ കഴിയുന്ന പരിപാടികളും ഈ ഗണത്തിൽ കാണാറില്ല. താൽക്കാലികവും കേവലവുമായ തറതമാ ശകളിൽ സമയം പോക്കാൻ മാത്രം ലക്ഷ്യമിട്ടു പടച്ചുവിടുന്ന കോമാ ളി പരിപാടി കാണാൻ ടി വി കാണുന്ന സമയത്തിന്റെ സിംഹഭാഗവും കുട്ടികൾ ചെലവഴിക്കുന്നു എന്നതാണ് ഖേദകരം.

വീട്ടിലിരുന്ന് പഠനത്തിനും ഹോംവർക്കിനുമായി എത്ര സമയം ചെലവഴിക്കുന്നു എന്ന ചോദ്യത്തിന് രണ്ടു മുതൽ മൂന്നു മണിക്കൂർ വരെ എന്നാണ് 78 ശതമാനത്തിന്റെയും ഉത്തരം. 10 ശതമാനം മാ ത്രമാണ് മൂന്നുമണിക്കൂറിലേറെ സമയം പഠനത്തിനു നീക്കിവെയ്ക്കു ന്നതായി പറഞ്ഞിട്ടുള്ളത്. രണ്ടു മണിക്കൂറിൽ താഴെ ചെലവഴിക്കു ന്നവരാണ് ബാക്കിയുള്ളവർ.

ടി വി കാണുന്നത് പഠനത്തെ ബാധിക്കുന്നുണ്ടോ എന്ന ചോദ്യ ത്തിന് 95 ശതമാനവും ഇല്ല എന്നാണ് ഉത്തരം നൽകിയത്. അഞ്ചു ശതമാനം പേർ മാത്രമേ ചിലപ്പോഴൊക്കെ ബാധിക്കുന്നതായി പറഞ്ഞി ട്ടുള്ളൂ. ബഹുഭൂരിപക്ഷവും പഠനത്തെ ബാധിക്കുന്നില്ലെന്നാണ് ഉത്തരം നൽകിയിട്ടുള്ളതെങ്കിലും ഏകദേശം പഠനത്തിനു സമാനമായ തോ തിലുള്ള സമയം ടി വി കാണാൻ ഭൂരിപക്ഷം പേരും ചെലവഴിക്കുന്നു എന്നു പറയുമ്പോൾ പഠനത്തിന് ഉപയോഗിക്കേണ്ട സമയത്തിന്റെ ഒരു ഭാഗമെങ്കിലും കൃത്യമായി ഒരു ഗുണവും ചെയ്യാത്ത ടെലിവിഷൻ പരി പാടികൾക്കായി മാറ്റിവെയ്ക്കുന്നുണ്ടെന്നുവേണം കരുതാൻ.

ടി വിയിലെ ഏതു പരിപാടിയാണ് കൂടുതൽ ഇഷ്ടം എന്ന ചോദ്യ ത്തിനുള്ള ഉത്തരവും കൗതുകം പകരുന്നതാണ്. ഏറ്റവും കൂടുതൽ കാഴ്ച്ചക്കാരുള്ളത് റിയാലിറ്റി ഷോകൾക്കും കോമഡി പരിപാടികൾ ക്കുമാണ്. 65 ശതമാനം പേർ.

ടി വിയിൽ കാണുന്ന പരിപാടികളിലെ ഏതെങ്കിലും കാര്യങ്ങൾ ( ആക്ഷൻ, സംസാരം, വേഷവിധാനം തുടങ്ങിയവ) ജീവിതത്തിൽ അനു കരിക്കാറുണ്ടോ എന്ന ചോദ്യത്തിന് 92 ശതമാനം പേരും അതെ എന്നാ ണ് ഉത്തരം നൽകിയത്. ടെലിവിഷൻ പരിപാടികൾ കൗമാരക്കാരെ എത്രത്തോളം സ്വാധീനിക്കുന്നു എന്നാണ് ഈ 92 ശതമാനത്തിന്റെ പ്രതികരണം തെളിയിക്കുന്നത്.

ടി വി അവതാരകരുടെ സംസാരഭാഷ, സംസാര രീതി, ശരീരഭാ ഷ, വേഷവിധാനം എന്നിവയൊക്കെ അനുകരിക്കാൻ ശ്രമിക്കാറുണ്ടോ

എന്ന ചോദ്യത്തിന് 60 ശതമാനം പേരും ഇല്ല എന്നാണ് മറുപടി നൽകിയത്. സംസാരഭാഷയോട് ആഭിമുഖ്യം തോന്നുന്നവർ 10 ശതമാനത്തിൽ താഴെ മാത്രമാണ്. അവതാരകരുടെ വസ്ത്രധാരണരീതിയോട് കമ്പം തോന്നുന്നുണ്ടെന്ന് ഉത്തരം നൽകിയവർ 13 ശതമാനം മാത്രം. ഇവരിൽ ഏറെയും പെൺകുട്ടികളാണെന്നതും ശ്രദ്ധേയമാണ്.

ടി വിയിലെ പരസ്യങ്ങൾ കണ്ട ശേഷം അവ വാങ്ങണമെന്നോ സ്വന്തമാക്കണമെന്നോ തോന്നാറുണ്ടോ എന്ന ചോദ്യത്തിന് ഭൂരിപക്ഷം പേരുടെയും ഉത്തരം അതെ എന്നായിരുന്നു. ഇരുചക്രവാഹനങ്ങൾ, മൊബൈൽ ഫോൺസെറ്റുകൾ, ഐ പോഡുകൾ, പെർഫ്യൂമുകൾ തുടങ്ങിയവ വാങ്ങാനാണ് ഏറെപ്പേർക്കും താൽപര്യം. പുതിയ കാലം സമ്മാനിക്കുന്ന ആഡംബര പൂർണമായ ജീവിതത്തിന്റെ അടിച്ചുപൊളി യെക്കുറിച്ചാണ് കൗമാരക്കാരിൽ ഭൂരിപക്ഷത്തിനും താൽപ്പര്യം എന്നർത്ഥം. സർവെയിൽ പങ്കെടുത്തവരിൽ താരതമ്യേന താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികളുടെ ജീവിതത്തെപ്പോലും വ്യാമോഹിപ്പിക്കുന്നത് പുതിയ കാലത്തിന്റെ വിലോഭനീയമായ ഉൽപ്പന്നങ്ങളാണെന്നതാണ് സത്യം. ഇത് ഗൗരവതരമായ പരിശോധന ആവശ്യപ്പെടുന്നു.

ടി വി പരിപാടികളിലും ടി വി സിനിമകളിലുമൊക്കെ കാണുന്ന മദ്യപാനം, പുകവലി തുടങ്ങിയവ അനുകരിക്കണമെന്നു തോന്നാറുണ്ടോ എന്ന ചോദ്യത്തിന് 90ശതമാനത്തോളം പേരും ഇല്ലെന്ന ഉത്തരമാണ് നൽകിയത്. ഇത് ആശ്വാസകരമായ പ്രവണതയാണ്. ചെറു ന്യൂനപക്ഷം അതെ എന്ന് ഉത്തരം നൽകിയതാവട്ടെ സ്ക്രീനിൽ അതു പയോഗിക്കുന്ന കഥാപാത്രങ്ങളോടുള്ള ആരാധന തലയ്ക്കു പിടിച്ചിട്ടാണ്. എന്നാൽ സ്കൂൾ പരിസരങ്ങളിൽ (പ്രത്യേകിച്ച് നഗരപ്രദേശങ്ങളിലെ സ്കൂളുകളുടെ ചുറ്റുവട്ടങ്ങളിൽ) പാൻമസാലയടക്കമുള്ള ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന വർധിച്ചു വരുന്നതായി വ്യാപകമായി വാർത്തകൾ വരുന്നതിന്റെ പശ്ചാത്തലത്തിൽ ഈ ചോദ്യത്തിനുള്ള ഉത്തരത്തിലെ സത്യസന്ധത പൂർണമായും ഉറപ്പിക്കാനാവാത്ത സ്ഥിതിയാണ്. ഇത്തരം ആശാസ്യമല്ലാത്ത പ്രവണത വർധിച്ചുവരുന്നുണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണല്ലോ ഈയിടെ പാൻ മസാല പൂർണമായി നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയത്.

കുറ്റകൃത്യങ്ങളെപ്പറ്റി ടി വി ചാനലുകളിൽ വരുന്ന പരിപാടികൾ കാണാറുണ്ടോ എന്ന ചോദ്യത്തിന് 70 ശതമാനത്തോളം പേർ കാണാ

റുണ്ടെന്ന നിലപാടാണ് അവതരിപ്പിച്ചത്. എഫ്ഐആർ, കുറ്റപത്രം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന പരിപാടികളാണ് ഏറെപ്പേരും കാണുന്നത്. കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പരിപാടികളോട് പുതുതലമുറ കൂടുതൽ ആഭിമുഖ്യം പുലർത്തുന്നുവെന്ന കണ്ടെത്തൽ നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. അടുത്തയിടെ ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ ഒരു സ്കൂളിൽ വിദ്യാലയ വർഷം ആരംഭിച്ച ദിവസം പത്താം ക്ലാസുകാരനായ പതിനാറുകാരൻ സഹപാഠിയെ കഴുത്തുമുറിച്ചു കൊലപ്പെടുത്തിയ സംഭവം കേരളത്തെയാകെ ഞെട്ടിച്ചതാണ്. കൊലപാതകം നടത്തേണ്ട രീതിയെപ്പറ്റി മനസ്സിലാക്കിയത് റാംബോ എന്ന ഹോളിവുഡ് ചിത്രത്തിൽ നിന്നാണെന്ന് പ്രതിയായ കുട്ടി ഒരു വികാരവിക്ഷോഭവുമില്ലാതെ പറഞ്ഞതായാണ് വാർത്ത. മനസ്സോ, ചിന്തയോ ഒന്നും പാകപ്പെട്ടിട്ടില്ലാത്ത പ്രായത്തിൽ ഒരു ബെഞ്ചിലിരുന്ന് പഠിച്ച സഹപാഠിയെ ക്രൂരമായി കൊലപ്പെടുത്തിയ കാര്യം സങ്കോചമേതുമില്ലാതെ തുറന്നുപറയുകയാണ് ഈ കൗമാരക്കാരൻ. ഒരു പക്ഷേ കുറ്റവാസന സ്വഭാവത്തിൽത്തന്നെ ഉള്ളവനായിരിക്കാം അവൻ. അതിന് അവന്റെ കുടുംബപരവും സാമൂഹ്യവുമായ കാരണങ്ങളുമുണ്ടാകാം. എങ്കിൽപ്പോലും ഒരു സിനിമ അസാധാരണവും ഭീകരവുമായ കൊലപാതകം നടത്താൻ അവന് പ്രചോദനമായി എന്നത് നിസ്സാരമല്ല. കുറച്ചു നാൾ മുമ്പ് അമേരിക്കയിൽ ഒരു സ്കൂൾ വിദ്യാർത്ഥി സഹപാഠികളെ വെടിവെച്ചു കൊന്ന വാർത്ത വന്നപ്പോഴും പ്രതിയായ കൗമാരക്കാരന് പ്രേരണയായത് ടി വിയിലും സിനിമയിലും ആവർത്തിച്ചുകണ്ട സമാനമായ കുറ്റകൃത്യങ്ങളായിരുന്നുവെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ രണ്ടു സംഭവങ്ങളും കൂട്ടിവായിക്കേണ്ടതാണ്.

ഹയർ സെക്കൻഡറിയിൽ സയൻസ് ഗ്രൂപ്പിൽ പഠിക്കുന്നവർക്ക് പഠനപ്രക്രിയയുടെ ഭാഗം തന്നെയാണ് കംപ്യൂട്ടർ അധിഷ്ഠിത വിജ്ഞാനം. പഠനത്തിന് അനിവാര്യമല്ലെങ്കിൽക്കൂടി കംപ്യൂട്ടറുകളുമായി നിത്യബന്ധമില്ലാത്ത കൗമാരക്കാർ നന്നെ കുറവാണ്. അതുകൊണ്ട് കംപ്യൂട്ടർ ഉപയോഗത്തെപ്പറ്റിയുള്ള വിവരങ്ങളും സർവെയിൽ ഉൾപ്പെടുത്തിയിരുന്നു. ടെലവിഷൻ കാഴ്ചക്ക് ചെലവഴിക്കുന്നതിന്റെ പകുതിയിലേറെ സമയമെങ്കിലും കംപ്യൂട്ടർ ഉപയോഗിക്കാനായി ചെലവഴിക്കുന്നുണ്ടെന്നായിരുന്നു ലഭിച്ച വിവരം. സർവെയിൽ പങ്കെടുത്തവരിൽ 80ശതമാനവും പഠനത്തിന്റെ ഭാഗമായി കംപ്യൂട്ടർ ഉപയോഗിക്കുന്നവരാണ്. എന്നാൽ കംപ്യൂട്ടർ ഉപയോഗിക്കാത്തവരോ, കംപ്യൂട്ടർ സാങ്കേതിക വിദ്യ അറിയാത്തവരോ ആയി ആരുംതന്നെ ഉണ്ടായിരുന്നില്ല. സർവെയിൽ പങ്കെടുത്ത കംപ്യൂട്ടർ ഉപയോഗിക്കുന്നവരിൽ

168 പേരും ഒരു മണിക്കൂറിനും രണ്ടു മണിക്കൂറിനും ഇടയിൽ കംപ്യൂട്ടർ ഉപയോഗിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇങ്ങനെ കംപ്യൂട്ടർ സെർച്ച് ചെയ്യുന്നതിന് ഉപയോഗിക്കുന്ന സമയത്തിന്റെ പകുതിയിലേറെയും ഫേസ്ബുക്ക്, ഓർക്കുട്ട് തുടങ്ങിയ സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളിൽ പോകാനാണ് ഉപയോഗിക്കുന്നത്. ഓൺ ലൈൻ ചാറ്റിങ്ങിനും യൂട്യൂബ് സന്ദർശിക്കുന്നതിനും സമയം കണ്ടെത്തുന്നവരും ഏറെ.

അതായത് പഴയ പ്രീഡിഗ്രിക്കാരന് സ്കൂൾ സമയത്തിനു ശേഷം വീട്ടിലിരുന്ന് പഠിക്കാൻ ലഭിച്ചിരുന്ന സമയത്തിൽ ശരാശരി മൂന്നു മണിക്കൂറെങ്കിലും ഇപ്പോൾ പ്രീഡിഗ്രിക്കാരന്റെ സ്ഥാനം അലങ്കരിക്കുന്ന ഹയർ സെക്കൻഡറിക്കാരന് ടി വി/കംപ്യൂട്ടർ കാഴ്ചകൾക്കായി നീക്കി വെക്കേണ്ടി വരുന്നു എന്നർത്ഥം. പഠിക്കാനുള്ള സമയം കുറയുന്നു എന്നതിനൊപ്പം പഴയ പ്രീഡിഗ്രിക്കാരനെ അപേക്ഷിച്ച് ഇപ്പോഴത്തെ ഹയർ സെക്കൻഡറിക്കാരന് പഠിക്കാനുള്ള കാര്യങ്ങളിൽ വലിയ തോതിൽ വർധനവുണ്ടായിട്ടുമുണ്ട്. ഇത് സ്വാഭാവികമായും ഈ ഘട്ടത്തിലുള്ള കുട്ടികളെ വല്ലാത്ത മാനസിക സമ്മർദ്ദത്തിലാഴ്ത്തുന്നുണ്ട്.

മൊബൈൽ ഫോൺ ഉപയോഗത്തെപ്പറ്റിയുള്ള ചോദ്യങ്ങളിൽ നിന്ന് വ്യക്തമാകുന്നത് സർവെയിൽ പങ്കെടുത്തവരിൽ നാല് ശതമാനത്തിനു മാത്രമാണ് സ്വന്തമായി മൊബൈൽ ഫോൺ ഇല്ലാത്തത്. സ്വന്തമായി മൊബൈൽ ഫോൺ ഇല്ലാത്തവർ വീട്ടിലുള്ള മുതിർന്നവരുടെ ഫോൺ ഉപയോഗിക്കുന്നുമുണ്ട്. ഭൂരിപക്ഷം പേരും ഒരു മണിക്കൂറിനടുത്ത് മൊബൈൽ ഫോണിൽ സംസാരിക്കുന്നുവെന്നും കാണുന്നു. ശരാശരി അഞ്ചു മുതൽ പത്തുവരെ പേരെ ഒരു ദിവസം മൊബൈൽ ഫോൺ വഴി ബന്ധപ്പെടാറുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. 20 ശതമാനം പേർ മാത്രമാണ് പഠന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പ്രോജക്ട് വർക്കുകൾ ചെയ്യുന്നതിനും മറ്റുമായി മൊബൈലിൽ സംസാരിക്കാറുള്ളത്. ഭൂരിപക്ഷം പേരും ചാറ്റിങ്ങിനു മാത്രമായാണ് മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നത്.

പാഠപുസ്തകങ്ങളല്ലാതെ മറ്റു പുസ്തക വായനയെപ്പറ്റിയുള്ള ചോദ്യത്തിന് 66 ശതമാനം പേരും കാര്യമായൊന്നും വായിക്കുന്നില്ലെന്നാണ് ഉത്തരം നൽകിയിട്ടുള്ളത്. വായിക്കുന്ന ചുരുക്കം പേരാകട്ടെ ദിവസം അരമണിക്കൂറിനും ഒരു മണിക്കൂറിനും ഇടയിലുള്ള സമയം മാത്രമാണ് ഇത്തരത്തിലുള്ള വായനയ്ക്ക് ചെലവഴിക്കുന്നത്. ഗൗരവതരമായ വായനയോ ക്ലാസിക്ഗ്രന്ഥ പാരായണമോ ശീലമാക്കി

യിട്ടുള്ളവരെ ആരെയും തന്നെ സർവെയിൽ കണ്ടെത്താനായില്ല.

സ്കൂൾ സമയത്തിനുശേഷം കളിക്കാൻ പോകുന്നവരുടെ എണ്ണം നന്നെ ചുരുക്കമാണ്. എട്ടു ശതമാനം മാത്രമാണ് പുറത്ത് മറ്റു കുട്ടികളുമായി കളികളിൽ ഏർപ്പെടുന്നത്. ബാക്കിയുള്ളവരെല്ലാം സ്കൂൾ വിട്ടു വീട്ടിലെത്തിയാൽ ഉടൻ തന്നെ വീഡിയോ ഗെയിമുകളിലേക്കോ ഏറെപ്പേരും ട്യൂഷൻ പഠനത്തിലേക്കോ മുങ്ങുന്ന കാഴ്ചയാണ്.

സർവെയിൽ പങ്കെടുത്തവരിൽ നടന്ന് സ്കൂളിൽ പോകുന്നവർ കഷ്ടിച്ച് നാലു ശതമാനം മാത്രം. ബാക്കിയുള്ളവർ ഒന്നുകിൽ സൈക്കിളിൽ അല്ലെങ്കിൽ ഓട്ടോറിക്ഷയിലോ ബസ്സിലോ ആണ് സ്കൂളിൽ പോകുന്നത്.

## നിഗമനങ്ങൾ

ടി വി, കംപ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവയുടെ ഉപയോഗം സംബന്ധിച്ച് നടത്തിയ സർവെയിൽ നിന്ന് ഉരുത്തിരിഞ്ഞ പ്രധാന കാര്യങ്ങൾ താഴെ പറയുന്ന രീതിയിൽ സംഗ്രഹിക്കാം.

1. പുതിയ മാധ്യമങ്ങളുമായി ഇടപഴകുന്നതിന് ശരാശരി മൂന്നു മണിക്കൂറെങ്കിലും കുട്ടികൾ ചെലവഴിക്കുന്നുണ്ട്. ഇതിന്റെ നാലിലൊന്നു സമയം മാത്രമാണ് പഠന കാര്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നത്.

2. പുതിയ മാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് ചെലവഴിക്കുന്ന സമയത്തിന്റെ ഭൂരിഭാഗവും വിനോദപരിപാടികൾക്കാണ് വിനിയോഗിക്കുന്നത്. വിനോദങ്ങൾ എന്ന ലേബലിൽ ടിവിയിലും മറ്റും വരുന്ന പരിപാടികളിൽ ഏറെയും അർത്ഥശൂന്യമായ തറ തമാശകൾ കുത്തിനിറച്ചതായതുകൊണ്ട് ഇവ പുതിയ തലമുറയുടെ വ്യക്തിത്വ രൂപീകരണത്തിന് ഗുണപരമായ സംഭാവനയൊന്നും നൽകുന്നില്ലെന്നുവേണം അനുമാനിക്കാൻ. മറിച്ച് ആശാസ്യമല്ലാത്ത ചില സ്വാധീനങ്ങൾ ഉളവാക്കുന്നുമു ണ്ട്.

3. പഠനത്തിനോ കളികൾക്കോ ശാരീരികവും മാനസികവുമായ ഉന്മേഷം പ്രദാനം ചെയ്യുന്ന മറ്റുകാര്യങ്ങൾക്കോ വിനിയോഗിക്കാൻ കഴിയുന്ന മൂന്നു മണിക്കൂറാണ് ഇത്തരം മാധ്യമങ്ങളുമായുള്ള ഇടപഴകലിനായി ദിവസവും ചെലവിടുന്നത്. ഇത് കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വളർച്ചക്ക് ചെറിയ തോതിലെങ്കിലും തടസ്സം സൃഷ്ടിക്കും.

4. റിയാലിറ്റി ഷോകളുടെയും തമാശപ്പരിപാടികളുടെയും മുന്നിൽ മണിക്കൂറുകൾ ചെലവിടുന്ന കുട്ടികളിൽ യാഥാർത്ഥ്യബോധമില്ലാത്ത പ്രതീക്ഷകളും അനുകരണങ്ങളും സൃഷ്ടിക്കുന്നുണ്ട്. സംഗീതബോധമോ സ്വരശുദ്ധിയോ തൊട്ടുതീണ്ടിയിട്ടില്ലാത്ത കുട്ടികൾ വലിയ പാട്ടുകാരാകാൻ ശ്രമിക്കുന്നതും താളബോധം പോലും മനസ്സിലില്ലാത്ത പലരും നർത്തകരാകാൻ ശ്രമിക്കുന്നതും ഇത്തരം പ്രതീക്ഷകളിൽ നിന്നാണ്. ടി വി സ്ക്രീനിലും മറ്റും പ്രകടനങ്ങൾ കാഴ്ച വെക്കുന്നതിൽ സായൂജ്യം കണ്ടെത്തുന്ന മാതാപിതാക്കളിൽ നല്ലപങ്കും കുട്ടികളുടെ ഇത്തരം യാഥാർത്ഥ്യബോധമില്ലാത്ത പ്രതീക്ഷകളെ ആളിക്കത്തിക്കാനും ശ്രമിക്കാറുണ്ട്.

5. ടെലിവിഷനിലെയും മറ്റ് ദൃശ്യമാധ്യമങ്ങളിലെയും പരിപാടികൾ കുട്ടികളെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. ഈ സ്വാധീനം പലപ്പോഴും അനുകരണഭ്രമമായി മാറാറുമുണ്ട്. ചിലപ്പോഴൊക്കെ ഈ അനുകരണഭ്രമം അപകടം വിളിച്ചു വരുത്തുകയും ചെയ്യുന്നു.

6. ദൃശ്യമാധ്യമങ്ങളിലെ പരിപാടികൾ മാത്രമല്ല, പരസ്യങ്ങളും കുട്ടികളിൽ വിലയ തോതിൽ സ്വാധീനം ചെലുത്തുന്നുണ്ട്. ആഡംബര ജീവിതത്തിന് ആവശ്യമായ പല സാധനങ്ങളും വാങ്ങാനും മാതാപിതാക്കളെക്കൊണ്ട് വാങ്ങിപ്പിക്കാനും ഇടവരുത്തുന്നത് ഇതുകൊണ്ടാണ്.

7. മദ്യപാനം, പുകവലി, മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവയോട് ചെറിയ തോതിലെങ്കിലും ആരാധന തോന്നുന്ന ചുരുക്കം കുട്ടികളുണ്ടെന്നത് വസ്തുതയാണ്. ഇക്കാര്യത്തിൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും കർശനമായ ഇടപെടലുകളും ബോധവൽക്കരണവും അനിവാര്യമാണ്.

8. ദൃശ്യമാധ്യമങ്ങളിലെ അക്രമങ്ങളും കൊലപാതകളും അവയ്ക്ക് ഉപയോഗിക്കുന്ന കുറ്റമറ്റ ശാസ്ത്രീയ രീതികളും വളരെ ചെറിയൊരു വിഭാഗത്തിന്റെ ഇടയിലാണെങ്കിലും സ്വാധീനം ചെലുത്തുന്നുണ്ടെന്നത് വസ്തുതയാണ്. ഇത്തരം കാര്യങ്ങൾ സ്ക്രീനിൽ ചെയ്യുന്ന നായകനോടും പ്രതിനായകനോടും വീരാരാധന തോന്നും വിധമാണ് ഇവ ചിത്രീകരിക്കാറുള്ളത്. ഇത് കൂടെക്കൂടെ കാണുന്ന, പ്രത്യേകിച്ച് കുറ്റവാസനയിലേക്ക് വഴുതി വീഴാൻ സാധ്യതയുള്ള ചെറുന്യൂനപക്ഷത്തെയെങ്കിലും കുറ്റകൃത്യങ്ങളിലേക്ക് നയിക്കാറുണ്ട്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും മാത്രമല്ല, മനഃ

ശാസ്ത്ര വി ദഗ്ധരുടെയും ശാസ്ത്രീയമായി കൗൺസിലിങ് നടത്താൻ യോഗ്യരായവരുടെയും ഗൗരവതരമായ ഇടപെടലുകൾ ആവശ്യപ്പെടുന്ന മേഖലയാണിത്.

9. പാഠ്യേതര വിഷയങ്ങളിൽ ഗൗരവതരമായ വായന കുറഞ്ഞുവരികയാണെന്നാണ് സർവെയിൽ തെളിയുന്നത്. പഠനപ്രക്രിയയെ ശക്തിപ്പെടുത്തുന്ന ഗൈഡുകളിലും റഫറൻസ് ഗ്രന്ഥങ്ങളിലുമായി പാഠ്യേതരവിഷയങ്ങളിലെ വായന പരിമിതപ്പെടുകയാണ്. മലയാള ഭാഷയും ചരിത്രവും സംസ്കാരവുമൊന്നും വേണ്ടത്ര അറിയാതെയാണ് പുതിയ തലമുറയിൽ ഏറെപ്പേരും വളരുന്നതെന്നും കാണുന്നു.

10. ടി വിയും സിനിമയും കംപ്യൂട്ടറും അടക്കമുള്ള ദൃശ്യമാധ്യമങ്ങളെ കൂറേക്കൂടി ഗൗരവത്തോടും വിമർശനാത്മകവുമായി ഇടപെടാൻ പുതുതലമുറയെ പ്രേരിപ്പിക്കണമെന്ന സന്ദേശവും സർവെയിൽ തെളിയുന്നു.

# 4. ടെലിവിഷൻ: ചരിത്രവും വർത്തമാനവും

മാധ്യമങ്ങളുടെ ലോകത്ത് പ്രായേണ ചെറിയ ചരിത്രമേ ടെലിവിഷനുള്ളൂ. ലക്ഷണമൊത്ത അച്ചടിച്ച പത്രം ആരംഭിച്ചിട്ട് (1702ൽ ലണ്ടനിൽ നിന്ന് ആരംഭിച്ച ഡെയ്‌ലി കൊറാന്ത് ) മൂന്നു നൂറ്റാണ്ടു പിന്നിട്ടുവെങ്കിലും ടെലിവിഷന്റെ ചരിത്രത്തിന് ഒരു നൂറ്റാണ്ടിന്റെ ആയുസ്സുപോലും ആയിട്ടില്ല. 1924ൽ ന്യൂയോർക്കിലും ലണ്ടനിലുമാണ് ലോകത്ത് ആദ്യമായി ടെലിവിഷൻ സംപ്രേഷണം ആരംഭിച്ചതെന്ന് ചരിത്രം പറയുന്നു. എന്നാൽ നവതിയിൽപ്പോലും എത്താത്ത ടെലിവിഷൻ സംപ്രേഷണത്തിന്റെ കുതിച്ചുചാട്ടം അത്ഭുതാവഹമാണ്. ലോകത്തിന്റെ കാഴ്ചകൾ മാത്രമല്ല, ലോകത്തിന്റെ അഭിപ്രായവും ആശയവും ചിന്താഗതിയും മുന്നേറ്റവുമൊക്കെ നിർണയിക്കുന്നത് ടെലിവിഷനാണെന്ന നിലയിലെത്തിയിരിക്കുന്നു അതിന്റെ പ്രചാരവും വ്യാപനവും. ഒരേസമയം ആനന്ദിപ്പിക്കുകയും ത്രസിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും കൂടെക്കൊണ്ടുപോകുകയുമൊക്കെ ചെയ്യുന്ന വിസ്മയങ്ങളുടെ ഭണ്ഡാഗാരമായി ടെലിവിഷൻ മാറിയിരിക്കുന്നു.

എട്ടൊമ്പതു പതിറ്റാണ്ടിനുമപ്പുറം അമേരിക്കയിലും ഇംഗ്ലണ്ടിലും ജന്മംകൊണ്ട ടെലിവിഷൻ സംപ്രേഷണം ഇന്ത്യയിലെത്താൻ പിന്നെയും കാലമേറെ കാത്തിരിക്കേണ്ടിവന്നുവെന്നാണ് ചരിത്രം. 1959 സപ്തംബർ 15നായിരുന്നു ഇന്ത്യയിൽ ആദ്യമായി ദൂരദർശൻ ടെലിവിഷൻ സംപ്രേഷണം നടത്തിയത്. 1982 വരെ ടെലിവിഷന്റെ സാധ്യതകളെപ്പറ്റി നമുക്ക് കാര്യമായ അറിവുണ്ടായിരുന്നില്ല. 1982 ആഗസ്ത് 14ന് രാത്രി അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി രാജ്യത്തിനു നൽകിയ സ്വാതന്ത്ര്യദിന സന്ദേശം ഇന്ത്യയിലെ ആദ്യ കളർ ടെലിവിഷൻ സംപ്രേഷണമായി ചരിത്രത്തിൽ സ്ഥാനം പിടിച്ചു. അതേ വർഷം അവസാനത്തോടെ ഡൽഹിയിൽ നടന്ന ഏഷ്യൻ രാജ്യങ്ങളുടെ കായിക മാമാങ്കമായ ഏഷ്യാഡ് കൂടി കളർ ടെലിവിഷൻ സ്ക്രീനിൽ

പ്രത്യക്ഷപ്പെട്ടതോടെ ടെലിവിഷൻ കാഴ്ചകളുടെ വർണരാജി ഇന്ത്യക്കാരന് മുന്നിൽ തുറന്നിടുകയായിരുന്നു. എങ്കിൽപ്പോലും എൺപതുകളിൽ ടെലവിഷൻ നെറ്റ് വർക്കുകൾ ഇന്ത്യയിൽ വ്യാപകമായിരുന്നില്ല. നഗരങ്ങൾ കേന്ദ്രീകരിച്ചു ലഭിക്കുന്ന ദൂരദർശൻ മാത്രമായിരുന്നു ഈ കാലയളവിൽ നമ്മുടെ ടെലിവിഷൻ കാഴ്ചകളെ തൃപ്തിപ്പെടുത്തിയത്. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷത്തിനും ടെലിവിഷനുമായി ഇടപെടാൻ അവസരം ലഭിച്ചിരുന്നില്ല. 1992ഓടു കൂടിയാണ് ഇതിനു മാറ്റമുണ്ടായത്. 1991-96 കാലത്ത് അധികാരത്തിലിരുന്ന പി വി നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇന്ത്യയുടെ സാമ്പത്തിക നയം അടിമുടി പൊളിച്ചെഴുതി. ഉദാരവൽക്കരണം (Liberalisation), സ്വകാര്യവൽക്കരണം (Privatisation), ആഗോളവൽക്കരണം (Globalisation) എന്നീ പ്രമാണങ്ങളിൽ അധിഷ്ഠിതമായ പുത്തൻ സാമ്പത്തിക നയങ്ങൾ ആവിഷ്കരിച്ചു. ഇതിന്റെ ചുവടുപിടിച്ച് വിദേശ ടെലിവിഷൻ ചാനലുകൾക്ക് ഇന്ത്യയിൽ സംപ്രേഷണത്തിനുള്ള അവകാശം നൽകി. ഇതോടുകൂടിയാണ് കേബിൾ ടി വി ശൃംഖലകൾ വ്യാപിക്കുന്നതും വിദേശ ടെലിവിഷൻ ചാനലുകൾ നമുക്ക് ലഭ്യമായി തുടങ്ങുന്നതും.

1992 മുതലുള്ള കഴിഞ്ഞ രണ്ടു പതിറ്റാണ്ട് ടെലിവിഷൻ സംപ്രേഷണത്തിന്റെ കാര്യത്തിൽ വിസ്മയകരമായ മുന്നേറ്റമാണ് രാജ്യത്ത് സൃഷ്ടിച്ചത്. ഇന്നിപ്പോൾ ആഭ്യന്തരവും വിദേശീയവുമായ 600ഓളം ടെലിവിഷൻ ചാനലുകൾ ഇന്ത്യയിൽ ലഭ്യമാണ്. 1998 ആയതോടെ വാർത്തകൾക്കു മാത്രമായി മുഴുവൻ സമയ ചാനലുകളും പ്രവർത്തിക്കാൻ തുടങ്ങി. ഇംഗ്ലീഷിലും വിവിധ പ്രാദേശിക ഭാഷകളിലുമായി ഇന്ന് 60ലേറെ മുഴുസമയ വാർത്താ ചാനലുകൾ രാജ്യത്ത് സജീവമാണ്. ലോകസംഭവവികാസങ്ങൾ മുഴുവൻ ടെലിവിഷൻ കാഴ്ചകളിലൂടെ നാം തത്സമയം ഏറ്റുവാങ്ങുന്ന സ്ഥിതിയിലെത്തി. അറുപതുകളിലെ വിയ്റ്റ്നാം യുദ്ധം സ്വീകരണമുറിയിലെ ആദ്യയുദ്ധ(First Living room War) മാണെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്.

1991 ജനുവരി 16ന് അമേരിക്ക ആരംഭിച്ച ഒന്നാം ഇറാഖ് ആക്രമണത്തിന്റെ രംഗങ്ങളും ടി വി കാഴ്ചകളിലൂടെ ലോകം അറിഞ്ഞതിനെപ്പറ്റി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ലോക ജനത മാത്രമല്ല, ഇറാഖിനെ ആക്രമിച്ച അമേരിക്കൻ പ്രസിഡണ്ട് ജോർജ് ബുഷും അതിന് ഇരയാകേണ്ടിവന്ന ഇറാഖ് പ്രസിഡന്റ് സദ്ദാം ഹുസൈനും യുദ്ധദൃശ്യങ്ങൾക്കും വാർത്തകൾക്കും ആശ്രയിച്ചിരുന്നത് അമേരിക്കൻ ടി വി ശൃംഖലയായ സിഎൻഎന്നിനെ ആയിരുന്നുവെന്നും ചില

പഠനങ്ങൾ പറയുന്നു. സമാനമായ അനുഭവമാണ് 2008 നവംബർ 26ന്റെ മുംബൈ ഭീകരാക്രമണത്തിൽ ലോകത്തിനുണ്ടായത്. തീവ്രവാദികളുടെ ആക്രമണവും അവരെ കീഴ്പ്പെടുത്താനുള്ള സൈന്യത്തിന്റെയും പൊലീസിന്റെയും കമാൻഡോ ഓപ്പറേഷനും രക്ഷാപ്രവർത്തനവുമൊക്കെ ടെലിവിഷൻ കാഴ്ചകളുടെ വിസ്മയഭാവങ്ങളിലാണ് നാം തത്സമയം കണ്ടത്. ഇന്ത്യക്കാരെ സംബന്ധിച്ച് വേണമെങ്കിൽ സ്വീകരണമുറിയിലെ ആദ്യയുദ്ധമെന്ന് മുംബൈ ഭീകരാക്രമണത്തെ വിളിക്കാവുന്നതാണ്. ടെലിവിഷൻ സംപ്രേഷണ സാധ്യതയുടെ പാരമ്യമാണ് നാമിവിടെ കാണുന്നത്. കേരളം ടെലിവിഷൻ കാഴ്ചകളിലേക്ക് മിഴി തുറക്കാൻ പിന്നെയും വർഷങ്ങൾ വേണ്ടിവന്നു. 1984ലാണ് മലയാളം ദൂരദർശൻ സംപ്രേഷണം ആരംഭിക്കുന്നത്. എന്നാൽ അന്നൊക്കെ വലിയ ഗോപുരാഗ്രങ്ങളിൽ സ്ഥാപിക്കുന്ന ആന്റിനയുടെ സഹായത്തോടെ മാത്രം ലഭിച്ചിരുന്ന ദൂരദർശൻ ചാനൽ ദൃശ്യത്തിന് ഒരിക്കലും ഇന്നത്തെ എൽഇഡി ടി വിയിലെ ദൃശ്യങ്ങളുടെ തെളിച്ചമോ ചാരുതയോ ഉണ്ടായിരുന്നില്ല. 1993ൽ ഏഷ്യാനെറ്റ് മലയാളത്തിലെ ആദ്യ ഉപഗ്രഹ ചാനലായി നിലവിൽ വന്നതോടെ ചിത്രം മാറി. വിദേശ ചാനലുകൾക്ക് രാജ്യത്ത് സംപ്രേഷണാവകാശം നിയമപരമായി ലഭിച്ചതോടെ കേബിൾ ടി വി ശൃംഖലയും വ്യാപിച്ചു. ബ്ലാക്ക് ആന്റ് വൈറ്റ് ടെലിവിഷൻ സെറ്റിന്റെ സ്ഥാനം എൽസിഡി, എൽഇഡി ടി വി സെറ്റുകൾ കൈയ്യടക്കി. പുരാണ കഥകളും ചിത്രങ്ങളും പരമ്പരകളുംകൊണ്ട് ആളുകളെ പിടിച്ചിരുത്താൻ ശ്രമിച്ചിരുന്ന ടി വിയിലേക്ക് റിയാലിറ്റി ഷോകളും ത്രസിപ്പിക്കുന്ന നൃത്ത പരിപാടികളുമൊക്കെ കടന്നുവന്നു. സംപ്രേഷണം ആരംഭിക്കുന്ന അരനൂറ്റാണ്ടിനു മുമ്പ് രാജ്യത്താകെ വെറും 41 ടി വി സെറ്റുകൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് കളർ സംപ്രേഷണം ആരംഭിച്ച എൺപതുകളുടെ തുടക്കത്തിൽ അത് 20 ലക്ഷമായി വർധിച്ചു.

പിന്നീടുള്ള വളർച്ച വിസ്മയകരമായിരുന്നു. അടുത്ത പത്തു വർഷംകൊണ്ട് 20 ലക്ഷം എന്നത് മൂന്നു കോടിയായി വർധിച്ചു. 2011 ആകുമ്പോൾ പിന്നെയും പല മടങ്ങ് വർധിച്ച് അത് 12 കോടി കവിഞ്ഞു. രാജ്യത്തെ പകുതിയോളം പേർ ടെലിവിഷൻ കാഴ്ചകളെ ആശ്രയിച്ചാണ് തങ്ങളുടെ ജീവിതം ചിട്ടപ്പെടുത്തുന്നത് എന്ന സ്ഥിതിയാണിപ്പോൾ.

കേരളത്തിലെ ടെലിവിഷൻ സാന്ദ്രത ഇതിലും ഏറെയാണ്. ശുദ്ധജലം കൃത്യമായി ലഭിക്കാത്ത കേരളത്തിലെ ഉൾനാടൻ ഗ്രാമങ്ങളിലും മലയോരപ്രദേശങ്ങളിലുമൊക്കെ ടെലിവിഷൻ ഇല്ലാത്ത വീടു

കൾ കണ്ടെത്തുക പ്രയാസം. മുള്ളുമുരട് മൂർഖൻ പാമ്പു കളൊക്കെ നിറഞ്ഞ ദുർഘട പാതയിലൂടെ മണിക്കൂറുകൾ കൊണ്ടു മാത്രം ചെന്നെത്താൻ കഴിയുന്ന മതികെട്ടാൻ ചോലവനത്തിന്റെ ഉൾ പ്രദേശങ്ങളിൽപ്പോലും ടെലിവിഷൻ സെറ്റുകൾ കാണാൻ കഴിഞ്ഞി ട്ടുണ്ട്. കേരളത്തിലെ ജനങ്ങളിൽ 75 ശതമാനവും ടെലിവിഷൻ കാ ണുന്നവരാണ്. 70 ലക്ഷത്തിലേറെ കുടുംബങ്ങളിൽ 55 ലക്ഷത്തോളം കുടുംബങ്ങളിലും ടി വി സെറ്റുണ്ട്. മൊബൈൽ ഫോണിന്റെ കാര്യം പറഞ്ഞതുപോലെ മധ്യവർഗ- ഉയർന്ന മധ്യവർഗക്കാരുടെ വീടുകളി ലാവട്ടെ ഒരു വീട്ടിൽതന്നെ രണ്ടുംമൂന്നും ടി വി സെറ്റുണ്ട്. വാർത്തക്കും വിനോദത്തിനും ഒഴിവു സമയം പ്രയോജനപ്പെടുത്തുന്നതിനും ഒക്കെ ഇന്ന് മലയാളി ആശ്രയിക്കുന്നത് ടെലിവിഷനെയാണെന്ന് ചുരുക്കം. 165 വർഷം പഴക്കമുള്ള മലയാള പത്രങ്ങൾക്ക് ഉണ്ടാക്കാൻ കഴിയാത്ത സ്വാധീനമാണ് വെറും രണ്ടു പതിറ്റാണ്ടിന്റെ കുതിച്ചുചാട്ടം കൊണ്ട് ടെലിവിഷൻ സൃഷ്ടിച്ചത്.

മാധ്യമം എന്ന രീതിയിൽ അച്ചടി മാധ്യമങ്ങൾക്കോ ദൃശ്യമാധ്യ മമായ സിനിമയ്ക്കോ ചെലുത്താൻ കഴിയുന്നതിന്റെ പല മടങ്ങ് സ്വാ ധീനമാണ് ടെലിവിഷൻ കുട്ടികളുടെ മേൽ ചെലുത്തുന്നത്. അച്ചടി മാ ധ്യമങ്ങളിൽ വരുന്ന കഥകളും കാർട്ടൂണുകളും അടക്കമുള്ള വിനോ ദപരിപാടികൾക്കുപോലും അവയുടെ രൂപപരമായ പരിമിതി പോലെ ആസ്വാദനപരമായ പരിമിതിയുമുണ്ട്. അച്ചടിച്ച താളുകളിൽ തെളിയു ന്ന കഥകളോ കാർട്ടൂണുകളോ സമ്മാനിക്കുന്നതിനെക്കാൾ അത്ഭു തകരമായ വിനോദപ്രപഞ്ചമാണ് ചിത്രപരമ്പരയുടെ അകമ്പടിയോ ടെ ടെലിവിഷൻ സ്ക്രീനിൽ തെളിയുന്ന കഥകൾക്കും മറ്റുമുള്ളത്. അതുകൊണ്ടുതന്നെ ഇവ കുട്ടികളെ പെട്ടെന്ന് സ്വാധീനിക്കുക സ്വാഭാ വികം. അത്ഭുതാഹ്ലാദങ്ങൾ സൃഷ്ടിക്കുന്ന ചിത്രങ്ങൾക്കൊപ്പം കഥ മു ന്നേറുമ്പോൾ അതുളവാക്കുന്ന അനുഭൂതി വേറെയാണ്. ഇവിടെയാ ണ് ടെലിവിഷൻ ദൃശ്യങ്ങൾക്കുള്ള സ്വാധീനത്തിന്റെ പ്രസക്തി. വലി യ സ്ക്രീനിൽ കാണുന്ന സിനിമയുടെ ദൃശ്യഭാഷ്യം ഇതിനെക്കാൾ ആകർഷകമാണെങ്കിലും സിനിമ തിയറ്ററിൽ പോയി കാണണമെന്നു ള്ളതുകൊണ്ട് ഇതിനുള്ള അവസരം താരതമ്യേന വിളരമായേ ലഭി ക്കാറുള്ളൂ. ടെലിവിഷൻ കാഴ്ചകളുമായുള്ള സംവേദനമാവട്ടെ കൗമാ രക്കാരന്റെ നിത്യജീവിത യാഥാർഥ്യമാണ്.

# 5. റിയാലിറ്റി ഷോകളിൽ അഭിരമിക്കുന്ന കൗമാരം

മലയാളിയുടെ നിത്യജീവിതവുമായി ബന്ധമുള്ള കലാരൂപങ്ങളെയാകെ തീർത്തും അപ്രസക്തമാക്കുകയോ നിരാകരിക്കുകയോ ചെയ്തുകൊണ്ട് പുതിയൊരു വിനോദ ഭാവുകത്വത്തിലേക്ക് മലയാളിയെ കൂട്ടിക്കൊണ്ടുപോകുകയാണ് ടെലിവിഷൻ മാധ്യമം. ജീവിതാധ്വാനത്തിന്റെയും ജീവിത മുന്നേറ്റത്തിന്റെയും പരിസരങ്ങളിൽ നിന്ന് രൂപം കൊണ്ട കലാരൂപങ്ങൾക്കോ മനുഷ്യന്റെ വിയർപ്പും ഗന്ധവും രുചിക്കുന്ന കലാരൂപങ്ങൾക്കോ ഇന്ന് ടെലിവിഷനിൽ ഒരു സ്ഥാനവുമില്ല. കേവലമായ വിനോദ സംഗീതപരിപാടികളിൽ നിന്ന് ഇപ്പോഴത് റിയാലിറ്റി ഷോ എന്ന പുതുരൂപത്തിലെത്തി നിൽക്കുന്നു. യാഥാർഥ്യവുമായി പുലബന്ധം പോലുമില്ലാത്ത കണ്ണഞ്ചിപ്പിക്കുന്നതും ചിലപ്പോഴൊക്കെ അറപ്പുളവാക്കുന്നതുമായ ഇത്തരം പരിപാടിക്ക് റിയാലിറ്റി ഷോ എന്ന പേര് എങ്ങനെ വന്നു എന്നതിനെപ്പറ്റി ഗവേഷണം നടത്തേണ്ടിയിരിക്കുന്നു. പാട്ടിനും ആട്ടത്തിനും മാത്രമല്ല, പാചകത്തിനും മരംകയറ്റത്തിനും വരെ റിയാലിറ്റി ഷോ എന്ന അസംബന്ധ നാടകം ചാനലുകളിൽ അരങ്ങു തകർക്കുകയാണ്. ഭൂരിപക്ഷവും കൗമാരക്കാരെ ഉപയോഗിച്ചുള്ളവയാണെങ്കിലും വീട്ടമ്മമാരും വീട്ടച്ഛന്മാരും കൊച്ചുകുട്ടികളും വരെ ആടിത്തിമിർക്കുന്ന റിയാലിറ്റി ഷോ ചാനലുകളിൽ സുലഭമാണ്. പരിഹാസപാത്രമായിട്ടാണ് സാമാന്യ ജനത്തിന് തോന്നുന്നതെങ്കിലും ചാനലുകളിൽ സ്വയം പ്രദർശിപ്പിക്കാൻ കഴിയുന്നത് ജീവിത സായൂജ്യമാണെന്ന് കരുതുന്ന ശരാശരി മലയാളി എന്തു കോപ്രായവും കാണിക്കാൻ തയ്യാറാണെന്നതിന്റെ തെളിവാണ് മഴവിൽ മനോരമ ചാനലിൽ പ്രദർശിപ്പിക്കുന്ന വെറുതെ അല്ല ഭാര്യ എന്ന റിയാലിറ്റി ഷോ. കൗമാരക്കാരുടെ അസംബന്ധ വിചാരവികാരങ്ങൾക്ക് അതിരുകളില്ലാത്ത ദൃശ്യഭാഷ്യം നൽകുന്ന റിയാലിറ്റി ഷോയാണ് ഏഷ്യാനെറ്റിലെ സിറ്റി ഗേൾസ് . മനസ്സോ ചിന്തയോ എന്തിന് കാലുകൾ പോലും ഉറയ്ക്കാത്ത കുട്ടികളെക്കൊണ്ട് കോപ്രാ

യങ്ങൾ മാത്രമല്ല കാമാതുരമായ ചേഷ്ടകൾ വരെ കാണിക്കാമെന്ന അഹങ്കാരം പ്രകടിപ്പിക്കുന്ന റിയാലിറ്റി ഷോ ആണ് അമൃത ടിവിയിലെ സൂപ്പർ ഡാൻസർ .

റിയാലിറ്റി ഷോകളുടെ കണ്ണഞ്ചിപ്പിക്കുന്ന ലോകം ഏറ്റവുമേറെ ആകർഷിക്കുക കൗമാരക്കാരെയാണ്. റിയാലിറ്റി എന്ന വാക്കിന്റെ കേവലമായ അർഥത്തിനപ്പുറം കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ഒരു ലോകത്താണ് എല്ലാ റിയാലിറ്റി ഷോകളും അരങ്ങേറുന്നത്. ആർക്ക് ലൈറ്റുകളും ആടയാഭരണങ്ങളും ആപാദചൂഡമുള്ള ചമയങ്ങളുമൊക്കെ ചേർന്നാണ് റിയാലിറ്റി ഷോകൾ അവതരിപ്പിക്കപ്പെടുന്നത്. ഈ ഷോകൾ അരങ്ങുതകർക്കുന്ന ചാനൽ സ്റ്റുഡിയോകൾ കൗമാരക്കാരന്റെ നിത്യജീവിത യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടുന്നവയല്ല. അവൻ വിസ്മയങ്ങൾ നിറഞ്ഞ മറ്റൊരു ലോകത്തിലൂടെ സഞ്ചരിക്കുകയാവും ചെയ്യുക. നിത്യജീവിതത്തിൽ സാക്ഷാത്കരിക്കാൻ കഴിയാത്ത ആഗ്രഹങ്ങൾക്ക് ഇവിടെ അവൻ കൃത്രിമമായ സാഫല്യം തേടുകയാണ്. കൃത്രിമമായ അഭിലാഷ സഫലീകരണം (wishfulfilment) എന്ന ഫ്രോയ്ഡിയൻ പ്രയോഗം ഇവിടെ സാർത്ഥകമാവുകയാണ്.

മാസങ്ങൾ നീണ്ടു നിൽക്കുന്ന ഒഡീ ഷൻ ടെസ്റ്റിനു ശേഷമാണ് ഇത്തരം റിയാലിറ്റി ഷോകളിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. രാജ്യത്തെ പല ഭാഗങ്ങളിൽ മാത്രമല്ല, വിദേശങ്ങളിൽ വച്ചു പോലും ഈ തെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. പതിനായിരങ്ങൾ അഹമഹമികയാ പങ്കെടുക്കുന്ന ടെസ്റ്റിൽ നിന്ന് അരിച്ചെടുത്ത് ഒടുവിൽ ചാനൽ സ്റ്റുഡിയോയിൽ എത്തിപ്പെടാൻ അവസരം ലഭിക്കുന്നത് വിരലെണ്ണാവുന്നവർ മാത്രം. എട്ടും പത്തും ഘട്ടങ്ങളിലായുള്ള എലിമിനേഷനിലൂടെ (ഒഴിവാക്കൽ) ഫൈനലിൽ എത്തുന്നത് നാലോ അഞ്ചോ പേരായിരിക്കും. ശരാശി പത്തുമാസമെങ്കിലും നീണ്ടു നിൽക്കുന്ന ഈ പ്രക്രിയയുടെ ഭാഗമാവുന്ന കുട്ടികൾക്ക് ഫലത്തിൽ ഒരു വർഷത്തെ ക്ലാസ് നഷ്ടപ്പെടുകയാണ്. മെഡിക്കൽ-എഞ്ചിനിയറിങ് പോലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ നിന്നു പോലും പഠനത്തിന് അവധി കൊടുത്ത് റിയാലിറ്റി ഷോകളിൽ മുഖം കാണിക്കാനെത്തുന്നവരും കുറവല്ല.

പാട്ടു പാടുന്ന കുട്ടികളും വിധികർത്താക്കളും തമ്മിൽ നടത്തുന്ന സംഭാഷണങ്ങളും കൊച്ചുവർത്തമാനങ്ങളും കൗതുകകരമാണ്. പയറ്റിത്തെളിഞ്ഞ ഗായകരും സംഗീതജ്ഞരുമൊക്കെ തന്നെയാണ് വിധികർത്താക്കളായി എത്തുന്നത്. പക്ഷേ അവർ പലരും കുട്ടികളുടെ ആലാ

പനം വിലയിരുത്തിക്കൊണ്ട് അഭിപ്രായം പറയുമ്പോൾ ആവശ്യമില്ലാതെ ഇംഗ്ലീഷ് ഉപയോഗിക്കുന്നത് പലപ്പോഴും അരോചകമാവാറുണ്ട്. ഇംഗ്ലീഷ് ഭാഷയുടെ വ്യാകരണവും ഉച്ചാരണവുമൊക്കെ തെറ്റിച്ച് അഭിപ്രായം പറയുന്ന വിധികർത്താക്കളും കുറവല്ല. മലയാളം മാതൃഭാഷയല്ലെങ്കിലും മലയാളത്തിൽ തന്നെ അഭിപ്രായം പറയുന്ന വിധികർത്താക്കളുണ്ടെന്നതും കാണാതെ പോകരുത്. സംഗീത റിയാലിറ്റി ഷോകളിലൊന്നും ഇംഗ്ലീഷ് പാട്ടുകൾ പാടിക്കേട്ടിട്ടില്ല. മലയാളം പാട്ടുകൾ കഴിഞ്ഞാൽ ചുരുക്കം ഹിന്ദിപാട്ടുകളോ തമിഴ് പാട്ടുകളോ ആണ് പാടാറുള്ളത്. എന്നാൽ ഹിന്ദിയിലോ തമിഴിലോ വിധികർത്താക്കളാരും തന്നെ (ചുരുക്കം ചില തമിഴ് സംഗീതജ്ഞർ ഒഴികെ) അഭിപ്രായം പറയാറില്ല. വെറുതെ ഇംഗ്ലീഷിനെയാണ് വലിച്ചിഴച്ച് വികൃതമാക്കുന്നത്.

റിയാലിറ്റി ഷോകളുടെ അവതാരകരായി എത്തുന്നവരും സമാനമായ ഭാഷാപ്രയോഗത്തിൽ വെപ്രാളം കാട്ടുന്നവരാണ്. ശുദ്ധമലയാളത്തിൽ പറഞ്ഞാൽ പ്രേക്ഷകർക്ക് ആർക്കും മനസ്സിലാവുന്ന കാര്യം എന്തിനാണ് വേണ്ടത്ര വശമില്ലാത്ത ഇംഗ്ലീഷ് ഭാഷയെ ഉപയോഗിച്ച് നിർവഹിക്കുന്നതെന്ന് മനസ്സിലാവുന്നില്ല. റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്നവരെ വേദിയിലേക്ക് ക്ഷണിക്കുമ്പോൾ അവതാരകൻ/അവതാരക പറയുന്നത് അടുത്ത contestant (മത്സരാർഥി) എന്നാണ്. മത്സരിച്ച് ജയിക്കാനും മത്സരിച്ച് ജയിച്ച് കീഴ്പ്പെടുത്താനുമാണ് ഏറെ കടമ്പകൾ താണ്ടി തങ്ങൾ വേദിയിലെത്തിയതെന്ന തോന്നലാണ് ഷോയിൽ പങ്കെടുക്കുന്ന കുട്ടിക്ക് തുടക്കം മുതൽ ഉണ്ടാവുക. മുമ്പൊക്കെ യുവജനോത്സവങ്ങളിലും സമാനമായ കലാമത്സരങ്ങളിലും പങ്കെടുക്കുന്നവരെ ുമൃശേരശുമി േ (പങ്കെടുക്കുന്നയാൾ) എന്നു പറഞ്ഞിരുന്ന സ്ഥാനത്താണ് ഇപ്പോൾ contestant കടന്നുവന്നിട്ടുള്ളത്. തനിക്ക് ലഭിക്കാൻ പോകുന്ന ഒരു കോടിയുടെ വീട് തട്ടിയെടുക്കാൻ വന്നിരിക്കുന്ന ശത്രുസമാനനായ ആളാണ് കൂടെയുള്ളതെന്ന ബോധമാണ് ഇത്തരം ഷോകൾ കുട്ടികളിൽ സൃഷ്ടിക്കുന്നത്. മലയാളത്തിലാണ് പാട്ടു പാടുന്നതെങ്കിലും ഇംഗ്ലീഷിൽ വേണ്ടത്ര ജ്ഞാനമില്ലെങ്കിലും നാലഞ്ചുവാചകം ആംഗലേയത്തിൽ വച്ചുകാച്ചിയാലേ സമൂഹത്തിൽ മാന്യതയുണ്ടാവൂ എന്ന തെറ്റായ ബോധവും പങ്കെടുക്കുന്ന പലരിലും കാണാറുണ്ട്. മലയാളം തന്നെ ഇംഗ്ലീഷ് പോലെയെങ്കിലും പറയണമെന്ന വാശി പലർക്കും ഉള്ളതുപോലെ തോന്നും.

അവതാരകരുടെ വസ്ത്രധാരണ രീതിയാണ് പുതിയ തലമുറയെ ഏറ്റവും അപകടകരമായ രീതിയിൽ ആവേശിച്ചിരിക്കുന്നത്. ഈ

ആവേശത്തിന് അടിപ്പെടുന്നവരിൽ ആൺ/പെൺ ഭേദമില്ല. ഓരോ കാലത്തിന്റെയും രീതിഭേദങ്ങൾക്കനുസരിച്ച് വസ്ത്രധാരണരീതിയിൽ മാറ്റം വരാറുണ്ട്. പത്തോ ഇരുപതോ വർഷത്തിനിടയിൽ ഒരിക്കലായിരിക്കും ഈ രീതിയിൽ മൗലികമായ മാറ്റം കണ്ടിട്ടുള്ളത്. ആ മാറ്റമാകട്ടെ വസ്ത്രധാരണത്തിന്റെ അടിസ്ഥാന ധർമം മുറുകെ പിടിച്ചുകൊണ്ടുള്ളതുമാണ്. പരിഷ്കൃത സമൂഹത്തിലെ മനുഷ്യരുടെ വസ്ത്രധാരണ സങ്കൽപ്പങ്ങളിലുണ്ടായ മാറ്റങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാവും. എന്നാൽ ഫ്രാൻസ് പോലെ ഫാഷൻ ഭ്രമത്തിന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ട രാജ്യങ്ങളിൽ കാണുന്നതുപോലെ ദിവസങ്ങൾക്കുള്ളിൽതന്നെ വസ്ത്ര ഫാഷൻ മാറുന്ന അത്യപൂർവമായ സാമൂഹ്യ പ്രതിഭാസം ഒരുപക്ഷേ കേരളത്തിൽ മാത്രമായിരിക്കും കാണുക. ഈ പ്രവണതക്ക് ഏറെയും അടിപ്പെടുന്നത് പുതിയ തലമുറയാണ് താനും. ഇതിനു പ്രധാന പ്രേരണ ദൃശ്യമാധ്യമങ്ങളിൽ നിറഞ്ഞൊഴുകുന്ന കാഴ്ചകളാണെന്നതാണ് സത്യം.

പെൺകുട്ടികളുടെ വസ്ത്രധാരണ രീതിയിലുണ്ടായ മാറ്റമാണ് ഏറെ കൗതുകകരം. നാണം മറയ്ക്കുകയെന്ന വസ്ത്രധാരണത്തിന്റെ പ്രാഥമിക ധർമം പോലും മറന്നുപോയ മട്ടിലാണ് പുതുതലമുറയിലെ പെൺകുട്ടികളിൽ പലരും വസ്ത്രമണിയുന്നത്. കൗമാരത്തിനും യൗവനത്തിനും ഇടയിലെ അന്തരാള ഘട്ടത്തിൽ പണ്ടൊക്കെ പെൺകുട്ടികൾ ധരിച്ച വസ്ത്രമാണ് ഹാഫ് സാരി; ചിലപ്പോഴൊക്കെ ഫുൾ സാരിയും. പാവാടയും ബ്ലൗസും അണിഞ്ഞു നടക്കുന്ന പെൺകുട്ടികൾ സാരിയിലേക്ക് കായപ്രവേശം നടത്തുമ്പോൾ മാറുമറയ്ക്കുകയെന്ന പ്രധാന ദൗത്യമായിരുന്നു സാരിത്തലപ്പിന് നിർവഹിക്കാനുണ്ടായിരുന്നത്. (ആറേഴു ദശകം മുമ്പ് കേരളത്തിലെ പല സമുദായങ്ങളിലും പെട്ട സ്ത്രീകൾക്ക് മാറുമറയ്ക്കാൻ അവകാശമുണ്ടായിരുന്നില്ല. അതിനെതിരെ ധീരമായ പോരാട്ടങ്ങൾ നടന്ന മണ്ണാണ് കേരളത്തിലേത്. തിരുവിതാംകൂറിൽ നടന്ന ചാന്നാർ ലഹള ഇതിനുദാഹരണം. തൃശൂർ ജില്ലയിലെ മണിമലർക്കാവിലും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലുമൊക്കെ സമാനമായ പോരാട്ടങ്ങൾ നടന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്) പുതുതലമുറയിലെ പെൺകുട്ടികൾ ധരിക്കുന്ന ചുരിദാറിന്റെ ഷാളിനുള്ളതും മാറു മറയ്ക്കുകയെന്ന ധർമമാണ്. എന്നാൽ ഈ ധർമം നിർവഹിക്കണമെന്ന ഉദ്ദേശ്യത്തോടെ ചുരിദാർ അണിയുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. കഴുത്തിനു ചുറ്റുമോ തോളിന്റെ ഒരു വശത്തായോ ഇരുകൈകൾക്കുമിടിയിലായോ ഷാൾ കൊരുത്തു വയ്ക്കുന്നതായാണ് പൊതുവെ കണ്ടു

വരുന്നത്. ടെലിവിഷൻ അവതാരകർ തൊട്ട് വാർത്താ വായനക്കാർ വരെ പിന്തുടരുന്ന ഈ വസ്ത്രധാരണരീതി കൗമാരക്കാരായ പെൺ കുട്ടികളെ ഭൂതാവേശം പോലെ ബാധിച്ചിരിക്കുന്നു എന്നുവേണം കരുതാൻ.

സൗന്ദര്യ സംവർധക വസ്തുക്കളുടെ ലക്കും ലഗാനുമില്ലാത്ത ഉപയോഗവും ഇതിന് അനുബന്ധമായി കണ്ടുവരുന്നുണ്ട്. പൗഡറും ഹെയർ ഡൈയും സുഗന്ധ ലേപനങ്ങളുമടക്കമുള്ള സൗന്ദര്യ സംവർധക വസ്തുക്കളുടെ ഉപയോഗം വിസ്മകരമാംവിധം വർധിച്ചുവരുന്നു. ജീവിത വിശുദ്ധിയെന്നാൽ തൊലിപ്പുറമെയുള്ള ശുദ്ധിയാണെന്ന സമവാക്യത്തിൽ എത്തിയിരിക്കുകയാണെന്ന് തോന്നും. അതുകൊണ്ട് കറുത്ത ശരീരം വെളുപ്പിക്കാനും വെളുത്ത മുടി കറുപ്പിക്കാനുമുള്ള മലയാളിയുടെ ചെലവിന് ഇതേവരെ തിട്ടപ്പെടുത്തിയ കണക്കുകളൊന്നും ലഭ്യമല്ല. എന്നാലും വൻതുക ഈയിനത്തിൽ ചെലവഴിക്കുന്നുണ്ടെന്നതിന് തെളിവാണ് നാട്ടിൻപുറങ്ങളിൽപോലും അനുദിനം മുളച്ചുപൊട്ടുന്ന ബ്യൂട്ടിപാർലറുകൾ. പണ്ടൊക്കെ എസ്ടിഡി ബൂത്തുകൾ ഉണ്ടായപോലെയാണ് ഇപ്പോൾ ബ്യൂട്ടി പാർലറുകൾ ഉയർന്നുവരുന്നത്. പെണ്ണ് ഒരുങ്ങേണ്ടത് കല്യാണപന്തലിലാണെന്ന പഴയ സങ്കൽപ്പം തകർക്കപ്പെട്ടിരിക്കുന്നു. മാസത്തിൽ ഒന്നോ രണ്ടോ തവണയെങ്കിലും ബ്യൂട്ടി പാർലറിൽ പോകാത്തവൾ മലയാളി മങ്കയായിരിക്കാൻ അർഹതയുള്ളവളല്ല എന്ന ധാരണപോലും ഉരുത്തിരിയുന്നതുപോലെ തോന്നുന്നു. മലയാളിയുടെ ഈ ആഡംബരഭ്രമത്തിന്റെ നേട്ടം കൊയ്യുന്നതാകട്ടെ ആംവേ, ഓറിഫ്ളെയിം, ഗാർനിയർ, മെബലിൻ എന്നിങ്ങനെയുള്ള ബഹുരാഷ്ട്ര സൗന്ദര്യസംവർധക ഉൽപ്പന്ന കമ്പനികളും. ഇതുപക്ഷേ പലപ്പോഴും നാമറിയാതെ പോവുകയാണ്.

അണിഞ്ഞൊരുങ്ങുന്ന കാര്യത്തിൽ പെൺകുട്ടികളെ മാത്രം കുറ്റപ്പെടുത്തേണ്ടതില്ല. ആൺകുട്ടികൾക്കായുള്ള ബ്യൂട്ടി പാർലറുകളും നാടെങ്ങും വ്യാപകമാണ്. ഷാരൂഖ് ഖാനെപ്പോലെ അലസമായ ഹെയർ സ്റ്റൈലാണോ അതോ മമ്മൂട്ടിയെപ്പോലെ വെട്ടിയൊതുക്കിയ ഹെയർ സ്റ്റൈലാണോ വേണ്ടതെന്നാണ് ബ്യൂട്ടിപാർലറിൽ പോകുന്നയാൾ പലപ്പോഴും തീരുമാനിക്കേണ്ടിവരിക. ലോ വേയ്സ്റ്റ് ജീൻസും ഷോർട് ഷർട്ടും ഫാഷനാക്കുന്ന കുട്ടികളുടെ രൂപം ഒന്നു സങ്കൽപ്പിച്ചു നോക്കുക. ഇതിനെക്കാളൊക്കെ പ്രഹേളികയായി തോന്നുന്നത് കൗമാരക്കാരും ചെറുപ്പക്കാരും കൈത്തണ്ടയിൽ കെട്ടുന്ന ചരടുകളുടെ കാര്യമാണ്. വിശ്വാസത്തിന്റെ (അന്ധവിശ്വാസത്തിന്റെ) ഭാഗമായും അല്ലാ

തെയും കൈകളിൽ ചരടുകെട്ടാത്ത ചെറുപ്പക്കാർ പ്രായേണ കുറവാണ്. ഇതെപ്പറ്റി പ്രശസ്ത ചരിത്രകാരൻ ഡോ. രാജൻ ഗുരുക്കൾ പറയുന്നത് നോക്കുക: ഇന്ന് മെഡിക്കൽ കോളേജുകളിലും എഞ്ചിനിയറിങ് കോളേജുകളിലും വരെ കൈച്ചരടില്ലാത്ത കുട്ടികൾ വിരളം. ചരടുകൾ കെട്ടിയില്ലെങ്കിലാണിന്ന് മാനക്കേട്. സയൻസോ ശാസ്ത്രമോ ആവേശിക്കാത്ത ഒരു ലോകബോധത്തിലും വേരുറയ്ക്കാത്ത യുവത്വം. സ്വാതന്ത്ര്യസമരം പോലുള്ള വൻ പ്രസ്ഥാനങ്ങളും നവോത്ഥാനമുന്നേറ്റങ്ങളും അവർക്ക് മങ്ങിയ ചരിത്രം. വിപ്ലവം അവരുടെ പദാവലികളിൽ പോലുമില്ല. സമരങ്ങളുടെ തീക്കനലണയാത്ത, വിപ്ലവപ്രതീക്ഷ മങ്ങാത്ത ഭൂതകാല യുവസമൂഹത്തിന്റെ കറകളഞ്ഞ യുക്തിബോധവും ജാഗ്രതയും അത്യപൂർവം .

പുതുതലമുയറയിൽപ്പെട്ടവരിൽ ഭൂരിപക്ഷത്തിന്റെയും കൈകൾ വിവിധ നിറങ്ങളിലുള്ള ഒന്നിലേറെ ചരടുകൾ കൊണ്ട് അലംകൃതമാണ്. ഏലസ്സു കെട്ടിയ ചരടുകളും കുറവല്ല. സിനിമയിലും ടി വി ചാനലുകളിലും കാണുന്ന തങ്ങളുടെ ആരാധനാ പാത്രങ്ങളായവർ ധരിക്കുന്നതുകണ്ട് ചരടുകൾ കെട്ടുന്നവരും ഏറെ. ഇവരിൽ നല്ല പങ്കും സാമൂഹ്യജീവിതത്തിന്റെ തിളച്ചു മറിയലുകളെക്കുറിച്ച് ഒന്നും അറിയാത്തവരാണെന്നതാണ് സത്യം. ജീവിതത്തിന്റെ കുഴമറിച്ചിലുകൾക്കിടയിൽ വെറും പൊങ്ങുതടിപോലെ കിടക്കുന്നവരാണിവർ. അനുകരണങ്ങളും അന്ധവിശ്വാസങ്ങളും കൂടിക്കലർന്നു സൃഷ്ടിക്കുന്ന മോഹവലയത്തിൽ കുടുങ്ങിക്കിടക്കുകയാണ് ഇത്തരക്കാർ. സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ നിന്ന് വിദേശാധിപത്യത്തിനെതിരെ സ്വാതന്ത്ര്യവാഞ്ഛയുടെയും ജനാധിപത്യ ബോധത്തിന്റെയും ക്ഷോഭിക്കുന്ന ശബ്ദം കേട്ട നമ്മുടെ പാരമ്പര്യത്തിന് ഇപ്പോൾ എവിടെയോ ഒക്കെ അപഭ്രംശം സംഭവിച്ചിരിക്കുന്നു. ഒന്നും അറിയാത്തതും ഒരിക്കലും ഉണരാത്തതുമായ ഒരു തലമുറ രൂപപ്പെടുകയാണോ എന്ന സംശയം ചില കോണുകളിൽ നിന്നെങ്കിലും മുഴങ്ങിക്കേൾക്കുന്നുണ്ട്.

അന്ധവിശ്വാസം, അനാചാരങ്ങൾ, ആഭിചാരക്രിയകൾ, ആൾദൈവ അത്ഭുതാനുഭവ പ്രത്യയശാസ്ത്രം എന്നിവയിലെല്ലാം അഭിരമിക്കുന്ന സീരിയലടക്കമുള്ള പരിപാടികളാണ് ടെലിവിഷൻ മാധ്യമത്തിലൂടെ ദിവസവും പുതുതലമുറയിലേക്ക് സംക്രമിക്കുന്നത്. യുക്തിചിന്ത മാത്രമല്ല, സാമാന്യബോധം പോലും പണയപ്പെടുത്തി പടച്ചുവിടുന്ന ഇത്തരം പരിപാടികളുടെ ആരാധകവൃന്ദമായി പുതിയ തലമുറ മാറുമ്പോൾ അത് അവരുടെ ജീവിതത്തിൽ നിന്നു തന്നെ ഗൗരവതരമായ

ചോദ്യങ്ങളും ചിന്തകളും ചോർത്തിക്കളയുകയാണ്. ഏഷ്യാനെറ്റിലെ വിശ്വസിച്ചാലും ഇല്ലെങ്കിലും അമൃത, ഏഷ്യാനെറ്റ് ചാനലുകളിലെ ആൾദൈവ പ്രാർത്ഥനകളുമൊക്കെ ഇതിന് ഉദാഹരണങ്ങൾ. ഡോ. രാജൻ ഗുരുക്കൾ പറയുന്നത് നോക്കുക:

ജീവിത സൗഭാഗ്യങ്ങളുടെ ഒത്തുചേരലിനെ ഇന്ന് യാദൃച്ഛികമായല്ല, ഈശ്വരാനുഗ്രഹമായാണ് പലരും കാണുന്നത്. അഴിമതിയും അക്രമവും വഴി പാവങ്ങളെപ്പോലും പിടിച്ചു പറിച്ചുണ്ടാക്കിയതാണ് സ്വന്തം സൗഭാഗ്യം എന്നറിയാവുന്നവരും ഈശ്വരാനുഗ്രഹത്തിന്റെ വക്താക്കൾ. അവർ ഈശ്വരകോപം ഭയപ്പെടു ന്നതുകൊണ്ടു കൂടിയാവാം ജീവിതം അന്ധവിശ്വാസങ്ങളുടെ കൂടാരമാക്കി മാറ്റുന്നത് — ഒന്നനങ്ങണമെങ്കിൽ ജാതിയും മതവും നോക്കണം. വിവാഹത്തിന് ജാതിയും മതവും പ്രധാനം. സർവ പൊരുത്തങ്ങളും നോക്കി ഒന്നാം തരം മുഹൂർത്തത്തിൽ കെട്ടിച്ചിട്ടും മാസങ്ങൾക്കുള്ളിൽ തല്ലിപ്പിരിയുന്ന അനുഭവം കൺമുന്നിൽ. എന്നിട്ടും ജാതകദോഷം തീർക്കാൻ രക്ഷിതാക്കളുടെ നെട്ടോട്ടം. സുമംഗലിയാവാൻ പൂജ ചെയ്ത് നാട്ടിൽ മുക്കുറ്റി ഇല്ലാതായിരിക്കുന്നു. ദോഷപരിഹാരത്തിന് എന്തൊക്കെ മന്ത്രവാദങ്ങളാണ്. ഒരു ഗ്രന്ഥത്തിലും കാണാത്ത തന്ത്രങ്ങൾ. കംപ്യൂട്ടറിൽ വരയ്ക്കുന്ന വിചിത്ര യന്ത്രങ്ങൾ. അഭ്യസ്തവിദ്യർ പോലും ഇതു വാങ്ങി ധരിക്കുന്നു. ശാസ്ത്രം അറിയാത്ത ശാസ്ത്രികളും സയൻസ് സ്വാധീനിക്കാത്ത സയന്റിസ്റ്റുകളും നമുക്ക് എത്രയോ ഉണ്ട്. ഇന്ന് യാഥാസ്ഥിതികരിൽ ഭൂരിഭാഗം പേർക്കും ശാസ്ത്രം അറിഞ്ഞുകൂട. പരിഷ്കൃതരിൽ ഭൂരിഭാഗം പേർക്കും സയൻസും. ചിലർക്ക് ശാസ്ത്രത്തിന്റെ ഒരു ഛായ മതി.പലർക്കും സയൻസിന്റെ ഒരു ചുവ മതി. എന്തും വിശ്വസിക്കും. ഇങ്ങനെ രണ്ടുംകെട്ടവർക്ക് ഭൂരിപക്ഷമുള്ളതാണ് സമൂഹം.

സയൻസ് പഠിക്കുന്ന കുട്ടികളിൽപ്പോലും ശാസ്ത്രബോധം അന്യമാകുന്നത് വെറുതെയല്ലല്ലോ. ശൂന്യാകാശത്തേക്ക് ഉപഗ്രഹം വിക്ഷേപിക്കുന്നതിന് മുമ്പ് തേങ്ങ ഉടച്ച് രാശിനോക്കുന്ന ശാസ്ത്രജ്ഞരും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ സ്ഥാപിച്ച് അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നവർ തന്നെ, ശ്വസന പ്രക്രിയയുടെ ക്രമീകരണത്തിലൂടെയും പ്രാർത്ഥനകളിലൂടെയും സ്നേഹമസൃണമായ ആലിംഗനങ്ങളിലൂടെയും രോഗശാന്തി വരുത്താൻ കഴിയുമെന്നു പ്രചരിപ്പിക്കുമ്പോൾ പുതിയ തലമുറ ഇങ്ങനെയൊക്കെ ആയില്ലെങ്കിലേ അത്ഭുതമുള്ളൂ. ആൾദൈവ തത്വശാസ്ത്ര (Miracle

Ideology) ത്തോടു കലഹിച്ചു മുന്നേറിയ നവോത്ഥാനത്തിന്റെ പാരമ്പര്യമാണ് മലയാളിയുടേത്. പൊരുതി പരാജയപ്പെടുത്തിയ പാരമ്പര്യമാണ് മലയാളിയുടേത്. പൊരുതി പരാജയപ്പെടുത്തിയ ആ പ്രത്യയശാസ്ത്രത്തിന്റെ കൂടാരങ്ങളിലേക്ക് ചെറുപ്പക്കാരെ വ്യാപകമായി ആട്ടിപ്പായിക്കുന്ന അവസ്ഥയാണ് ഇപ്പോൾ.

ഭൂതപ്രേതപിശാചുക്കളുടെയും അതിമാനുഷ ശക്തിയുടെയും അതീന്ദ്രിയ ജ്ഞാനത്തിന്റെയുമൊക്കെ അതിഭാവുകത്വം നിറഞ്ഞ കഥകളാണ് വിശ്വസിച്ചാലും ഇല്ലെങ്കിലും എന്ന പരിപാടി പ്രേക്ഷകർക്കു മുന്നിലെത്തിക്കുന്നത്. സ്ഥിരമായി ഇതു കാണുന്ന കുട്ടികളുടെ മാനസിക-വൈകാരിക ഭാവങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെപ്പറ്റി ശാസ്ത്രീയമായ പഠനങ്ങളൊന്നും നടന്നിട്ടില്ലെങ്കിലും ഇത്തരക്കാരിൽ അനാവശ്യമായ ആശങ്കയും ഭീതിയും നിലനിൽക്കുന്നതായുള്ള അനുഭവങ്ങളുണ്ട്.

റിത്വിക് റോഷനെപ്പോലെ സിക്സ് പാക്ക് മസിലുണ്ടാവണമെന്ന് ആഗ്രഹിക്കുന്നവരാണ് ഭൂരിപക്ഷം ചെറുപ്പക്കാരും. പെൺകുട്ടികളാണെങ്കിൽ വടിവൊത്ത മേനിയഴക് വേണമെന്ന് വാശി പിടിക്കുന്നവരും . പുതുതലമുറയുടെ ഈ ദൗർബല്യം ചൂഷണം ചെയ്യാൻ ബോഡി ഫിറ്റ്നസ് കേന്ദ്രങ്ങളും വ്യാപകമായി ഉയരുന്നുണ്ട്. ബോഡി ഫിറ്റ്നസ് ട്രെയിനർമാർ എന്ന പുതിയ ഇനം പ്രൊഫഷണലുകളുടെ വളർച്ചയും ഇപ്പോൾ സജീവമാണ്. സോഫ്റ്റ്‌വെയർ എഞ്ചിനയറുടെ ആകർഷകമായ ജോലി ഉപേക്ഷിച്ചുപോലും ഫിറ്റ്നസ് ട്രെയിനർമാരായി പോകുന്നവരുടെ എണ്ണം കൂടിവരികയാണ്. ശരീര സൗന്ദര്യോൽപ്പാദനത്തിൽ പുതിയ തലമുറ എത്രയേറെ ശ്രദ്ധിക്കുന്നുവെന്ന് മനസ്സിലാക്കാൻ ഇതു ധാരാളമല്ലേ.

നിറത്തെപ്പറ്റി അപകടകരമായ അവബോധം പുതിയ തലമുറയിൽ സൃഷ്ടിക്കുന്നതിലും ദൃശ്യമാധ്യമങ്ങൾക്കുള്ള പങ്ക് ചെറുതല്ല. മനോഹരമായ നിറം വെളുപ്പാണെന്നും കറുപ്പ് വെളുപ്പിന്റെ ശത്രുവാണെന്നുമുള്ള ധാരണയാണ് പലർക്കുമുള്ളത്. കറുപ്പിന് ഏഴഴക് എന്നതാണ് നമ്മുടെ സങ്കൽപ്പമെങ്കിലും കറുപ്പിനോട് പുച്ഛമാണ് ഭൂരിപക്ഷത്തിനും . അധ്വാനിക്കുന്നവരും വെയിൽ കൊള്ളുന്നവരും ജീവിത ദുരിതങ്ങളിൽ നീന്തുന്നവരുമൊക്കെ സാധാരണ കറുത്തവരാണ്. ഇവരൊക്കെ പലയിടങ്ങളിലും രണ്ടാംതരം പൗരന്മാരായാണ് പരിഗണിക്കപ്പെടാറുള്ളത്. കറുപ്പിനോടു തോന്നുന്ന പുച്ഛം കറുത്ത മനുഷ്യരോടുള്ള വെറുപ്പായും രൂപപ്പെടാൻ ഏറെ നേരമൊന്നും വേണ്ട. നമ്മുടെ വിവാഹ പം

ക്തികളിലെ പരസ്യങ്ങളിൽ ഇതേവരെ ഒരു ചെറുപ്പക്കാരനും കറുത്തുമെലിഞ്ഞ പെൺകുട്ടിയെ വധുവായി കിട്ടണമെന്ന് ആവശ്യപ്പെട്ടതായി കേട്ടിട്ടില്ല. എല്ലാവർക്കും വേണ്ടത് മെലിഞ്ഞു വെളുത്ത പെൺകുട്ടിയെയാണ്.

വെളുപ്പിനോടുള്ള അനാവശ്യമായ ഈ വിധേയത്വം നമ്മുടെ ഭാഷയിലും സംസാരത്തിലും ഭക്ഷണത്തിലും വസ്ത്രധാരണത്തിലുമൊക്കെ ദൃശ്യമാണ്. മലയാളം മാത്രം ആവശ്യമുള്ളതും മലയാളമല്ലാതെ മറ്റൊന്നും ഉപയോഗിക്കേണ്ടാത്തതുമായ ഇടങ്ങളിൽപ്പോലും കുട്ടികൾ തട്ടിവിടുന്ന ഇംഗ്ലീഷ് കുറച്ചൊന്നുമല്ല. വെളുപ്പിനോടുള്ള വിധേയത്വം വെളുത്തവൻ സംസാരിക്കുന്ന ഭാഷയോടും നാം കാത്തുസൂക്ഷിക്കുന്നു എന്നതാണ് സത്യം. വേണ്ടത്ര വിദ്യാഭ്യാസമോ ഇംഗ്ലീഷ് പരിജ്ഞാനമോ ഇല്ലാത്ത യുവാക്കൾ പോലും വിവാഹക്ഷണക്കത്ത് ഇംഗ്ലീഷിലേ അടിക്കൂ. ഇത്തരം ക്ഷണക്കത്തുകളിൽ ഭൂരിപക്ഷം എണ്ണത്തിലും വ്യാകരണസംബന്ധമായ പിഴവുകൾ ധാരാളം കണ്ടെത്താമെന്നത് രസകരമായ കാര്യം. ഇങ്ങനെ ഇംഗ്ലീഷിൽ കത്തടിപ്പിക്കുന്നവരുടെ നാലഞ്ചു തലമുറ പിന്നോട്ടു നോക്കിയാൽപ്പോലും ഇംഗ്ലീഷ് സംസാരിച്ചിരുന്നവരോ, ഇംഗ്ലീഷുമായി നിത്യബന്ധം പുലർത്തുന്നവരോ ആരും ഉണ്ടായിരുന്നതായി കണ്ടെത്താൻ കഴിയില്ല. കത്ത് അടിപ്പിച്ചവരുടെയും അത് കിട്ടുന്നവരുടെയും കാര്യവും ഏതാണ്ട് ഇതുതന്നെ. എങ്കിലും തെറ്റുകൾ നിറഞ്ഞ ഇംഗ്ലീഷിലേ ക്ഷണക്കത്ത് അച്ചടിക്കൂ എന്ന വാശിയിലാണ്. ഇംഗ്ലീഷിൽ സംസാരിച്ചാൽ, ഇംഗ്ലീഷിൽ കത്ത് അച്ചടിച്ചാൽ സമൂഹത്തിൽ മാന്യത ഒരുപടി ഉയരുമെന്ന തെറ്റായ ധാരണയിൽ നിന്നാണ് ഇത്തരം ചെയ്തികൾ ഉടലെടുക്കുന്നത്. ഈ മിഥ്യാധാരണ കുത്തിവെയ്ക്കുന്നതിൽ ടെലിവിഷൻ പരിപാടികൾക്കും സിനിമകൾക്കും വലിയ പങ്കുണ്ട്.

മലയാളിയുടെ പൊതുവിലും  കുട്ടികളുടെ പ്രത്യേകിച്ചും ഭക്ഷണശീലത്തിൽ വന്ന മാറ്റങ്ങൾക്ക് ദൃശ്യമാധ്യമങ്ങളിലെ പരിപാടികളുമായി വലിയ ബന്ധമുണ്ട്. പാചകകലയുടെ അത്യാധുനിക രീതികൾ പരിചയപ്പെടുത്തുന്ന  കുക്കറി ഷോ  കൾ ഇന്ന് ഏതു ചാനലിന്റെയും അവിഭാജ്യ പരിപാടിയാണ്. വ്യത്യസ്തങ്ങളായ പേരുകളിൽ ഓരോ ചാനലും മത്സരിച്ചാണ് ഈ പരിപാടി അവതരിപ്പിക്കുന്നത്. പഞ്ചനക്ഷത്ര ഹോട്ടലുകളിലെ അടുക്കള മാഹാത്മ്യത്തെ തെരുവോരങ്ങളിലേക്കും പുഴയോരങ്ങളിലേക്കും കൂട്ടിക്കൊണ്ടുവന്ന് പരിപാടികൾക്ക് ഗ്രാമീണചരായ നൽകാനുള്ള ശ്രമങ്ങളും കാണാം. ഇത്തരം

ഷോകളിൽ പാചകം ചെയ്യാനെത്തുന്ന മാസ്റ്റർ ഷെഫുമാരുടെ വേഷവിധാനം തന്നെ സവിശേഷമായ രീതിയിലാണ്. വേഷവിധാനത്തിനു തന്നെ ആഢ്യത്വത്തിന്റെ ഛായയാണ്. ഭക്ഷണത്തിന്റെ ചേരുവകളും അവ കൂട്ടുന്ന വിധവും പാചകം ചെയ്യുന്ന രീതിയുമൊക്കെ മാസ്റ്റർ ഷെഫിന്റെ വായിൽ നിന്ന് വീഴുന്ന ആംഗലവാണിയിലായിരിക്കും പ്രേക്ഷകൻ അറിയുക. മര്യാദക്കാരായ ചില അവതാരകർ ഇതിന്റെ മലയാളം പറഞ്ഞെങ്കിലായി. പഞ്ചനക്ഷത്ര വിഭവങ്ങളുടെ അത്ഭുതക്കാഴ്ചകളിലേക്കാണ് ഈ ഷോകളൊക്കെ മിഴി തുറക്കുന്നത്. ചോറും സാമ്പാറും അവിയലും തോരനും കാളനും ഓലനുമൊക്കെ സാദാ ഭക്ഷണമാണെന്നും ബർഗറും ഹോട്ട്ഡോഗും ചിക്കൻ കബാബുമൊക്കെ വിലോഭനീയവിഭവങ്ങളുമാണെന്ന അവബോധമാണ് ഈവക ഷോകൾ സമ്മാനിക്കുന്നത്. ഇത്തരം മുന്തിയ ഇനം ഭക്ഷണത്തോടാണ് പുതിയ തലമുറയിലെ കുട്ടികൾക്ക് പ്രിയമെന്ന് നമുക്കറിയാം.

ഈ ഭക്ഷണ സാധനങ്ങൾ പലതും നിശ്ചിത ഇടവേളകളിലല്ല കുട്ടികൾ കഴിക്കുന്നതെന്നതും ശ്രദ്ധേയമാണ്, പ്രത്യേകിച്ച് കൊറിച്ചു കഴിക്കുന്ന ബേക്കറി സാധനങ്ങൾ. രണ്ടും മൂന്നും മണിക്കൂർ ടി വിയുടെയോ കംപ്യൂട്ടറിന്റെയോ മുന്നിലിരിക്കുന്ന കുട്ടികൾ പരിപാടികൾ കണ്ടുകൊണ്ടിരിക്കുന്നതിനിടയിൽതന്നെ എന്തെങ്കിലുമൊക്കെ കൊറിച്ചു കൊണ്ടിരിക്കും. ഭക്ഷണശീലത്തിലെ ഈ അച്ചടക്കമില്ലായ്മ മൂലമാണ് പുതിയ തലമുറയിലെ കുട്ടികളിൽ ഭൂരിപക്ഷം പേർക്കും പൊണ്ണത്തടി കൂടിവരുന്നതായി പല പഠനങ്ങളും തെളിയിക്കുന്നത്. ശരീരം അനങ്ങിയുള്ള വ്യായാമമോ അധ്വാനമോ ഇല്ലാതെ വരികയും ആവശ്യത്തിലേറെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നതുകൊണ്ടുണ്ടാവുന്ന പ്രശ്നമാണ്. 20 വയസ്സു തികയുംമുമ്പേ പ്രഷറും ഷുഗറും കൊളസ്ട്രോളുമൊക്കെ വ്യാപകമാവുന്ന സ്ഥിതിവിശേഷം ഒരുപക്ഷേ മലയാളികളിൽ മാത്രമായിരിക്കും കാണുന്നത്.

# 6. അന്യമാവുന്ന കൂട്ടായ്മകൾ

മലയാളിയുടെ സാമൂഹ്യമുന്നേറ്റത്തിന്റെ ആധാരശില നഗര-ഗ്രാമഭേദമില്ലാതെ ഉണ്ടായ കൂട്ടായ്മകളാണ്. 19ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വടക്കേ മലബാറിലെത്തിയപ്പോഴാണ് സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചത്. വിവിധ മതങ്ങളും ജാതികളും തമ്മിലും ഒരു ജാതിയിൽത്തന്നെയുള്ള ഉപജാതികൾ തമ്മിലും നിലനിന്നിരുന്ന തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഒക്കെ കണ്ട് മനം മടുത്താണ് വിവേകാനന്ദൻ കേരളത്തിന് അപമാനകരമായ ഒരു പദപ്രയോഗം നടത്തിയത്. അപമാനകരമായ ഈ അവസ്ഥയിൽ നിന്ന് കേരളം പൊരുതി മുന്നേറി. ജാതീയമായ ഉച്ചനീചത്വങ്ങളെയെല്ലാം ഉച്ചാടനം ചെയ്തു. മനുഷ്യൻ എന്ന നിലയിൽ എല്ലാവർക്കും തുല്യമായ അവകാശങ്ങളും സാമൂഹ്യനീതിയും ലഭ്യമായി. വിദ്യാഭ്യാസം സാർവത്രികവും ജനാധിപത്യവൽകൃതവുമായി. എല്ലാവർക്കും സ്വന്തമായി ഭൂമിയുണ്ടായി. ആരാധനാ സ്വാതന്ത്ര്യവും എല്ലാവർക്കും ലഭിച്ചു. പതിറ്റാണ്ടുകൾ നീണ്ട പോരാട്ടങ്ങൾ പല തലത്തിൽ നടന്നതിന്റെ ഫലമായിട്ടാണ് ഈ സാമൂഹ്യമുന്നേറ്റമുണ്ടായത്. സാമൂഹ്യ പരിഷ്കർത്താക്കളും നവോത്ഥാന നായകരും പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളും കമ്യൂണിസ്റ്റ് പാർട്ടിയുമൊക്കെ വിവിധ ഘട്ടങ്ങളിൽ ഈ മുന്നേറ്റത്തിന് ചാലകശക്തികളായി പ്രവർത്തിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യത്തിനും ജനാധിപത്യാവകാശങ്ങൾക്കും സാമൂഹ്യമുന്നേറ്റത്തിനും വേണ്ടിയുള്ള ഈ ശ്രമങ്ങളുടെ സന്ദേശം ഏറ്റുവാങ്ങിയത് അക്കാലത്ത് നമ്മുടെ നാട്ടിൻപുറങ്ങളിൽ സജീവമായിരുന്ന സാധാരണമനുഷ്യരുടെ കൂട്ടായ്മയാണ്. ഗ്രാമീണ വായനശാലകളും സാംസ്കാരിക സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് രൂപപ്പെട്ടിരുന്ന ഈ കൂട്ടായ്മകൾ പുതിയ ഭൂമിയെക്കുറിച്ചും പുതിയ ആകാശത്തെക്കുറിച്ചും ഒത്തി

രി സ്വപ്നങ്ങൾ പങ്കുവച്ചു; ഒത്തിരി ആശയങ്ങൾ ഹൃദയത്തിലേറ്റുവാങ്ങി. ചർച്ചകളിലും സംവാദങ്ങളിലും പൊതുയോഗങ്ങളിലുമൊക്കെ മനുഷ്യസമൂഹവും പുതിയ കാലവും ഒക്കെയായിരുന്നു നിറഞ്ഞുനിന്നത്.

ഇപ്പോഴാകട്ടെ, ഇത്തരം കൂട്ടായ്മകൾ നമുക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ്. സ്കൂളും കോളേജും ട്യൂഷൻ സെന്ററും കഴിഞ്ഞാൽ കുട്ടികൾക്ക് ലഭിക്കുന്ന സമയം വളരെ പരിമിതമാണ്. അതിൽത്തന്നെ നല്ല പങ്കും ടെലിവിഷനും കംപ്യൂട്ടറും കൂടി പകുത്തെടുത്തു കഴിഞ്ഞാൽ പിന്നെ അത്യാവശ്യം ഹോംവർക്കോ പാഠഭാഗങ്ങളുടെ മറിച്ചുനോക്കലോ തന്നെ നടന്നെങ്കിലായി. ഇതിനിടയിൽ നാട്ടിൻപുറത്തെ കൂട്ടായ്മകൾക്ക് എവിടെ സമയം? പുതുതലമുറയിലെ കുട്ടികൾ പൊതുവിൽ ഒറ്റപ്പെട്ട തുരുത്തുകളിലാണ്. അവന്റെ വികാര വിചാരങ്ങളോ ആശയങ്ങളോ പങ്കുവെയ്ക്കാൻ ആരുമില്ലാത്ത സ്ഥിതി. വെറുതെയൊന്ന് തല്ലുകൂടാൻ പോലും കൂട്ടുകാരെ കിട്ടാനില്ലാത്ത അവസ്ഥ. അവൻ സ്വന്തം ചിന്തകളിലേക്കും സ്വന്തം സ്വപ്നങ്ങളിലേക്കും സ്വന്തം ലോകത്തിലേക്കും മാത്രമാണ് കണ്ണും കാതും തുറക്കുന്നത്. സ്കൂളും വീടും ഒഴികെ മറ്റൊരു ലോകത്തെക്കുറിച്ച് അറിയുന്നതാവട്ടെ മിക്കവാറും ടെലിവിഷൻ സ്ക്രീനിൽ നിന്നായിരിക്കും. അതാകട്ടെ, അർധസത്യങ്ങളുടെയോ പെരുപ്പിച്ചുകാട്ടിയ വസ്തുതകളുടെയോ നിറം പിടിപ്പിച്ച കഥകളുമായിരിക്കും. സ്വന്തം ചുറ്റുപാടുകളെക്കുറിച്ചും ലോകത്തെക്കുറിച്ചും ഒരു മൂന്നാം കക്ഷി നൽകുന്ന റിപ്പോർട്ടുകളിലൂടെയായിരിക്കും അവർ അറിയുക. ഇങ്ങനെ ഒതുങ്ങിക്കൂടുന്ന കുട്ടികൾ പലവിധ മാനസിക പ്രശ്നങ്ങൾക്കും അടിമകളാകാറുണ്ട് എന്ന രീതിയിൽ ചില പഠനങ്ങൾ വന്നിട്ടുണ്ട്. അതുകൊണ്ട് കൗമാരക്കാർ ഏറെയുള്ള ഹയർ സെക്കൻഡറി സ്കൂളുകളിൽ നിർബന്ധമായും കൗൺസിലിങ്ങിനുള്ള സംവിധാനം ഒരുക്കണമെന്ന് അധികൃതർ നിഷ്കർഷിക്കാറുണ്ട്. ചില സ്കൂളുകളിൽ കൗൺസിലിങ്ങിനായി മാത്രം പ്രത്യേക അധ്യാപകരെയും നിയമിക്കാറുണ്ട്.

# 7. വഴിതെറ്റുന്ന വായന

മലയാളത്തിന് ക്ലാസിക്കൽ പദവി ലഭ്യമാക്കാ നുള്ള മുറവിളി പല കോണുകളിൽ നിന്നും ഉയരുന്ന കാലമാണിത്. ഭായുടെ പ്രാമാണികത്വവും സാഹിത്യത്തിന്റെ സമ്പന്നതയുമൊക്കെ ഈ മനോഹര പദവിക്കുള്ള നമ്മുടെ അർഹത അടിവരയിടുന്നുണ്ട്. മലയാളത്തിന്റെ പിറവി സംബന്ധിച്ച കാലത്തെപ്പറ്റിയുള്ള തർക്കം മാത്രമാണ് ക്ലാസിക്കൽ പദവി നൽകാതിരിക്കാനുള്ള കാരണമായി ബന്ധപ്പെട്ടവർ പറയുന്നത്. രാഷ്ട്രീയ ഭരണ നേതൃത്വവും സാഹിത്യ സാംസ്കാരിക നായകരും ഭാഷാസ്നേഹികളുമൊക്കെ ക്ലാസിക്കൽ പദവിക്കായുള്ള പ്രക്ഷോഭങ്ങൾ തുടരുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നാൽ ഈ മുറവിളി കൂട്ടുന്ന നമുക്ക് യഥാർഥത്തിൽ അതിന് അർഹതയുണ്ടോ എന്ന് പുനർവിചിന്തനം നടത്തേണ്ട കാലം അതിക്രമിച്ചു. കാരണം പുറമെ കാട്ടുന്ന ഭാഷാസ്നേഹം നമ്മുടെ നിത്യജീവിത പരിസരങ്ങളിൽ അലിഞ്ഞു ചേർന്നിട്ടുണ്ടോ എന്നതാണ് പ്രശ്നം. ഭാഷ കേവലമായ ഉൺമ (entity) അല്ല, ജീവിതവും സംസ്കാരവുമാണ് ഭാഷയെ രൂപപ്പെടുത്തുന്നത്. മലയാളിയുടെ ജീവിതം അർത്ഥപൂർണമായി കൊണ്ടു നടക്കുന്നയാൾക്കു മാത്രമേ മലയാള ഭാഷയുടെ ഉൺമയയെപ്പറ്റി പറയാൻ അവകാശമുള്ളൂ. നിർഭാഗ്യവശാൽ മലയാളത്തിന്റെ മുദ്രചാർത്തേണ്ട എല്ലായിടങ്ങളിൽനിന്നും മലയാൺമയുടെ സാന്നിധ്യം ഇല്ലാതാകുന്ന കാഴ്ചയാണ്. അത് സംസാരം, ഭക്ഷണം, വസ്ത്രധാരണം, പ്രതികരണം എന്നീ മേഖലകളിലെല്ലാം പ്രകടമാണ്. ഇവിടങ്ങളിൽ നിന്നെല്ലാം മലയാളിത്തത്തിന്റെ എല്ലാ നന്മകളേയും ആട്ടിപ്പായിക്കാനാണ് പ്രത്യേകിച്ചും പുതിയ തലമുറ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഇത്തരമൊരു ഘട്ടത്തിലാണ് പുതിയ തലമുറയുടെ വായനാ സംസ്കാരം ചർച്ച ചെയ്യേണ്ടത്. വായനയുടെയും സാംസ്കാരിക സംവാദങ്ങളുടെയും സമൃദ്ധികൊണ്ട് കേരളീയ സമൂഹം ആഘോഷിച്ച കാലമായിരുന്നു 1970കളും 80കളും. ഗ്രാമീണ വായനശാലകളും സാംസ്കാരിക സംഘടനകളും കേന്ദ്രീകരിച്ചു മാത്രമല്ല, സ്കൂൾ കോളേജ്

കാമ്പസുകളിലും ചർച്ചകളുടെയും സംവാദങ്ങളുടെയും അഗ്നിശലാകകൾ സജീവമായിരുന്നു. ഇന്ന് പാഠ്യപദ്ധതിയുടെ ഭാഗമായി യുജിസി ഗ്രാന്റും മറ്റും ചെലവഴിച്ചു തീർക്കുന്നതിനുള്ള ഉപാധി മാത്രമായ ചർച്ചകളോ സെമിനാറുകളോ ആയിരുന്നില്ല അത്. വായനയെയും സാംസ്കാരിക മുന്നേറ്റ സ്വപ്നങ്ങളെയും ഹൃദയത്തോടു ചേർത്തുവച്ച കൗമാര-യൗവനങ്ങളുടെ സജീവതയിലായിരുന്നു അന്ന് സംവാദങ്ങൾ അരങ്ങുതകർത്തത്. എം മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളും ഒ വി വിജയന്റെ ഖസാക്കിന്റെ ഇതിഹാസവും, ആനന്ദിന്റെ ആൾക്കൂട്ടവുമൊക്കെ തലനാരിഴ കീറിയുള്ള ചർച്ചകൾക്കു വിധേയമാക്കിയ എത്രയോ പകലുകളാണ് അന്ന് കാമ്പസുകളിൽ പൂത്തുലഞ്ഞത്. ബെഞ്ചമിൻ മൊളോയ്സിനെയും പാബ്ലോ നെരൂദയെയും ഒട്ടോ റെനെ കാസ്റ്റിലോയെയുമൊക്കെ പാടി നടന്ന ക്ഷുഭിത യൗവനവും അന്നത്തെ കാമ്പസുകളുടെ നേർക്കാഴ്ചയായിരുന്നു. അടിയന്തരാവസ്ഥയുടെ അധികാരശാസനങ്ങൾക്കെതിരെ ഒളിഞ്ഞും തെളിഞ്ഞും പോരാടാൻ ചങ്കുറപ്പു കാട്ടിയ യൗവനവും അന്നത്തെ കാമ്പസുകൾ അടയാളപ്പെടുത്തുന്നുണ്ട്. മാധ്യമക്കാഴ്ചകളുടെ ലോകം ഏറെയൊന്നും വികസിച്ചിട്ടില്ലാതിരുന്ന കാലമായിട്ടും ലോകസംഭവങ്ങളോടും രാഷ്ട്രീയ സാംസ്കാരിക സമസ്യകളോടും സാർഥകമായി സംവദിക്കാൻ അക്കാലത്തെ പുതുതലമുറ ജാഗ്രത കാട്ടിയിരുന്നു. വായന ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യഘടകമാക്കിയ തലമുറയായിരുന്നു അത്. വായനയുടെ വഴികളിൽ മനസ്സിലും ചിന്തയിലും കയറികൂടിയ വെളിപാടുകളായിരുന്നു അവരെ മുന്നോട്ടു നയിച്ചത്. എന്നാൽ മാധ്യമങ്ങളുടെ പെരുമ്പറമുഴക്കങ്ങളും കെട്ടുകാഴ്ചകളും സർവ സന്നാഹങ്ങളോടും ആടിത്തിമിർക്കുന്ന ഇക്കാലത്ത് അർത്ഥപൂർണമായ വായന കുറഞ്ഞുവരുന്ന കാഴ്ചയാണ്.

വായനയുടെ പൂക്കാലം മലയാളിക്ക് സമ്മാനിച്ച മഹാപ്രസ്ഥാനമാണ് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ. ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഏഴായിരത്തോളം ഗ്രന്ഥശാലകളാണ് സംസ്ഥാനത്തെ 978 പഞ്ചായത്തുകളിലും 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനിലുമായുള്ളത്. ഒരു പഞ്ചായത്തിൽ ശരാശരി ഏഴു വായനശാലകൾ. നൂറു ശതമാനം വരെ എത്തിയ കേരളത്തിന്റെ സാക്ഷരത ഉയർന്ന വിദ്യാഭ്യാസ നിലവാരം ദിനചര്യയുടെ അവിഭാജ്യഘടകമായ പത്രപാരായണം എന്നിവ ഗ്രന്ഥശലാ പ്രസ്ഥാനത്തിന് വളക്കൂറുള്ള മണ്ണാക്കി കേരളത്തെ മാറ്റി. ഇങ്ങനെയുള്ള ഗ്രന്ഥശാലാ പ്രസ്ഥാനം കുറച്ചുനാൾ മുമ്പ് നടത്തിയ വായനാ സർവെയിൽ കണ്ടെത്തിയ കാര്യങ്ങൾ കൗതുകം ജനിപ്പിക്കുന്നതാണ്. മലയാളിയുടെ വായനയു

ടെ ഗ്രാ ഫ് മുകളിലേക്കാണോ താഴേക്കാണോ പോകുന്നതെന്ന തർക്കം തുടരുകയാണെങ്കിലും സർവെ ബോധ്യപ്പെടുത്തുന്നത് വായനയുടെ ആകാശം ചുരുങ്ങി വരികയാണെന്നാണ്. ഹൈടെക് ജീവിതത്തിന്റെ സമ്പന്നതകളും അത്ഭുതസാധ്യതകളും സ്വന്തം ജീവിതമുറ്റങ്ങളിൽ കുടിയിരുത്താനുള്ള നെട്ടോട്ടത്തിൽ ധ്യാനനിമഗ്നമായ വായനയുടെ സുഖാനുഭൂതിസ്വന്തമാക്കാൻ ഭൂരിപക്ഷം പേർക്കും കഴിയുന്നില്ല.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ സാന്നിധ്യം വായനയെ ബാധിച്ചിട്ടുണ്ടോ, ഗ്രാമീണ വായനശാലകളിൽ പുസ്തക വിതരണം കുറയുന്നതിന്റെ കാരണം ഇലക്ട്രോണിക് മാധ്യമങ്ങളാണോ, അതോ വായനക്കാരന്റെ അഭിരുചിക്കനുസരിച്ചുള്ള പുസ്തകങ്ങളുടെ ലഭ്യതക്കുറവാണോ എന്നു തുടങ്ങിയ കാര്യങ്ങളായിരുന്നു സർവെയിൽ അന്വേഷിച്ചത്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 99 ഗ്രാമപഞ്ചായത്തുകളിലും 19 നഗരസഭകളിലും മൂന്നു കോർപ്പറേഷനുകളിലുമായിരുന്നു സർവെ. ഭൂരിപക്ഷവും വായിക്കാൻ ചെലവഴിക്കുന്നതിനേക്കാൾ കൂടുതൽ സമയം ടി വി കാണാൻ ചെലവഴിക്കുന്നു എന്നാണ് പറഞ്ഞത്. ഗ്രാമങ്ങളിലുള്ളവർ വായനക്ക് ദിവസം ശരാശരി 66 മിനിട്ട് ചെലവിടുമ്പോൾ ടി വി കാണാൻ നൂറു മിനിട്ട് ചെലവിടുന്നു. നഗരങ്ങളിൽ വായനക്ക് 78 മിനിട്ട് നീക്കിവെയ്ക്കുമ്പോൾ ടി വി കാണാൻ 110 മിനിട്ട് ചെലവിടുന്നു. പൊതുവിൽ ശരാശരി 73 മിനിട്ട് വായനക്ക് വിനിയോഗിക്കുമ്പോൾ ടി വി കാണുന്നതിന് നീക്കിവെയ്ക്കുന്നത് 107 മിനിറ്റാണെന്ന് സർവെ കണ്ടെത്തി.

ചാനലുകളുടെ തള്ളിക്കയറ്റം ഇത്രയേറെ വ്യാപകമാകുന്നതിനും കംപ്യൂട്ടർ-ഇന്റർനെറ്റ് കാഴ്ചകൾ സജീവമാകുന്നതിനും മുമ്പായിരുന്നു ഈ സർവെ. ചാനൽ പ്രളയത്തിൽ മുങ്ങിത്താഴുന്ന ഈ ഘട്ടത്തിൽ സ്വാഭാവികമായും വായനയുടെ തോത് കുറയാനാണ് സാധ്യത. കംപ്യൂട്ടറുകൾ വ്യാപകമാകുന്നതു വഴി ഇ-വായന സാധ്യമാണെന്ന വാദംഉയർത്തിയാൽ തന്നെ എത്രത്തോളം പേർ ഇ-വായന ഗുണപരമായി ഉപയോഗിക്കുന്നുണ്ടെന്നത് തർക്കമുള്ള കാര്യമാണ്. ഉയർന്ന അക്കാദമിക നിലവാരം പുലർത്തുന്ന സ്കൂളുകളിലും കോളേജുകളിലുമുള്ള ലൈബ്രറികൾ ഉപയോഗിക്കുന്നവരുടെ എണ്ണവും പരിമിതം. 20 ശതമാനം പേർ പോലും കോളേജ് ലൈബ്രറികൾ ഉപയോഗപ്പെടുത്തുന്നില്ലെന്നാണ് പലയിടത്തുനിന്നുമുള്ള അനുഭവം. ലൈബ്രറി ഉപയോഗിക്കുന്നവർ തന്നെ പഠനവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾക്കായി മാത്രമാണ് താനും. സാഹിത്യവും സംസ്കാരവും ചരിത്രവുമൊക്കെയായി ബന്ധപ്പെട്ട പുറംവായനയുടെ ലോകം അന്യം

നിന്നുവരികയാണ്. എഴുപതുകളിലും എൺപതുകളിലും ഇറങ്ങിയ പുസ്തകങ്ങളും അക്കാലത്തെ കാവ്യഭാവുകത്വത്തിന് പുതിയ തലങ്ങൾ സമ്മാനിച്ച കവികളുടെ (കടമ്മനിട്ട, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട്) കാവ്യശകലങ്ങളും ക്യാമ്പസുകളുടെ ശീലും ശീലവുമായിരുന്നു. സമകാലിക മലയാള സാഹിത്യത്തിലെ ഏതെങ്കിലും പുസ്തകമോ കവിതയോ അത്രയേറെ വികാരവായ്പോടെ പുതിയ തലമുറ കൊണ്ടു നടക്കുന്നുണ്ടോ? ഒരു തലമുറയുടെ ചിന്തകളെയും സ്വപ്നങ്ങളെയും പിടിച്ചുലയ്ക്കുംവിധം സ്വാധീനം ചെലുത്താൻ കഴിയുന്ന കവികളും എഴുത്തുകാരും കുറഞ്ഞുവരുന്നതുകൊണ്ടാണെന്ന ന്യായവാദം വേണമെങ്കിൽ ഉയർത്താം. പക്ഷേ അത് ന്യായമായിത്തീരണമെന്നില്ല.

പോയ വർഷം സ്കൂൾ ലൈബ്രറികളിൽ പുസ്തകം വാങ്ങുന്നതിന് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് പത്ത് കോടി രൂപ ചെലവാക്കിയതായി കണക്കുകൾ പറയുന്നു. ഈ പത്തുകോടിക്ക് ഡിസ്കൗണ്ട് കഴിച്ച്, ചുരുങ്ങിയത് 12 കോടി മുഖവിലയുള്ള പുസ്തകങ്ങൾ വാങ്ങാൻ കഴിയും. എന്നാൽ ഈ പുസ്തകങ്ങളിൽ 90 ശതമാനവും ആരുടെയും കരസ്പർശമേൽക്കാതെ ബുക്ക് ഷെൽഫുകളിൽ വിശ്രമിക്കുകയാണ്. സ്കൂൾ ലൈബ്രറികളിൽ ഭൂരിപക്ഷത്തിനും പരിശീലനം ലഭിച്ച ലൈബ്രേറിയന്റെ സേവനമോ കുറ്റമറ്റ പുസ്തക വിതരണ സംവിധാനമോ ഇല്ലാത്തതാണ് ഒരു പ്രധാന പ്രശ്നം.

നമ്മുടെ ഗ്രാമീണ ലൈബ്രറികളിലെ പുസ്തക വിതരണ രജിസ്റ്റർ പരിശോധിച്ചാൽ പുതിയ തലമുറയിൽപ്പെട്ടവരുടെ വായനാശീലത്തെപ്പറ്റി ഏകദേശ രൂപം ലഭിക്കും. 18 വയസ്സിൽ താഴെയുള്ള കുട്ടികൾ പുസ്തകങ്ങൾക്കായി ഗ്രന്ഥശാലകളിൽ എത്തുന്നത് തുലോം പരിമിതമാണ്.

വായനക്കാരുടെ എണ്ണം കുറയുന്നതും പുസ്തകങ്ങൾ തന്നെ ഇലക്ട്രോണിക് മാധ്യമങ്ങളുടെ സാങ്കേതിക തികവിൽ പുതിയ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും മൂലം പുസ്തക വ്യവസായം വലിയ പ്രതിസന്ധികളിലൂടെയാണ് പോകുന്നതെന്നും പുസ്തക ശാലകൾ നടത്തുന്നവർക്ക് പരാതിയുണ്ട്. 2020 ആകുന്നതോടെ ആഗോളവ്യാപകമായിത്തന്നെ പുസ്തക വ്യവസായം പ്രതിസന്ധിയിലാകുമെന്നാണ് കുറച്ചു നാൾ മുമ്പ് ലോക പുസ്തക വ്യവസായത്തെപ്പറ്റി സ്വിറ്റ്സർലൻഡിൽ നടന്ന പ്രദർശനത്തോടനുബന്ധിച്ച സെമിനാർ ഉയർത്തിയ സന്ദേഹം.

കേരളത്തിലും ഇത്തരമൊരു ആശങ്ക അസ്ഥാനത്തല്ല. ഇവിടെ ഏറ്റവും കുടുതൽ സ്വീകാര്യതയുള്ള എഴുത്തുകാരുടെ കൃതികൾപോലും രണ്ടോ മൂന്നോ പതിപ്പുകളിൽ ഒതുങ്ങുകയും ശരാശരി 5000–8000 വരെ കോപ്പികൾ മാത്രം വിറ്റഴിയുകയും ചെയ്യുന്നതായാണ് കണക്ക്. പതിനായിരക്കണക്കിന് പുസ്തകങ്ങൾ ഇറങ്ങുന്നതിൽ വിരലിലെണ്ണാവുന്നവ മാത്രമാണ് വിൽപ്പനയിൽ അഞ്ചക്കത്തിലെത്തുന്നത്. മൂന്നു കോടിയിലേറെപ്പേരും സാക്ഷരരാവുകയും രണ്ടുകോടിയോളം പേരെങ്കിലും ഉയർന്ന വിദ്യാഭ്യാസയോഗ്യത കരസ്ഥമാക്കുകയും ചെയ്ത കേരളത്തിലാണ് ഒരു പുസ്തകത്തിന്റെ പരമാവധി 8000 കോപ്പി വിറ്റഴിയുന്നതോർക്കണം. വിൽപ്പനയിൽ സർവകലാശാല റെക്കോഡ് സ്ഥാപിച്ച ചങ്ങമ്പുഴയുടെ രമണന്റെ ഒരു ലക്ഷം കോപ്പി പിന്നിട്ടത് എത്രയോ ദശകങ്ങൾക്കുശേഷമാണ്.

## 8. ടെലിവിഷൻ ക്വിസ് എന്ന അസംബന്ധ നാടകം

അറിവിന്റെ അക്ഷയഖനികളും കാണാക്കാഴ്ചകളും തേടിയുള്ള യാത്രയാണ് ക്വിസ് പരിപാടി നമുക്ക് സമ്മാനിക്കുക. ബുദ്ധിയിലും ഓർമശക്തിയിലും അനിതരസാധാരണമായ കഴിവ് പ്രകടിപ്പിക്കാൻ കഴിയുന്നവർക്കാണ് ക്വിസ് പരിപാടികളിൽ തിളങ്ങാൻ കഴിയുക. ചിട്ടയായ വായനയും പഠനവും അനുശീലനവും ഓർമ പുതുക്കലുമൊക്കെ ഇതിന് ഒഴിച്ചു കൂടാനാവാത്ത കാര്യങ്ങളാണ്. എന്നാൽ ഇതൊന്നുമില്ലെങ്കിലും ക്വിസ് പരിപാടിയിൽ പങ്കെടുക്കാമെന്നും പണം വാരാമെന്നും തെളിയിക്കുകയാണ് പല ചാനലുകളും. സ്വന്തം അറിവില്ലായ്മ മാലോകർക്കു മുന്നിൽ ഒരു ഉളുപ്പുമില്ലാതെ പ്രകടിപ്പിക്കാൻ ധൈര്യം കാട്ടുന്ന മലയാളിയുടെ ചിത്രവും ഇത്തരം ക്വിസ് പരിപാടികൾ സമ്മാനിക്കുന്നുണ്ട്.

കാണം വിറ്റും എന്താണ് ചെയ്യേണ്ടത്. എന്തുണ്ടെങ്കിലാണ് ഉലക്കപ്പുറത്തും കിടക്കാനാവുക എന്നിങ്ങനെയുള്ള ചോദ്യങ്ങളാണ് കോടീശ്വനാകാനുള്ള തയ്യാറെടുപ്പുമായി വരുന്നവരോട് അവതാരകൻ ചോദിക്കുന്നത്. ഇത്തരം ചോദ്യങ്ങൾക്കു മുന്നിൽപ്പോലും പതറുകയും വെള്ളംകുടിക്കുകയും സ്വന്തം അജ്ഞത മാലോകരെ മുഴുവൻ കാട്ടുകയും ചെയ്യുന്നവരാണ് പങ്കെടുക്കുന്നവരിൽ ഏറെയും. ഏഷ്യാനെറ്റ് ചാനലിലെ നിങ്ങൾക്കുമാകാം കോടീശ്വരൻ പരിപാടിയിൽ പങ്കെടുത്ത ചലച്ചിത്ര നടൻ സുരാജ് വെഞ്ഞാറമൂട് കേരളത്തിലെ നാവിക അക്കാദമി ആസ്ഥാനം എവിടെയെന്ന ചോദ്യത്തിന് നൽകിയ മറുപടി കൊച്ചി എന്നായിരുന്നു. ചലച്ചിത്ര രംഗത്ത് പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ജയറാം-പാർവതി ദമ്പതികളോട് സിനിമയുമായി ബന്ധപ്പെട്ട് ഉന്നയിച്ച ചോദ്യത്തിന് ശരിയുത്തരം നൽകാൻ അവർക്ക് കഴിഞ്ഞില്ല. ഷേക്സ്പിയറുടെ മക്ബത് എന്ന ദുരന്തനാടകത്തെ ഉപജീവിച്ച് വിശ്രുത ജാപ്പനീസ് ചലച്ചിത്രകാരൻ അകിര കുറസോവ സംവിധാനം ചെയ്ത ചിത്രം ദ ത്രോൺ ഓഫ് ബ്ലഡ് ആണെന്ന് ഉത്തരം നൽകാൻ അവർക്ക് കഴിഞ്ഞില്ല. ഒടുവിൽ ലൈഫ് ലൈൻ സ്വീകരിച്ച് കമൽ ഹാസനുമായി ഫോണിൽ ബന്ധപ്പെട്ടാണ് ശരിയുത്തരം പറഞ്ഞത്. 3,

20,000 രൂപയുടെ സമ്മാനം ഇരട്ടിയായി 6,40,000 രൂപ ലഭിക്കുന്നതിന് നൽകിയ ചോദ്യം പിണറായി വിജയന് തൊട്ടുമുമ്പ് സിപിഐ എം സംസ്ഥാന സെക്രട്ടറി ആരാണെന്നായിരുന്നു. നാല് ഉത്തരങ്ങളിൽ ലൈഫ് ലൈൻ സൗകര്യം ഉപയോഗിച്ച് രണ്ടെണ്ണം ഒഴിവാക്കിയതിനു ശേഷമുള്ള രണ്ടെണ്ണത്തിൽ നിന്ന് കറക്കിക്കുത്തിയാണ് പങ്കെടുത്തയാൾ ചടയൻ ഗോവിന്ദൻ എന്ന ശരിയുത്തരം പറഞ്ഞത്. 15 ചോദ്യങ്ങൾക്ക് ശരിയായി ഉത്തരം നൽകിയാൽ  നിങ്ങൾക്കുമാകാം കോടീശ്വരൻ  എന്നാണ് അവതാരകനായ ചലച്ചിത്ര നടൻ സുരേഷ് ഗോപി പറയുന്നത്.

സൂര്യ ടിവിയിൽ ചലച്ചിത്ര നടി മമ്ത മോഹൻദാസ് അവതരിപ്പിക്കുന്ന  കൈയിൽ ഒരു കോടി, ആർ യു റെഡി  എന്ന പരിപാടിയും സമാനസ്വഭാവമുള്ളതാണ്. ഇവിടെ ഏഴു ചോദ്യങ്ങൾക്കുള്ള ശരി ഉത്തരത്തിലൂടെ ശ്രദ്ധിച്ച് കരുക്കൾ നീക്കുന്നവർക്ക് ഒരു കോടി സ്വന്തമാക്കാം. പക്ഷേ രണ്ട് പരിപാടിയിലും ഇതേവരെ ഒരു കോടി എന്ന വിലോഭനീയമായ സമ്മാനം നേടാൻ ആർക്കും കഴിഞ്ഞിട്ടില്ല. കുറച്ചു നാൾ മുമ്പുവരെ സൂര്യടിവിയിൽ നടൻ മുകേഷ് അവതരിപ്പിച്ച പരിപാടിയാണ്  ഡീൽ ഓർ നോ ഡീൽ . ഇവിടെയും മത്സര(കളി)ത്തിൽ പങ്കെടുക്കുന്നവർക്ക് കോടിയിലെത്തുന്ന സമ്മാനത്തുകയാണ് വാഗ്ദാനം ചെയ്യുന്നത്. ഇതിലും ഒരാൾക്കുപോലും അത് എത്തിപ്പിടിക്കാൻ കഴിഞ്ഞില്ല.

ഈ പരിപാടികൾക്കെല്ലാം ടാം (ടെലിവിഷൻ ഓഡിയൻസ് മെഷർമെന്റ്) റേറ്റ് വളരെ ഉയർന്നതാണെന്നാണ് ചാനൽ അധികൃതർ പറയുന്നത്. ഈ പരിപാടിയിൽ ഉയരുന്ന ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും മനസ്സിലാക്കുകയെന്നതിനെക്കാൾ പ്രേക്ഷകരെ സ്വാധീനിക്കുന്നത് ഇതിലെ പണത്തിന്റെ പങ്കാളിത്തമാണ്. ഒറ്റച്ചോദ്യം നിങ്ങളുടെ ഭാവിയെത്തന്നെ മാറ്റിമറിക്കുമെന്ന പരസ്യവാചകം നമ്മെ വല്ലാതെ മോഹിപ്പിക്കുന്നതാണ്. ജീവിതത്തിൽ പണത്തിനുള്ള ഒഴിച്ചുകൂടാനാവാത്ത സ്വാധീനമാണ് ഇതിനു കാരണം. ഈ പരിപാടികൾ സ്ഥിരമായി കാണുന്ന കുട്ടികളിൽ പണത്തോടുള്ളള ആർത്തിയും പണത്തിന്റെ സ്വാധീനവും എന്തെല്ലാം മാറ്റങ്ങളാണുണ്ടാക്കുക എന്നത് വിശദമായ പഠനം ആവശ്യപ്പെടുന്ന സംഗതിയാണ്. കേവലം അർത്ഥശൂന്യമായ ഒരു ചോദ്യത്തിലൂടെ ലക്ഷങ്ങളോ ദശലക്ഷങ്ങളോ സ്വന്തമാക്കാൻ കഴിയുകയെന്നു പറഞ്ഞാൽ അതുളവാക്കുന്ന ധാരണ വേറൊന്നാണ്. കാര്യമായി അധ്വാനിക്കാതെയും ഗൗരവതരമായ വാ

യനയോ പഠനമോ ഒന്നുമില്ലാതെയും വേണമെങ്കിൽ നിങ്ങൾക്കു പണക്കാരനാകാം. ബുദ്ധിപൂർവമുള്ള ചില നീക്കങ്ങൾ നടത്തിയാൽ മാത്രം മതി. കുട്ടികൾക്ക് പണത്തോടുള്ള വ്യാമോഹം ജനിപ്പിക്കുകയും അധ്വാനത്തോട് താൽപര്യക്കുറവ് സൃഷ്ടിക്കുകയുമാണ് ഇത്തരം പരിപാടികൾ ചെയ്യുക. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ചെറുപ്പക്കാർ പോലും പെട്ടെന്നു പണക്കാരാകാൻ വേണ്ടി മോഷണവും കൊള്ളയും നടത്തുന്ന സംഭവങ്ങൾ ഏറിവരികയാണ്. കുറച്ചു വർഷം മുമ്പ് കൊച്ചിക്കടുത്ത് ഒരു ബാങ്കിൽ നിന്ന് പട്ടാപ്പകൽ ജീവനക്കാരെയും ബാങ്കിലെത്തിയ ഇടപാടുകാരെയും വെടി ഉതിർത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ലക്ഷങ്ങളുമായി കടന്നുകളഞ്ഞ ഇരുപതുകാരന്റെ കഥ വാർത്തകളിൽ നിറഞ്ഞു നിന്നിരുന്നു. ഒരു കോളേജ് പ്രൊഫസറുടെ മകനായ യുവാവ് താരതമ്യേന സമ്പന്നമായ സാഹചര്യത്തിൽ ജീവിക്കുന്നയാളുമായിരുന്നു. എന്നാൽപ്പോലും സ്വന്തം നിലയിൽ ചുരുങ്ങിയ സമയം കൊണ്ട് പണക്കാരനാകാനുള്ള മോഹമാണ് അയാളെ ഇത്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനത്തിനു പ്രേരിപ്പിച്ചത്. ഒടുവിൽ പൊലീസിനു കീഴടങ്ങി നിയമത്തിനു മുന്നിൽ വിചാരണ ചെയ്യപ്പെടുകയും ചെയ്തു. താൻ കണ്ട ചില ഹോളിവുഡ് ചിത്രങ്ങളുടെ സ്വാധീനത്തിലാണ് ബാങ്ക് കൊള്ള ആസൂത്രണം ചെയ്തതെന്നായിരുന്നു ഇയാൾ പൊലീസിന് മൊഴി നൽകിയത്.

ടെലിവിഷനിലും വെള്ളിത്തിരയിലും പ്രദർശിപ്പിക്കുന്ന പല സിനിമകളിലും സീരിയലുകളിലും കാണുന്ന നായകന്റെ ജീവിതരീതി കുട്ടികളെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. കളവും കൊലപാതകവും അധാർമികമായ മദ്യോൽപ്പാദനവും വിൽപ്പനയുമൊക്കെ നടത്തുന്നത് നായകനാണെങ്കിലും അയാളോട് കാഴ്ചക്കാർക്കു തോന്നുന്നത് ഒരുതരം വീരാരാധനയാണ്. ഈ വീരാരാധനയിൽ നിന്നാണ് നായകന്റെ ധീരസാഹസിക പ്രവൃത്തികൾ ജീവിതത്തിൽ അനുകരിക്കാനുള്ള പ്രേരണ ഉണ്ടാകുന്നത്.

# 9. ഇന്റർനെറ്റും പുതുതലമുറയും

വാർത്താവിനിമയ രംഗത്ത് അവിശ്വസനീയമാംവണ്ണം അത്ഭുതങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് കംപ്യൂട്ടറുകളും അവയുടെ ആഗോള ശൃംഖലയായ ഇന്റർനെറ്റും രൂപം കൊണ്ടത്. 1960കളിൽ അമേരിക്കൻ സൈന്യം ഉപയോഗിച്ചിരുന്ന കംപ്യൂട്ടർ സാങ്കേതികവിദ്യയിൽ തുടങ്ങുന്ന ഇന്റർനെറ്റ് കഴിഞ്ഞ അര നൂറ്റാണ്ടിനുള്ളിൽ കീഴടക്കിയ മേഖലകൾ എണ്ണമറ്റതാണ്. പെഴ്സണൽ കംപ്യൂട്ടറിനെ മോഡം എന്ന ഉപകരണം വഴി ഇന്റർനെറ്റ് ശൃംഖലയുമായി ബന്ധിപ്പിച്ചാൽ വിജ്ഞാനത്തിന്റെ എതു മേഖലയിലുമുള്ള വിവരങ്ങളും നമ്മുടെ കൺമുന്നിൽ കംപ്യൂട്ടർ സ്ക്രീനിൽ ലഭ്യമാകും. പട്ടണങ്ങളും നഗരങ്ങളും രാജ്യങ്ങളും തമ്മിലുള്ള നേരിയ ബന്ധങ്ങളും ദേശം, ദേശീയത തുടങ്ങിയ അതിർവരമ്പുകളും നിയന്ത്രണങ്ങളുമൊക്കെ ഇല്ലാതാകുന്ന വിശാലമായ ലോകമാണ് ഇന്റർനെറ്റ് സമ്മാനിക്കുന്നത്. രാജ്യാന്തരമായി ജനങ്ങൾ തമ്മിൽ ഇടപെടാനുള്ള പ്രതിബന്ധങ്ങൾ ഇവിടെ അസ്തമിക്കുകയാണ്. വെറും കത്തുകളും വിവരങ്ങളും ലഭ്യമാക്കുക എന്നതിൽ നിന്ന് ഇന്റർനെറ്റിന്റെ സാധ്യത അത്ഭുതകരമായി വികസിച്ചു. ജോലി ചെയ്യുന്നതിനും കച്ചവടത്തിനും ബാങ്കിങ്ങിനും എന്നുവേണ്ട നിത്യജീവിതത്തിലെ ഏതുപ്രതിഭാസത്തിനും ഒഴിച്ചുകൂടാനാവാത്തതാണ് കംപ്യൂട്ടർ-ഇന്റർനെറ്റ് സംവിധാനം എന്ന നില വന്നു. 1990കളുടെ ആരംഭത്തിൽ ഇതിന്റെ ബാല്യദശയിൽ തന്നെ ഇന്റർനെറ്റിന്റെ അത്ഭുതലോകം വിഹരിക്കാൻ ഇടയുള്ള സാധ്യതകളിലേക്ക് പലരും വിരൽ ചൂണ്ടിയിരുന്നു. അത് ശരിവെക്കുംവിധമാണ് കഴിഞ്ഞ രണ്ടു ദശകത്തിനിടയിൽ ഈ മേഖലയിലുണ്ടായ വളർച്ച. ഓർക്കുട്ടും ഫേസ്ബുക്കും ബ്ലോഗും യൂട്യൂബും ടിറ്ററുമടക്കം ആശയവിനിമയത്തിന്റെ സാമൂഹ്യശൃംഖലകൾ സജീവമായി. അമേരിക്കയെയും യൂറോപ്യൻ രാജ്യങ്ങളെയും പോലെ ദൈനം ദിനം ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ എണ്ണം അത്ര വലുതല്ലെങ്കിലും നമ്മളും ഈ പാതയിൽ സജീവ സാന്നിധ്യമറിയിച്ചുകൊണ്ടിരിക്കുകയാണ്. നവമാധ്യമങ്ങൾ,

സൈബർ മാധ്യമങ്ങൾ, ആധുനികോത്തര മാധ്യമങ്ങൾ എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെടുന്ന ഇന്റർനെറ്റ് അനുബന്ധ മാധ്യമങ്ങൾ ഏറെ ഉപയോഗിക്കുന്നത് പുതുതലമുറയിൽപ്പെട്ടവരാണ്.

പത്തുവർഷം മുമ്പ് ബ്രിട്ടണിൽ നടത്തിയ ഒരു സർവെയിൽ കണ്ടത് വാർത്താ, വിനോദ മാധ്യമമെന്ന നിലയിൽ ടെലിവിഷനും റേഡിയോക്കും ശേഷം മൂന്നാംസ്ഥാനം ഇന്റർനെറ്റിനാണെന്നാണ്. പത്രവും മാസികകളും യഥാക്രമം നാലും അഞ്ചും സ്ഥാനങ്ങളിലേക്ക് പിന്തള്ളപ്പെട്ടതായി പ്രസ്തുത സർവെ കണ്ടെത്തി. പത്രവും ടെലവിഷനും റേഡിയോയും നിർവഹിക്കുന്ന ദൗത്യങ്ങൾ ഒരുമിച്ച് നിർവഹിക്കാൻ ഇന്റർനെറ്റിനു കഴിയുന്നു എന്നതാണ് ഇതിന്റെ സവിശേഷതയായി കണ്ടെത്തിയത്.

മറ്റ് ബഹുജന മാധ്യമങ്ങളിൽനിന്ന് ഇന്റർനെറ്റിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന നവ മാധ്യമങ്ങളുടെ വർധിച്ച സ്വീകാര്യതയുമായി ബന്ധപ്പെട്ട് മാധ്യമവിമർശകൻ ഷാജി ജേക്കബ് ഇങ്ങനെ നിരീക്ഷിക്കുന്നു: നവ മാധ്യമങ്ങളുടെ നവ ത്വത്തെ നിർവചിക്കുന്നത് പൊതുവിൽ രണ്ടു ഘടകങ്ങളാണ്. ഒന്ന്, ആധുനിക മാധ്യമങ്ങൾ വിവക്ഷിച്ചിരുന്ന അർത്ഥത്തിലുള്ള ബഹുജന മാധ്യമസ്വഭാവത്തെ ഇവ മാറ്റിമറിക്കുന്നു. എന്നുവച്ചാൽ, ഒരു കേന്ദ്രത്തിൽ നിന്ന് ഒരുപാട് ആളുകളിലേക്ക് നടക്കുന്ന ഏകപക്ഷീയമായ വിനിമയ പ്രക്രിയയല്ല നവമാധ്യമങ്ങളുടേത്. രണ്ട്, ആധുനിക മാധ്യമങ്ങളെ അപേക്ഷിച്ച് സാങ്കേതികതയിലും മാധ്യമപരതയിലും ഇവയുടെ സാമൂഹ്യപ്രക്ഷേപണരീതികൾ മാറിവരുന്നു. സത്വരത(immediacy), വിവിധ മാധ്യമങ്ങളുടെ സംലയനം (media convergence), ബഹുമാധ്യമപരത (multimedia) , ഇടപെടൽ ശേഷി (interactivity), ഡിജിറ്റലീകരണം (digitalization), അധിപാഠപരത (hypertextuality), പ്രതീതിപരത(virtuality) എന്നിങ്ങനെയുള്ള സ്വഭാവങ്ങൾ നവമാധ്യമങ്ങളുടെ അനിവാര്യതയാണ്. ഇവയിലെല്ലാം സാങ്കേതികത പ്രഥമദൃഷ്ട്യാ തോന്നാമെങ്കിലും ഒരേസമയം തന്നെ സാമൂഹികതയും സാംസ്കാരികതയുമായി ഇഴപിരിഞ്ഞ് നിൽക്കുന്നവയാണ് ഇവയോരോന്നും.

വാർത്താവിനിമയ രംഗത്തെ കുതിപ്പുകൾ, വൈദ്യശാസ്ത്രം മുതൽ ആണവശാസ്ത്രം വരെയുള്ള രംഗങ്ങളിലെ വഴിത്തിരിവുകൾ, സാഹിത്യ പത്രാധിപരുടെ മരണം പ്രഖ്യാപിച്ച ബ്ലോഗ് സാഹിത്യം, അച്ചടി മാധ്യമത്തിന്റെ അന്ത്യംകുറിച്ച് നിലവിൽ വന്നു കഴിഞ്ഞ ഇലക്ട്രോണിക് പുസ്തകം, പത്രപ്രസാധനം, മുഴുവൻ യന്ത്രസാങ്കേതികതകളും ഉൾക്കൊണ്ട ഡിജിറ്റലൈസേഷൻ, പഠന ഗവേഷണ

തലങ്ങളിലെ അത്യപൂർവമായ അറിവനുഭവങ്ങൾ, മതമൗലികവാദം മുതൽ പോണോഗ്രഫിവരെയുള്ള ലോകത്തെ കീഴടക്കുന്ന സൈബർ അധോമണ്ഡലം എന്നിങ്ങനെ നവമാധ്യമങ്ങളുടെ വ്യവഹാരമേഖലകൾ നിരവധിയാണ്. സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകൾ എന്നറിയപ്പെടുന്ന സമാന്തര മാധ്യമമണ്ഡലമാണ് മറ്റൊന്ന്.

പങ്കാളിത്തവും ഇടപെടലും നിരന്തരമായ പരിഷ്കരണവും കൊണ്ട് കൂടുതൽ ശക്തമായ ആശയപ്രചാരണത്തിന്റെ മേഖലകൾ തുറക്കുന്നതാണ് പുതിയ സാമൂഹ്യമാധ്യമങ്ങൾ. പത്രങ്ങളും റേഡിയോയും ഒരു പരിധിവരെ ടെലിവിഷനും ചെലുത്തിയതിനേക്കാൾ വലിയ സ്വാധീനം ചെലുത്താൻ കഴിയുന്ന മേഖലയായി സാമൂഹ്യമാധ്യമ മേഖല ഇതിനകം മാറിക്കഴിഞ്ഞിട്ടുണ്ട്. ആഗോള വ്യാപകമായി ഏറ്റവും ജനപ്രീതിയാർജിച്ച ആശയവിനിമയ മേഖലയാണ് ഇന്ന് സാമൂഹ്യമാധ്യമങ്ങൾ. 2004ൽ ആരംഭിച്ച ഫേസ് ബുക്കിൽ 2010 ആയതോടെ അംഗസംഖ്യ 40 കോടിയായി വർധിച്ചു. അടുത്ത ഒരു വർഷം കൊണ്ട് ഇത് 90 കോടിയായി ഉയർന്നു. 2012ന്റെ ആരംഭത്തിൽ തന്നെ ഫേസ് ബുക്ക് അംഗങ്ങളുടെ എണ്ണം നൂറു കോടി കവിഞ്ഞു. ട്വിറ്റർപോലുള്ള മറ്റ് സാമൂഹ്യമാധ്യമങ്ങളിലെല്ലാമായി 200 കോടിയിലേറെപ്പേർ അംഗങ്ങളായുണ്ടെന്നാണ് കണക്ക്.

അഭിപ്രായങ്ങളും ആശയങ്ങളും രൂപീകരിക്കുന്നതിൽ സാമൂഹ്യമാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനത്തിന് ഏറ്റവും നല്ല ഉദാഹരണമായി പല മാധ്യമനിരൂപകരും ചൂണ്ടിക്കാണിക്കുന്ന സംഭവമാണ് 2007ലെ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ്. റേഡിയോ റൂസ്‌വെൽറ്റിനെയും ടെലിവിഷൻ കെന്നഡിയെയും സഹായിച്ചതിനു തുല്യമാണ് സാമൂഹ്യ മാധ്യമങ്ങൾ ഒബാമയെ തെരഞ്ഞെടുപ്പു വിജയത്തിന് സഹായിച്ചതെന്നാണ് പലരും നിരീക്ഷിച്ചിട്ടുള്ളത്. ഒബാമയുടെ യുവത്വ വും ചുറുചുറുക്കും പ്രഭാഷണ ചാതുരിയുമൊക്കെ ജനങ്ങളിലെത്തിച്ച് തെരഞ്ഞെടുപ്പ് രംഗത്ത് റിപ്പബ്ലിക്കൻ സ്ഥാനാർഥി ജോൺ മകെയ്നു മേൽ അധീശത്വം സ്ഥാപിക്കാൻ ഒബാമയെ ചെറുതായല്ല മാധ്യമങ്ങൾ സഹായിച്ചത്. അമേരിക്കൻ വോട്ടർമാരിൽ 90ശതമാനവും സാമൂഹ്യ മാധ്യമങ്ങളുമായി നിരന്തരം സംവദിക്കുന്നവരാണെന്നത് ഇതിന് ശക്തി പകരുകയും ചെയ്തു.

അമേരിക്കയെ അടുത്തകാലത്ത് വല്ലാതെ പിടിച്ചുകുലുക്കിയ വിക്കിലീക്സ് വെളിപ്പെടുത്തലുകൾ ഓക്യൂപൈ വാൾസ്ട്രീറ്റ് എന്ന പേരിൽ നടന്ന പ്രക്ഷോഭം, ടുണീഷ്യ, ഈജിപ്ത്, ലിബിയ, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിലെ ഭരണമാറ്റത്തിനിടയാക്കിയ തരത്തിലുള്ള

പ്രക്ഷോഭങ്ങൾ എന്നിവയിലും സാമൂഹ്യമാധ്യമങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. എന്തിനേറെ, അണ്ണാ ഹസാരെയുടെ സമരത്തിന് ഇന്ത്യൻ മനസ്സുകളിൽ സ്വീകാര്യത സൃഷ്ടിക്കുന്നതിലും സാമൂഹ്യമാധ്യമങ്ങളുടെ പങ്ക് നിർണായകം. 2011 മെയിൽ നടന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പിലും നിരവധി സ്ഥാനാർത്ഥികൾ പ്രചാരണത്തിന് സാമൂഹ്യമാധ്യമങ്ങളുടെ സാധ്യത നന്നായി പ്രയോജനപ്പെടുത്തുകയുണ്ടായി. യുവതലമുറയിൽപ്പെട്ട സ്ഥാനാർത്ഥികളാണ് ഈ സാധ്യത പ്രയോജനപ്പെടുത്തിയവരിൽ ഏറെയും എന്നത് ശ്രദ്ധേയമാണ്. സ്ഥാനാർഥികൾക്ക് വോട്ട് അഭ്യർത്ഥിച്ചുകൊണ്ടുള്ള റിങ് ടോണുകൾ അക്കാലത്ത് മൊബൈൽ ഫോണുകളിൽ സജീവമായിരുന്നു.

ഭരണകൂടങ്ങളെ മാറ്റിമറിക്കാൻ തക്കവണ്ണം ആശയരംഗത്ത് പ്രക്ഷോഭം സൃഷ്ടിക്കാൻ കഴിഞ്ഞ സാമൂഹ്യമാധ്യമങ്ങൾ (അറബ് ലോകത്തെ ഒരു യുവജന ഭൂകമ്പം (youth quake) പിടിച്ചുകുലുക്കുന്നുവെന്ന് ന്യൂസ് വീക്ക് വാരിക എഴുതിയത് ഓർക്കുക.) ദൈനംദിനം കൈകാര്യം ചെയ്യുന്നതിൽ ബഹുഭൂരിപക്ഷവും യുവാക്കളും പുതിയ തലമുറയിൽപ്പെട്ടവരുമാണ്. ഒരു ദിവസത്തെ കാത്തിരിപ്പിന് ശേഷം മാത്രം ലഭിക്കുന്ന പത്രങ്ങൾക്കോ നിശ്ചിത ഇടവേളകൾക്കുശേഷമുള്ള ടെലിവിഷൻ വാർത്താ ബുള്ളറ്റിനുകൾക്കോ വേണ്ടി കാത്തിരിക്കാതെ ഏതു സമയവും ആശയ സ്വീകരണത്തിനും ആശയപ്രചാരണത്തിനും വേദിയൊരുക്കുന്നു എന്നത് സാമൂഹ്യമാധ്യമങ്ങളെ കൂടുതൽ സ്വീകാര്യമാക്കുന്നുണ്ട്. പത്രങ്ങളുടെയും ടെലവിഷന്റെയും മുന്നിൽ വെറും വായനക്കാരനോ കാഴ്ച്ചക്കാരനോ മാത്രമാവുന്നയാൾക്ക് നേരിട്ട് ഇടപെടാനും സ്വയം പ്രകാശിതനാവാനും കഴിയുന്നുവെന്ന അധിക സാധ്യത സാമൂഹ്യമാധ്യമങ്ങളുടെ സവിശേഷതയാണ്. ഈ സാധ്യത തന്നെയാണ് പുതിയ തലമുറയെ ഇതിലേക്ക് കൂടുതലായി ആകർഷിക്കുന്നത്. അക്ഷരവും ചിത്രവും സംസാരവും സംഗീതവും ഒക്കെ ചേർന്ന് സൃഷ്ടിക്കുന്ന അത്യപൂർവമായ അനുഭവ സാകല്യവും ഇതിന്റെ ആകർഷണീയത വർധിപ്പിക്കുന്നുണ്ട്. കംപ്യൂട്ടർ വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗം തന്നെയായി മാറിയതും സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ പുതിയ തലമുറയെ ഏറെ മുന്നിലെത്തിക്കാൻ ഇടയാക്കി. ഈ മാധ്യമങ്ങളെ ഏതെല്ലാം രീതിയിലാണ് ഉപയോഗിക്കുന്നതിനെപ്പറ്റി വിപുലവും ശാസ്ത്രീയവുമായ പഠനങ്ങൾ കാര്യമായൊന്നും നടന്നിട്ടില്ല. എങ്കിലും ഇവയുടെ ഉപയോഗത്തെപ്പറ്റി പലവിധ ആശങ്കകളും സമൂഹം പങ്കുവെയ്ക്കുന്നുണ്ട്.

പ്രതിലോമകരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും ഭരണകൂടത്തിന്റെ നിലനിൽപ്പ് ചോദ്യം ചെയ്യുന്നതിനും സാമൂഹ്യമാധ്യമങ്ങളെ ഉപയോഗിക്കുന്നതായാണ് അടുത്തകാലത്തുണ്ടായ വലിയ ആക്ഷേപം. സോണിയാഗാന്ധിയുമായി ബന്ധപ്പെട്ടുണ്ടായ ചില പരാമർശങ്ങളുടെ പേരിൽ രാജ്യത്ത് സാമൂഹ്യമാധ്യമങ്ങളെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവരണമെന്ന തരത്തിൽ ചർച്ചകൾ ഉയർന്നതാണ്. എന്നാൽ മാധ്യമം എന്ന നിലയിൽ സാമൂഹ്യമാധ്യമങ്ങളെ നിയന്ത്രിക്കുന്നത് അഭിപ്രായ സ്വാതന്ത്ര്യത്തിന് എതിരാവുമെന്നും ഒരുതരത്തിൽ പത്രസെൻസറിങ്ങിനു തുല്യമായ അവസ്ഥയാണ് ഉണ്ടാക്കുകയെന്നും വിമർശനം ഉയർന്നതിനെ തുടർന്ന് നിയന്ത്രണ നീക്കം തൽക്കാലം ഉപേക്ഷിച്ച മട്ടാണ്. ആശയവിനിമയത്തിന്റെ അസാധാരണ സാധ്യതകൾ സാമൂഹ്യപരിവർത്തനം സാധ്യമാക്കുന്ന തരത്തിൽ പ്രയോജനം ചെയ്യുന്നുണ്ടെന്ന് പറയുമ്പോൾ തന്നെ ഇവയുടെ ആശാസ്യമല്ലാത്ത ഉപയോഗം ചില സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യവും മറക്കാൻ പാടില്ല. തെറ്റായ സന്ദേശങ്ങളുടെയും ജനവിരുദ്ധ ആശയങ്ങളുടെയും പ്രചാരണം, ബോധപൂർവമുള്ള അപവാദപ്രചാരണം, അശ്ലീല പ്രചാരണം, ജനങ്ങൾക്കിടയിൽ വംശ-വർഗ വൈരം സൃഷ്ടിക്കുന്നുവെന്ന പ്രചാരണം തുടങ്ങിയവക്കെതിരെ കർശന ജാഗ്രത പുലർത്തേണ്ടതാണ്. ഫേസ് ബുക്കിലും മറ്റും അപ്‌ലോഡ് ചെയ്യുന്ന ചിത്രങ്ങൾ (പ്രത്യേകിച്ച് പെൺകുട്ടികളുടേത്) മോർഫ് ചെയ്ത് വികൃതമാക്കിയും അശ്ലീല ചുവ ചേർത്തും പ്രചരിപ്പിക്കുന്നതു സംബന്ധിച്ച് ആക്ഷേപം മാത്രമല്ല, കേസുകളും നിരവധി ഉണ്ടായിട്ടുണ്ട്. കുറ്റാന്വേഷണ പ്രക്രിയയിൽ പൊലീസ് സൈബർ സെൽ സജീവമാക്കിയിരിക്കുന്നത് ഇതുകൊണ്ടാണ്. മാന്യമായി ജീവിക്കുന്ന പെൺകുട്ടികളുടെ ചിത്രങ്ങൾ ഇത്തരത്തിൽ മോശമായ സൂചനകളോടെ സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടതിനെ തുടർന്ന് അപമാനം സഹിക്കാതെ ആത്മഹത്യചെയ്ത സംഭവങ്ങളും നിരവധി. തമാശയായും കൗതുകത്തിനു വേണ്ടിയും വ്യാജ ഇ-മെയിൽ സന്ദേശങ്ങൾ രാഷ്ട്രപതിക്ക് വരെ അയച്ച് സൈബർ കേസിന്റെ പൊല്ലാപ്പിൽ കുടുങ്ങിയവരുടെ കഥകളും നാം കേട്ടു. ഈ കേസുകളിലൊക്കെ മിക്കവാറും പ്രതിസ്ഥാനത്തുവരുന്നത് പുതുതലമുറയിൽപ്പെട്ടവരാണെന്ന കാര്യവും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പുതുതലമുറക്കാർ മാത്രമല്ല, ഇവരിലേറെയും ഭേദപ്പെട്ട സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകളിൽ നിന്നുള്ളവരാണെന്നതും ശ്രദ്ധേയമാണ്.

കംപ്യൂട്ടറും ഇന്റർനെറ്റും ഉപയോഗിക്കുന്നതിൽ കുട്ടികൾ നേടുന്ന

അസാമാന്യപ്രാവീണ്യത്തെക്കുറിച്ച് ഊറ്റംകൊള്ളുന്നവരാണ് മാതാപിതാക്കളിലേറെയും. ചിലരാകട്ടെ ഈ പുതിയ മാധ്യമങ്ങൾക്കുനേരെ മുഖം തിരിഞ്ഞു നിൽക്കുന്നു. ഇതുരണ്ടും പക്ഷേ അതിരു കടന്ന സമീപനങ്ങളാണ്. ഇതിനു രണ്ടിനുമിടയിലെ മധ്യമാർഗമാണ് അഭികാമ്യം. പഠനത്തിനും വിവര–ആശയ രൂപീകരണത്തിനും കംപ്യൂട്ടറും ഇന്റർനെറ്റും നൽകുന്ന സേവനങ്ങൾ കാണാതിരുന്നുകൂട. അതിന് കുട്ടികളെ പ്രാപ്തമാക്കുംവിധം ഉപയോഗം സാധ്യമാക്കാനുള്ള ജാഗ്രതയാണ് രക്ഷിതാക്കളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. ഇതിനു പിന്നിലെ നിയന്ത്രണങ്ങൾക്കപ്പുറത്തുള്ള അപകട സാധ്യതകളെപ്പറ്റിയും മാതാപിതാക്കൾക്ക് ബോധ്യമുണ്ടാവണം. ഇന്റർനെറ്റിലെ വിവരശേഖരണം ഒരു ബൃഹത്തായ ഹോം ലൈബ്രറിക്ക് തുല്യമാണ്. പഠന സംബന്ധിയായ വിവര ശേഖരണത്തിന് ഇത്രത്തോളം സഹായകമായ മറ്റൊരു മാർഗവും ഇന്നില്ല താനും. ഈ ഗുണവശത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കുട്ടികളെ സഹായിക്കുകയാണ് അഭികാമ്യം.

സാമൂഹ്യ മാധ്യമങ്ങൾ പുതുതലമുറയുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തിന് ഗുണവും ദോഷവുമുണ്ടെന്നത് സത്യമാണ്. ഇതിൽ ഏതിന് പ്രാധാന്യം നൽകുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും ഇതുപയോഗിക്കുന്നതിലെ നന്മതിന്മകൾ തീരുമാനിക്കപ്പെടുക.

വിദ്യാഭ്യാസവും സാമൂഹ്യചലനങ്ങളും സ്വന്തം ജീവിതവുമായി വിളക്കിച്ചേർക്കുന്ന ആർക്കും അവഗണിക്കാനാവാത്തവിധം പ്രാധാന്യം കൈവരിച്ചിരിക്കുകയാണ് ഇന്ന് സാമൂഹ്യമാധ്യമങ്ങൾ. സ്വന്തം സ്വകാര്യതയിൽ ഇരുന്നുകൊണ്ടുതന്നെ സുഹൃത്തുക്കളുമായും പുറംലോകവുമായും ആശയങ്ങൾ പങ്കുവെയ്ക്കാനും സൗഹൃദം പുലർത്താനും കഴിയുന്ന മേഖലയാണിത്. അറിവിന്റെയും അനുഭവങ്ങളുടെയും പുത്തൻ ലോകങ്ങൾ സ്വന്തമാക്കാൻ വ്യക്തികളെ ഇത് സഹായിക്കുന്നു. വ്യക്തിജീവിതത്തിലെ ഏകാന്തതയും ബോറടിയും ഒഴിവാക്കാനും സാമൂഹ്യമാധ്യമങ്ങളിലെ ഇടപെടൽ സഹായകമാണ്. ബിസിനസ് സംരംഭങ്ങളുടെ വികസന സാധ്യതകൾ അന്വേഷിക്കാനും അറിയാനും ഏറ്റവും ഫലപ്രദമായ മാർഗമായും സാമൂഹ്യമാധ്യമങ്ങൾ പരിഗണിക്കപ്പെടുന്നുണ്ട്.

എന്നാൽ ഇതിന്റെ ദോഷവശങ്ങളും കാണാതിരുന്നുകൂട. ഇന്റർനെറ്റ് ബാങ്കിങ്ങും മറ്റും പ്രചുരപ്രചാരം നേടിയ ഈ കാലത്ത് സാമൂഹ്യമാധ്യമങ്ങളിൽ നിരന്തരം ഇടപെടുന്നവർ കബളിക്കപ്പെടാനുള്ള

സാധ്യതകളും ഏറെ. ഒരാളുടെ വ്യക്തിപരവും തൊഴിൽപരവുമായ വിവരങ്ങളും(ചിലപ്പോഴൊക്കെ രഹസ്യസ്വഭാവമുള്ളവയടക്കം) ചോർന്നുപോകാനുള്ള സാധ്യതയുണ്ട്. ഇ-മെയിൽ വിലാസവും പാസ്‌വേഡുമൊക്കെ ചോർത്തിയെടുത്ത് അപകടകരമാംവിധം ദുരുപയോഗം ചെയ്യുന്നതും കണ്ടുവരുന്നുണ്ട്. അശ്ലീല വെബ്സൈറ്റുകളിലും മറ്റും കടന്ന് ബാങ്ക് അക്കൗണ്ടിന്റെയോ ക്രെഡിറ്റ് കാർഡിന്റെയോ വിവരം നൽകി വഞ്ചിതരാകുന്നവരുടെ എണ്ണവും വർധിച്ചുവരുന്നുണ്ട്.

കൗമാരപ്രായത്തിലുള്ളവർ ഇത്തരം സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുമ്പോഴാണ് കൂടുതൽ ജാഗ്രത പുലർത്തേണ്ടത്. ഇന്റർനെറ്റ് സൈറ്റുകളിലെ അനന്തമായ അത്ഭുതങ്ങളെപ്പറ്റിയും അപകട സാധ്യതകളെപ്പറ്റിയും വേണ്ടത്ര ഗ്രാഹ്യമുള്ളവരല്ല കൗമാരക്കാർ. ശാരീരികവും മാനസികവും ചിന്താപരവുമായി ദാർഢ്യം കൈവന്നിട്ടില്ലാത്ത ഇത്തരക്കാരെ ഏതുതരത്തിലും സ്വാധീനിക്കാനും ദുരുപയോഗം ചെയ്യാനും കഴിയുന്ന ചതിക്കുഴികൾ ഇന്റർനെറ്റിന്റെ ലോകത്ത് ഏറെയാണ്. അതുകൊണ്ട് ഈ പ്രായത്തിലുള്ളവർ ഇത്തരം സൈറ്റുകൾ സന്ദർശിക്കുന്നത് കർശനമായി നിയന്ത്രിക്കുകയോ ചുരുങ്ങിയപക്ഷം ജാഗ്രതയോടെ നിരീക്ഷിക്കുകയോ ചെയ്യാനുള്ള ഉത്തരവാദിത്വം മുതിർന്നവർക്കും രക്ഷിതാക്കൾക്കുമുണ്ട്. ഇത്തരം മാധ്യമങ്ങളോട് അഡിക്ഷൻ ഉണ്ടാവുന്നതും ആശാസ്യമല്ല. അഡിക്ഷനു വിധേയരാവുന്നവർ മണിക്കൂറുകളോളം കംപ്യൂട്ടറുകൾക്കു മുന്നിൽ ചെലവഴിക്കുന്നത് മാനസികമായും ശാരീരികമായും അവരെ തളർത്തും. ഇത്തരക്കാർക്കും പൊണ്ണത്തടി ഉണ്ടാവാനുള്ള സാധ്യത കൂടുതലാണെന്ന് ഡോക്ടർമാർ പറയുന്നു. മധ്യവർഗത്തിലെ പുതുതലമുറയിൽപ്പെട്ടവർക്ക് പൊണ്ണത്തടി രോഗമെന്ന നിലയിൽത്തന്നെ വ്യാപിക്കുന്നതും ഇന്ന് സാധാരണമാണ്. ശാസ്ത്രീയ പഠനത്തിന്റെ പിൻബലമില്ലെങ്കിലും മണിക്കൂറുകൾ കംപ്യൂട്ടർ സ്ക്രീനിനു മുന്നിൽ ചെലവിടുന്ന കുട്ടിയുടെ കാഴ്ച ശക്തി മങ്ങുന്നതായും ചൂണ്ടിക്കാണിക്കപ്പെടുന്നു. അശ്ലീല സൈറ്റുകളിലേക്ക് ആകർഷിക്കപ്പെടുന്നതും അതുവഴി കൗമാരക്കാർ ദുരുപയോഗം ചെയ്യപ്പെടുന്നതും വർധിച്ചുവരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്.

ലഹരിമരുന്നു വിൽപ്പനക്ക് സാമൂഹ്യമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതായി ചില പഠനങ്ങൾ കണ്ടെത്തിയത് ഗൗരവപൂർവം കണക്കിലെടുക്കേണ്ടതുണ്ട്. ലഹരിമരുന്നു വിൽപ്പനയും ഉപയോഗവും നിരീക്ഷിക്കുന്നതിനുള്ള ഐക്യരാഷ്ട്രസഭയുടെ ഇന്റർനാഷണൽ നാർകോട്ടിക് കൺട്രോൾ ബോർഡി(ഐഎൻസിബി)ന്റെ റിപ്പോർട്ടിലാണ് ഈ മുന്നറിയിപ്പുള്ളത്. അനധികൃതമായി പ്രവർത്തി

ക്കുന്ന ചില ഫാർമസികൾ തങ്ങളുടെ ലഹരി മരുന്നിന്റെ പരസ്യം ചില സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട് പറയുന്നത്. യുട്യൂബ്, ഫെയ്സ് ബുക്ക് തുടങ്ങിയ ചില മാധ്യമങ്ങൾ ആദ്യം നിങ്ങളെ ചാറ്റിങ്ങിന് ക്ഷണിക്കുകയായിരിക്കും ചെയ്യുക. സാധാരണ സംഭാഷണത്തിന്റെ മട്ടിൽ ആരംഭിക്കുന്ന ചാറ്റിങ്ങ് കുറെ പുരോഗമിക്കുമ്പോഴാണ് ലഹരി ഉപയോഗത്തിന്റെ മേന്മകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. ഇതിനെതിരെ കർശനമായ നടപടിയെടുക്കാൻ ഐഎൻസിബി ഗവൺമെന്റുകളോട് ആവശ്യപ്പെടുകയുണ്ടായി. ഇത്തരം വ്യാജകമ്പനികൾ തപാൽമാർഗം അയക്കുന്ന 12000ത്തോളം ലഹരി പദാർഥങ്ങൾ 2010ൽ മാത്രം പിടിച്ചെടുത്തതായി ഐഎൻഎൻസിബി റിപ്പോർട്ടിൽ പറയുന്നു. ഇത്തരം വ്യാജ ലഹരിമരുന്നുകളുടെ വിൽപ്പനയിൽ മുൻപന്തിയിലുള്ള രാജ്യം ഇന്ത്യയാണെന്നും വിയന്ന കേന്ദ്രമായി പ്രവർത്തിക്കുന്ന ഐഎൻസിബി പറയുന്നു. പിടിച്ചെടുത്ത വ്യാജലഹരി മരുന്നുകളിൽ 58 ശതമാനവും ഇന്ത്യയിൽ നിന്നുള്ളവയായിരുന്നു. ചുരുക്കത്തിൽ ഇന്റർനെറ്റിനും അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സാമൂഹ്യമാധ്യമങ്ങൾക്കും രണ്ട് വശങ്ങളുണ്ട്. ഒന്ന് ഗുണപരമായ വശം, മറ്റൊന്ന് ദോഷങ്ങളോ അപകടങ്ങളോ സൃഷ്ടിക്കാൻ കഴിയുന്ന വശം. കത്തി എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ച് അതിന്റെ നന്മതിന്മകൾ തീരുമാനിക്കുന്നതുപോലെ ഇന്റർനെറ്റും സാമൂഹ്യമാധ്യമങ്ങളും എന്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണ് അതിന്റെ നേട്ട-കോട്ടങ്ങൾ വിലയിരുത്തപ്പെടുന്നത്. അപകടങ്ങൾ സൃഷ്ടിച്ചേക്കാനിടയുണ്ടെന്നു കരുതി ഇതിനു മുന്നിൽ വാതിലുകൾ കൊട്ടിയടക്കാൻ പുരോഗതി പ്രാപിച്ച ഒരു സമൂഹത്തിനു കഴിയില്ല. അപകടങ്ങൾ ചെറുക്കാനുള്ള ജാഗ്രത കാട്ടിക്കൊണ്ട് പ്രയോജനകരമാംവിധം അവയെ ഉപയോഗിക്കാൻ പുതുതലമുറയെ പ്രേരിപ്പിക്കുകയാണ് വേണ്ടത്.

അതിന് ആദ്യമായി ചെയ്യേണ്ടത് കൗമാരക്കാർ പുതിയ സാമൂഹ്യമാധ്യമങ്ങളുമായി നടത്തുന്ന ഇടപെടലിനെപ്പറ്റി രക്ഷിതാക്കളും അധ്യാപകരും ബോധവാന്മാരാവുകയാണ് വേണ്ടത്. അവരുടെ മാധ്യമ ഉപയോഗ രീതി (മീഡിയ ഹാബിറ്റ്) മനസ്സിലാക്കണം. ഒരു കാരണവശാലും ഒറ്റപ്പെട്ട മുറിയിലോ പ്രത്യേക മുറിയിലോ കംപ്യൂട്ടർ ഉപയോഗിക്കാൻ അവസരം നൽകാതിരിക്കണം. മാതാപിതാക്കൾക്കും മുതിർന്നവർക്കും കൂടി ഏതുസമയത്തും ഉപയോഗിക്കാൻ കഴിയുന്ന സ്ഥലത്ത് കംപ്യൂട്ടർ സംവിധാനം ഒരുക്കാൻ ശ്രദ്ധിക്കണം. കംപ്യൂട്ടറിലേക്ക് കടക്കാനുള്ള പാസ്‌വേഡ് ഒരു കാരണവശാലും കൗമാരക്കാർ രഹസ്യമാക്കി

വയ്ക്കാൻ അനുവദിച്ചുകൂടാ. ഇന്റർനെറ്റിന്റെ സാധ്യതകളെയും സാമൂഹ്യമാധ്യമ മേഖലയെയും പറ്റി കുട്ടികളുമായി തുറന്ന ചർച്ചകൾക്ക് വേദിയൊരുക്കാൻ മുതിർന്നവർക്ക് കഴിയണം. വിദ്യാഭ്യാസമൂല്യങ്ങൾക്ക് വില കൽപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുംവിധം വേണം ഇത്തരം ചർച്ചകൾ നടത്താൻ. സാമൂഹ്യ മാധ്യമങ്ങളിൽ കാണാനിടയാകുന്ന കാര്യങ്ങൾ വിശകലനം ചെയ്യാനും വേണമെങ്കിൽ വിമർശിക്കാനും കുട്ടികൾക്ക് അവസരം നൽകണം. കാണുന്ന കാഴ്ചകളിലെ യഥാതഥമായ കാര്യങ്ങളും ഭ്രമകൽപ്പനകളും വേർതിരിച്ചു മനസ്സിലാക്കാൻ കുട്ടികളെ പ്രേരിപ്പിക്കണം. സെക്സ്, വയലൻസ്,  പരസ്യം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിശേഷിച്ചും. അനന്തമായി ഇത്തരം മാധ്യമങ്ങളുമായി ഇടപെടുന്ന ശീലം ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കരുത്. ദിവസം പരമാവധി ഒന്നോ രണ്ടോ മണിക്കൂറിൽ താഴെയാക്കി ഇത് നിജപ്പെടുത്താൻ കഴിയണം. ഏതൊക്കെ സൈറ്റുകളും ഏതൊക്കെ സാമൂഹ്യമാധ്യമങ്ങളും സന്ദർശിക്കുന്നു എന്നതിന് രക്ഷിതാക്കൾ തന്നെ റോൾമോഡലുകളാവുന്നത് അഭികാമ്യമാണ്. ചില സൈറ്റുകളും അവയിലെ ഉള്ളടക്കങ്ങളും എന്തുകൊണ്ട് കണ്ടുകൂടാ എന്ന് കുട്ടികളെ യുക്തിസഹമായി ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ രക്ഷിതാക്കളിൽ നിന്നുണ്ടാവണം. മാധ്യമ അവബോധം സൃഷ്ടിക്കാൻ സ്കൂൾ തലത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നത് ആശാസ്യമായിരിക്കും. ഉത്തരവാദപ്പെട്ട മാധ്യമ ഉപയോഗം യാഥാർഥ്യമാക്കുന്നതിന് ആവശ്യമായ നിയമനിർമാണത്തെപ്പറ്റി ആലോചിക്കുന്നതും നന്നായിരിക്കും. ടെലിവിഷനിലും മറ്റും മദ്യത്തിന്റെയും സിഗരറ്റിന്റെയും പരസ്യം നിരോധിക്കുന്നതിന് നടപടിയുണ്ടാവണം. മദ്യത്തിന്റെ പരസ്യം ഇപ്പോൾ നേരിട്ട് കാണിക്കാറില്ലെങ്കിലും സോഡയുടെ പരസ്യം കാണിച്ച് മദ്യത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന അത്ഭുത വിദ്യയാണ് മാധ്യമങ്ങളിൽ കാണുന്നത്. സിഗരറ്റിന്റെ പരസ്യത്തിലും സമാനമായ തട്ടിപ്പ് പ്രകടമാണ്. സിഗരറ്റ് വലിച്ചാലുണ്ടാവുന്ന ഉന്മേഷത്തെയും ഊർജത്തെയും പറ്റി വാചാലമായി വലിയ അക്ഷരങ്ങളിൽ പറയുന്ന പരസ്യം ഏറ്റവും താഴെ പെട്ടെന്ന് ദൃഷ്ടിയിൽപ്പെടാത്തത്ര ചെറിയ അക്ഷരങ്ങളിലാണ്  സിഗരറ്റ് വലി ആരോഗ്യത്തിന്  ഹാനികരം  എന്ന നിയമപരമായ മുന്നറിയിപ്പ് നൽകുന്നത്. കുട്ടികളുടെയും കൗമാരക്കാരുടെയും ശാരീരിക-മാനസിക വളർച്ചയെ പുതിയ മാധ്യമങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു എന്നതിനെപ്പറ്റി കൂടുതൽ ഗവേഷണപഠനങ്ങൾ ഉണ്ടാവണം.

# 10. മാധ്യമക്കാഴ്ചകളിൽ മയങ്ങുന്നവർ

കേരളത്തിലെ പുതുതലമുറയിൽപ്പെട്ട എല്ലാവരും ജനിച്ചുവീണതും വളരുന്നതും 1980കളിലും അതിനുശേഷവുമാണ്. അതായത് ദൃശ്യമാധ്യമങ്ങളുടെ മഹാവിസ്ഫോടനത്തിനുശേഷം. ടെലിവിഷൻ സാങ്കേതികവിദ്യയിലും കംപ്യൂട്ടർ അധിഷ്ഠിത നവമാധ്യമ മേഖലയിലും വിസ്മയകരമായ വളർച്ചയുണ്ടായ കാലഘട്ടത്തിൽ. മലയാളിയുടെ ഭാഷയും സംസ്കാരവും ജീവിതചര്യകളും പ്രതീക്ഷകളും സ്വപ്നങ്ങളുമൊക്കെ അത്ഭുതകമരമായി മാറിക്കൊണ്ടിരിക്കുന്ന അന്തരാളഘട്ടമാണിത്. ടെലിവിഷനും കംപ്യൂട്ടറുമടക്കമുള്ള മാധ്യമ സന്നാഹങ്ങൾ ജീവിതത്തെ ചിട്ടപ്പെടുത്തുന്ന സന്ദർഭം കൂടിയാണിത്. 165 വർഷത്തെ ചരിത്രമുള്ള മാധ്യമ പാരമ്പര്യത്തിൽ ഒരിടത്തും കാണാത്ത മട്ടിൽ മാധ്യമങ്ങൾ ദൈനംദിന ജീവിതത്തെ സ്വാധീനിക്കുകയും നിർണയിക്കുകയും ചെയ്യുന്ന കാലം. ഈ മാധ്യമക്കാഴ്ചകളാവട്ടെ അത്യന്തം വിസ്മയാവഹവും പലപ്പോഴും യാഥാർഥ്യങ്ങളിൽ നിന്ന് അകലെയുമാണ്. ഇത്തരം കാഴ്ചകളിൽ അഭിരമിച്ച് ജീവിതപ്രതീക്ഷകൾ നെയ്തുകൂട്ടുന്നവരാണ് ഇന്നത്തെ തലമുറ.

ഏതു ചാനലുകളിലും മിന്നിമറയുന്ന കാഴ്ചകൾ വർണാഭമായ ആട്ടവും പാട്ടും നിറഞ്ഞതാണ്. യാഥാർഥ്യങ്ങളിൽനിന്ന് വളരെ അകലെയാണ് ഈ കാഴ്ചകളുടെ പരിസരം. ഇത്തരം പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് പുതുതലമുറയിൽപ്പെട്ടവർ ജീവിതത്തെ നോക്കിക്കാണുന്നതും ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷകൾ താലോലിക്കുന്നതും. ഇതു പലപ്പോഴും അവരുടെ ജീവിതത്തെ കൃത്രിമമായ അവസ്ഥയിലെത്തിക്കുന്നുണ്ടെന്നതാണ് വസ്തുത. കേരളത്തിന്റേയും മലയാളിയുടേയും ചരിത്രം ചോരയും കണ്ണീരും പുരണ്ട വഴികളുടേതാണ്. ഇതുപക്ഷേ പുതുതലമുറയിൽപ്പെട്ടവർ കാര്യമായി അറിയുന്നുണ്ടെന്ന് തോന്നുന്നില്ല. ഇന്നലെയുടെ ചരിത്രമറിഞ്ഞും ഉൾക്കൊണ്ടും

മാത്രമേ ഇന്നിനെ നേരിടാനും നാളെയുടെ സ്വപ്നങ്ങളിലേക്ക് ധീരമായി സഞ്ചരിക്കാനും കഴിയൂ.

കേരളം ഭ്രാന്താലയമെന്ന വിളിപ്പേരുകൊണ്ട് ആക്ഷേപിക്കപ്പെട്ട ഒരു കെട്ടകാലമുണ്ടായിരുന്നു. 19ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് വടക്കേ മലബാറിലെത്തിയ സ്വാമി വിവേകാനന്ദൻ ജാതീയമായ ഉച്ചനീചത്വങ്ങളും അനാചാരങ്ങളും അത്യാചാരങ്ങളുമൊക്കെ കണ്ട് മനംമടുത്താണ് കേരളത്തെ അങ്ങനെ വിളിച്ചതെന്ന് ചരിത്രകാരന്മാർ പറയുന്നു. ഇതുമാത്രമല്ല, മനുഷ്യർ എന്ന നിലയിലുള്ള സ്വാതന്ത്ര്യവും ജനാധിപത്യാവകാശങ്ങളുമൊക്കെ അന്യമായിരുന്നു ആ കാലത്ത്. എല്ലാവർക്കും ഒരുപോലെ പഠിക്കാൻ അവസരമുണ്ടായിരുന്നില്ല. പൊതുവഴിയിലൂടെ എല്ലാവർക്കും നടക്കാനും ക്ഷേത്രാരാധന നടത്താനും അന്ന് കഴിയുമായിരുന്നില്ല. ചില സമുദായങ്ങളിൽപ്പെട്ട പുരുഷന്മാർക്ക് മേൽമീശ വെക്കാനും സ്ത്രീകൾക്ക് മാറുമറയ്ക്കാനും അവകാശം നിഷേധിക്കപ്പെട്ടിരുന്നു. രാജാവിനും രാജാവിന്റെ പ്രതിപുരുഷനായ ദിവാനും സ്തുതി പാടിക്കൊണ്ടു മാത്രമേ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമായിരുന്നുള്ളൂ.

ഈ ദുരവസ്ഥയോട് പല തലങ്ങളിൽ കലഹിച്ചും പോരാടിയുമാണ് കേരളം മുന്നേറിയത്. സ്വാതന്ത്ര്യവും ജനാധിപത്യാവകാശങ്ങളും സ്ഥാപിച്ചെടുക്കുന്നതിനും മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും സഹായകമായ അന്തരീക്ഷം സംജാതമായത് ഇത്തരം പോരാട്ടങ്ങളിലൂടെയാണ്. നിരവധി പേരുടെ ചോരയും പ്രാണനും ഈ പോരാട്ടങ്ങളിൽ ബലിയർപ്പിക്കപ്പെട്ടു. അതിന്റെ ഈടുവയ്പ്പിലാണ് സ്വാതന്ത്ര്യത്തിന്റെയും സാമൂഹ്യനീതിയുടെയും ജനാധിപത്യ അവകാശങ്ങളുടെയും വിശാലലോകത്തേക്ക് കേരളം പദമൂന്നിയത്. നവോത്ഥാന കാലത്തടക്കം നടന്ന ഇത്തരം പോരാട്ടങ്ങൾക്ക് ഊർജവും ഉന്മേഷവും നൽകിക്കൊണ്ടാണ് അച്ചടി മാധ്യമങ്ങൾ വികസിച്ചതും മുന്നേറിയതും. അന്നത്തെ പത്രാധിപന്മാരും പത്ര ഉടമകളും(പത്രമുതലാളിയെന്ന് അക്കാലത്ത് ആരും അറിയപ്പെട്ടിരുന്നില്ല) രാജ്യത്തിന്റെ സ്വാതന്ത്ര്യവും ജനാധിപത്യ അവകാശങ്ങളും സംരക്ഷിക്കുക എന്ന ദൗത്യം സ്വയം ഏറ്റെടുത്തവരായിരുന്നു. പത്രപ്രവർത്തകർക്ക് സമൂഹത്തെ പുതുക്കിപ്പണിയാൻ (Journalists can reshape the society) കഴിയുമെന്ന് വിശ്വസിക്കുകയും അത് ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനുവേണ്ടി ജീവിതം നീക്കിവെക്കുകയും ചെയ്തവരായിരുന്നു അവർ. കോപ്പികളുടെ പ്രചാരക്കണക്കായിരുന്നില്ല, മറിച്ച് അവർ മുന്നോട്ടു

വച്ച ആശയങ്ങളും ഉയർത്തിയ ചോദ്യങ്ങളുമായിരുന്നു ഒരു തലമുറയുടെയാകെ ജീവിതത്തിന് ദിശാബോധം നൽകിയത്. ചുരുക്കത്തിൽ സാമൂഹിക ജീവിത മുന്നേറ്റവും പത്രപ്രവർത്തനവും പരസ്പരപൂരകങ്ങളായി മുന്നേറിയ കാലമായിരുന്നു അത്. അതുകൊണ്ടുതന്നെ സാമൂഹ്യോന്മുഖവും ജീവിതഗന്ധിയുമായ അന്നത്തെ പത്രപ്രവർത്തനം ഇന്നും ചരിത്രത്തിൽ തെളിയുന്നത് സ്വർണവർണങ്ങളോടെയാണ്.

ഇന്ന് അതിന് അടിമുടി മാറ്റം വന്നിരിക്കുന്നു. ലാഭചിന്തയും വിപണിവൽക്കരണവും ഇന്നത്തെ മാധ്യമപ്രവർത്തനത്തിന്റെ അലകും പിടിയും മാറ്റിയിരിക്കുന്നു. പത്ര ഉടമകളുടെ സ്ഥാനം പതുക്കെപ്പതുക്കെ പത്ര മുതലാളിയും അവിടെ നിന്ന് വളർന്ന് രാജ്യാന്തര കോർപറേറ്റ് ശക്തികളും കൈയ്യടക്കിയിരിക്കുന്നു. മാധ്യമപ്രവർത്തനം കൊണ്ട് ലാഭം കൊയ്യുക മാത്രമല്ല, അത് നിയന്ത്രിക്കുന്ന കോർപ്പറേറ്റ് ശക്തികൾ ആഗ്രഹിക്കുന്ന തരത്തിൽ ജനങ്ങളുടെ ഇച്ഛകളെയും താൽപര്യങ്ങളെയും മാറ്റി മറിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ തന്നെ സമ്മതി ഉൽപ്പാദിപ്പിച്ചുകൊണ്ട് വായനക്കാരനെയും പ്രേക്ഷകനെയും കോർപറേറ്റ് താൽപര്യങ്ങൾക്ക് വിധേയരാക്കുന്നു. ഇവിടെയാണ് സമ്മതിനിർമിതി (Manufacturing Consent) എന്ന ചോംസ്കിയൻ പ്രയോഗത്തിന്റെ സാംഗത്യം.

പത്രങ്ങളോ മാസികകളോ ടെലിവിഷനോ കംപ്യൂട്ടറോ ഏതുമാകട്ടെ ഇന്ന് അമേരിക്ക കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന രാജ്യാന്തര കോർപറേറ്റ് ശക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. മാധ്യമകുത്തകകളുടെ വളർച്ച (Monopolies) ബഹുമേഖലാ കുത്തകകളുടെ (Conglomeration)വളർച്ച, ബഹുരാഷ്ട്ര കുത്തകകളുടെ വളർച്ച (Transnationalization), വാണിജ്യവൽക്കരണം (Commercialization), എന്നിവ പുതിയ വാണിജ്യവക്താക്കളുടെ അടയാളവാക്യങ്ങളായി മാറി. മാധ്യമ കുത്തകകളുടെ വളർച്ചയുടെയും ആധിപത്യത്തിന്റെയും രീതിശാസ്ത്രം ബെൻ ബാഗ്ഡിക്കിയൻ മാധ്യമ കുത്തക (Media Monopoly) എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. അമേരിക്ക ഓൺലൈൻ-ടൈം വാർണർ, ന്യൂസ് കോർപറേഷൻ, ഡിസ്നി, സോണി, വിയാകോം, ബർടൽസ്മാൻ, എബിസി, ലിബർട്ടി മീഡിയ എന്നിങ്ങനെ വിരലിലെണ്ണാവുന്ന ആഗോള മാധ്യമ ഭീമന്മാരാണ് ഇന്ന് മാധ്യമരംഗം നിയന്ത്രിക്കുന്നത്. അതുകൊണ്ടുതന്നെ ഇവരുടെ അർത്ഥശാസ്ത്രം മാധ്യമങ്ങളുടെ മുഖമുദ്രയായി മാറുകയും ചെയ്യുന്നു.

ലാഘവവൽക്കരണം (Trivialisation) വാണിജ്യവൽക്കരണം (Commercialization) ചരക്കുവൽക്കരണം (Commodification) തുടങ്ങിയ കോർപറേറ്റ് സംജ്ഞകൾ ഇന്നത്തെ മാധ്യമങ്ങളുടെ രീതിശാസ്ത്രത്തിന് ചേരുന്നതായി മാറി. ജീവിതത്തെക്കുറിച്ച് അയഥാർഥവും സാങ്കൽപ്പികവും ആർഭാടപൂർണവുമായ ചിത്രങ്ങൾ സമ്മാനിക്കുന്ന തരത്തിൽ വാർത്തകളും മാധ്യമങ്ങളുടെ ഉള്ളടക്കങ്ങളും മാറുന്നത് ഇതുകൊണ്ടാണ്. സംഭവങ്ങൾ വാർത്താകഥനങ്ങൾ (News Stories) ആണെന്ന പ്രാഥമിക സങ്കൽപ്പനത്തിൽ നിന്ന് അവ കേവലം കഥകളും യക്ഷിക്കഥകളുമൊക്കെയായി മാറുന്നതിന്റെ പശ്ചാത്തലവും ഇതാണ്. പൈങ്കിളിവൽക്കരണ (Sensationalization) ത്തിന്റെ ആടയാഭരണങ്ങൾ വാർത്തകളിലും വരകളിലും ചിത്രങ്ങളിലുമൊക്കെ നിറഞ്ഞു നിൽക്കുന്നതിന്റെ അടിസ്ഥാനവും മറ്റൊന്നല്ല. പുതിയ തലമുറയെയും മാധ്യമങ്ങളെയും ബന്ധപ്പെടുത്തിയുള്ള ചിന്തകളിൽ ഈവക കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്. പഠനത്തിൽ കണ്ടെത്തിയ അനുമാനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാവുന്നതാണ്.

1. ടെലിവിഷനും ഇന്റർനെറ്റുമടക്കമുള്ള നവമാധ്യമങ്ങളുമായി ദൈനംദിനം സംവദിക്കാതെ മുന്നോട്ടുപോകാൻ കഴിയാത്ത നിലയിലാണ് ഇന്നത്തെ പുതിയ തലമുറ.
2. ഈ മാധ്യമങ്ങൾ കാഴ്ചവെക്കുന്ന ആശയങ്ങളും സന്ദേശങ്ങളും അവരുടെ നിത്യജീവിതത്തെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്നു.
3. ഗുണപരമായി സ്വാധീനിക്കാൻ കഴിയുന്നതുപോലെ തന്നെ ദോഷകരമായി ബാധിക്കുന്ന കാര്യങ്ങളും നവമാധ്യമങ്ങളിലുണ്ട്.
4. ഗുണപരമായ സ്വാധീനത്തെക്കാൾ ദോഷമുളവാക്കുന്ന സ്വാധീനത്തിനാണ് മുൻതൂക്കം.
5. പുത്തൻ മാധ്യമങ്ങളുമായുള്ള ദൈനംദിന ഇടപെടലുകൾ പുതിയ തലമുറയ്ക്ക് യാഥാർഥ്യത്തിനും അപ്പുറമുള്ള ഒരു ലോകമാണ് സമ്മാനിക്കുന്നത്.
6. ഇതുമൂലം പുതുതലമുറയിൽപ്പെട്ട ഭൂരിപക്ഷം പേരും സ്വന്തം ചരിത്രവും പാരമ്പര്യവും അറിയാതെ പോകുന്നു.
7. യാഥാർഥ്യങ്ങൾ കൃത്യമായി മനസ്സിലാക്കാൻ കഴിയാതെ പോകുന്ന ഇവർ ഒത്തിരി വ്യാമോഹങ്ങൾക്ക് അടിപ്പെടുകയും ഭാ

വനാപൂർണമായ ലോകത്ത് അഭിരമിക്കുകയും ചെയ്യുന്നു.

8. ജീവിതത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചുമുള്ള ഭാവി തലമുറയുടെ കാഴ്ചപ്പാടുകൾക്ക് ഗൗരവമില്ലാതെ വരുന്നു.

**<u>നിർദേശങ്ങൾ</u>**

1. പുതിയ മാധ്യമങ്ങളുടെ നന്മതിന്മകൾ ശരിയാംവിധം പുതുതലമുറയിലുള്ളവരെ ബോധ്യപ്പെടുത്താൻ ഗൗരവപൂർണമായ നടപടിയുണ്ടാവണം.
2. പുത്തൻ മാധ്യമങ്ങളുടെ സാങ്കേതികതയെപ്പറ്റി ബോധവൽക്കരണം നടത്തുമ്പോൾ അവയുടെ ഉള്ളടക്കത്തിന്റെ ന്യായാന്യായങ്ങളെപ്പറ്റിയും അറിവു പകരാൻ ശ്രമമുണ്ടാവണം.
3. ഏതുകാര്യത്തിനുമെന്നപോലെ ഇപ്പോഴത്തെ മാധ്യമങ്ങൾക്കും ഗുണവും ദോഷവുമുണ്ടെന്നും അവയിലെ ഗുണപരമായ കാര്യങ്ങൾക്കാണ് മുൻതൂക്കം നൽകേണ്ടതെന്നുമുള്ള ധാരണ ഉളവാക്കാൻ ശ്രമിക്കണം.
4. ടെലിവിഷനും കംപ്യൂട്ടറും ഇന്റർനെറ്റുമൊക്കെയുമായി ആവശ്യത്തിലേറെ നേരം ചെലവഴിക്കാൻ കുട്ടികൾക്ക് അവസരം നൽകാതിരിക്കണം.
5. കുട്ടികൾ ഇവ ഉപയോഗിക്കുന്നത് രക്ഷിതാക്കളും അധ്യാപകരും കർശനമായി നിരീക്ഷിക്കുന്നത് നന്നായിരിക്കും.
6. അശ്രദ്ധയോടെയും ആവേശത്തോടെയുമുള്ള ഇന്റർനെറ്റ് ഉപയോഗം അപകടക്കുരുക്കുകൾ ഉണ്ടാക്കുമെന്ന് കുട്ടികളെ ബോധ്യപ്പെടുത്താൻ കഴിയണം. ഇക്കാര്യത്തിൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും വലിയ പങ്കുണ്ട്.

<u>ഗ്രന്ഥസൂചിക</u>


1. അച്യുത് ശങ്കർ ഡോ. ഇൻഫർമേഷൻ ടെക്നോളജി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997
2. അനിൽകുമാർ എ വി ആലസ്യത്തിന്റെ ആൾക്കൂട്ടങ്ങൾ, എസ്പിസിഎസ്, 2001.
3. അനിൽകുമാർ വടവാതൂർ പത്രചരിത്രത്തിലെ ഓർമച്ചിത്രങ്ങൾ,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2006.
4. രവീന്ദ്രൻ കെ, ഇക്ബാൽ ബി ഡോ. ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും ഡിസി ബുക്സ്, 1999
5. റോബിൻ ജെഫ്രി ഇന്ത്യയിലെ പത്രവിപ്ലവം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2004
6. സജി മുളന്തുരുത്തി പത്രം, ചരിത്രം, പവനൻ., കേരള സാഹിത്യ അക്കാദമി, 2008
7. സെബാസ്റ്റ്യൻ പോൾ ഡോ. മാധ്യമ വിചാരം, ലാവണ്യ പബ്ലിക്കേഷൻസ്, 2008
8. ഷാജി ജേക്കബ് വിപരീതങ്ങൾ (മലയാളിയുടെ മാധ്യമ ജീവിതം) പരിധി പബ്ലിക്കേഷൻസ്, 2012
9. ഷിബു മുഹമ്മദ് ചരിത്രത്തിന്റെ മുദ്രണങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2007
10. തോമസ് ഐസക് ടി എം, ഡോ. ചന്ദ്രശേഖരൻ എൻ പി വ്യാജസമ്മതിയുടെ നിർമിതി, ചിന്ത പബ്ലിഷേഴ്സ്, 2009
11. വേണുഗോപാൽ ടി രാജദ്രോഹിയായ രാജ്യസ്നേഹി കേരള പ്രസ് അക്കാദമി, 1996
12. വിളനിലം ജെ വി മാധ്യമങ്ങളും ആനുകാലിക സാമൂഹ്യ പ്രശ്നങ്ങളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2005

13. Amal Datta : Effects of Television and the Viewers, Mittal Publications, New Delhi, 2007

14. Bagdikian B H : The Media Monopoly, 5th Ed, Boston Beacon Press 1997

15. Edward S Hermenn, Robert W McChesney : Global Media: The Coporate Missionaries of Capitalism, Paperback, Continnum 2004

16. Kenneth Stewart John Tebbel : Makers of Modern Journalism, Dept. of Journalism, New York University, 1995

17. Nalin Mehta : India on Television, Harper Collins, 2008.

18. Mac Luhan Marshall : Understanding Media, New York Mc Gravil, 1964

19. Nalini Rajan : 21st Century Journalism in India, Sage Publications, New Delhi, 2007

20. Peter. O. Orlic : Electronic Media Criticism, Focal Press, 1994

21. Pramod K Sinha : Elements of Electronic Media: Tools and Technique, Kanishka Publishers, 2007

മാധ്യമകാഴ്ചകളിൽ
മയങ്ങുന്നവർ

**കേരള പ്രസ് അക്കാദമി**
കാക്കനാട്, കൊച്ചി-30